കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

**കാസറഗോഡ് നഗരസഭ**

**ഓഡിറ്റ് റിപ്പോർട്ട് 2017-18**

**കാസറഗോഡ് നഗരസഭ ഓഡിറ്റ് കാര്യാലയം**

**e-mail : mlksd.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എസ്.എം.2/47/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,

നഗരസഭ ഓഡിറ്റ്

കാസറഗോഡ്

ഫോൺ : 04994-231260

ഇ.മെയിൽ : mlksd.ksad@kerala.gov.in

തീയതി : 29.03.2019

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

നഗരസഭ ഓഡിറ്റ് കാര്യാലയം

കാസറഗോഡ്.

ചെയർപേഴ്സൺ (സെക്രട്ടറി മുഖാന്തിരം),

കാസറഗോഡ് നഗരസഭ.

സർ,

വിഷയം : കാസറഗോഡ് നഗരസഭ 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

..................

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരള നഗരപാലിക നിയമം 295(4) -ാം വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാസറഗോഡ് നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23 (1) ൽ നിർദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം രേഖാമൂലം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി -പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങൾ 14(3), 15) ഓഡിറ്റ് റിപ്പോർട്ട് വാർഡ് സഭയിൽ ചർച്ച ചെയ്യേണ്ടതും അഭിപ്രായങ്ങളും ശുപാർശകളും നിർദ്ദേശങ്ങളും ശേഖരിക്കേണ്ടതുമാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെട്ട പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), ചട്ടം 223, 1997 ലെ കേരള മുനിസിപ്പാലിറ്റി - പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും -ചട്ടം 15(1), (2) എന്നിവ കൂടി കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

മുനിസിപ്പൽ ഓഡിറ്റ്, കാസർഗോഡ്.

പകർപ്പ്

*1 . സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

*2 . ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം)

*3 . ഡയറക്ടർ, നഗരകാര്യ വകുപ്പ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം)

*4 . റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ്, കോഴിക്കോട് (ഉപരിപത്രം സഹിതം)

*5 . കാര്യാലയ പ്രതി.

നം. കെഎസ്എ/കെഎസ്എം.2/49/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം
നഗരസഭ ഓഡിറ്റ് കാസറഗോഡ്
ഫോൺ : 04994-231260
mlksd.ksad@kerala.gov.in

തീയതി:29.03.2019

## കാസറഗോഡ് ജില്ലയിലെ കാസറഗോഡ് നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരള നഗരപാലിക നിയമം - വകുപ്പ് 295(4) 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം-വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

### ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

കാസറഗോഡ് നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, KLGSDP ഗ്രാന്റ്, മെയിന്റനൻസ് ഫണ്ട് , കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

കാസറഗോഡ് നഗരസഭയുടെ 01.04.2017 മുതൽ 31.03.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് , വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതാതു സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭാ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 72 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിന് മാത്രമേ മറുപടി ലഭ്യമാക്കിയിട്ടുള്ളൂ. ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്ക് നൽകിയ മറുപടികൾ കൂടി പരിഗണിച്ച ശേഷമുള്ള പ്രധാനപ്പെട്ട പരാമർശങ്ങളാണ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലാണ് ഈ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാകാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമുണ്ടായിരിക്കുന്നതല്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം.

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : **ശ്രീ. ടി.കെ.ഹരികുമാർ**

**ഡെപ്യൂട്ടി ഡയറക്ടർ,**

ഓഡിറ്റിന് വിനിയോഗിച്ച സമയം : 01.06.2018 മുതൽ 15.02.2019

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ :

| പേര് | തസ്തിക | കാലയളവ് |
|---|---|---|
| ശ്രീമതി.ഷൈമകുമാരി.എസ്.എൽ | ഓഡിറ്റ് ഓഫീസർ | 01.06.2018മുതൽ 23.07.2018വരെ |
| ശ്രീമതി.രബിത.ടി.പി | ഓഡിറ്റ് ഓഫീസർ | 23.07.2018 AN മുതൽ 31.08.2018 വരെ |
| ശ്രീമതി.പത്മാസിനി നായർ | ഓഡിറ്റ് ഓഫീസർ | 19.09.2018 മുതൽ 15.02.2019വരെ |
| ശ്രീ.ജയാനന്ദ.എച്ച് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ | 01.06.2018 മുതൽ 15.02.2019വരെ |
| ശ്രീ.ബാബു.എം | സീനിയർ ഗ്രേഡ് ഓഡിറ്റർ | 01.06.2018 മുതൽ 07.09.2018 വരെ |
| ശ്രീ.ഈശ്വരൻ നമ്പൂതിരി.ടി.സി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ | 11.09.2018 മുതൽ 15.02.2019വരെ |
| ശ്രീമതി.ലിൻഷ.ടി.എ | ഓഡിറ്റർ | 01.06.2018 മുതൽ15.02.2019വരെ |

### (ബി)നിർവ്വഹണാധികാരികൾ.

| | | |
|---|---|---|
| ചെയർമാൻ | ശ്രീമതി.ബീഫാത്തിമ ഇബ്രാഹിം | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ഇ.വിൻസെന്റ് (പി.എ.ടു സെക്രട്ടറി, സെക്രട്ടറിയുടെ അധിക ചുമതല) | 01.04.2017 മുതൽ 10.05.2017 വരെ |
| | ശ്രീ.സജീകുമാർ.വി | 11.05.2017 മുതൽ 31.03.2018 വരെ |

**(സി) നിർവ്വഹണ ഉദ്യോഗസ്ഥർ.**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| മുനിസിപ്പൽ എഞ്ചിനീയർ | ശ്രീ.ബാബു നന്ദകുമാർ.പി.ടി (അസിസ്റ്റന്റ് എഞ്ചിനീയർ) | 01.04.2017 മുതൽ 16.11.2017 വരെ |
| | ശ്രീ.കമലാക്ഷൻ പാലേരി (അസിസ്റ്റന്റ് എഞ്ചിനീയർ) | 21.07.2017 മുതൽ 05.10.2017 വരെ |
| | ശ്രീ.ഗംഗാധനരൻ.ജി , ഓവർസീയർ ഗ്രേഡ് 2 (അധിക ചുമതല) | 17.11.2017 മുതൽ 20.12.2017 വരെ |
| | ശ്രീ.നിധീഷ്.വി.എസ് (അസിസ്റ്റന്റ് എഞ്ചിനീയർ) | 21.12.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.എ.വി.ലീല | 01.04.2017 മുതൽ 31.05.2017 വരെ |
| | ശ്രീ.രാജീവൻ സി.എച്ച് (അധിക ചുമതല) | 01.06.2017 മുതൽ 07.09.2017 വരെ |
| | ശ്രീമതി.വസന്തകുമാരി.എൻ | 08.09.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സബീന | 01.04.2017 മുതൽ 31.03.2018 വരെ |
| സി.ഡി.എസ് മെമ്പർ സെക്രട്ടറി | ശ്രീ.കെ.പി.പത്മരാജൻ ജെ.എച്ച്.ഐ ഗ്രേഡ് I (അധിക ചുമതല) | 01.04.2017 മുതൽ 07.10.2017 വരെ |
| | ശ്രീ.സുർജിത്.കെ.സോമൻ ജെ.എച്ച്.ഐ ഗ്രേഡ് I (അധിക ചുമതല) | 08.10.2017 മുതൽ 10.10.2017 വരെ |
| | ശ്രീ.അജീഷ്.എ.ആർ, ജെ.എച്ച്.ഐ ഗ്രേഡ് 2 (അധിക ചുമതല) | 11.10.2017 മുതൽ 31.03.2018 വരെ |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീ.സിബി സോമൻ | 01.04.2017 മുതൽ 09.05.2017 വരെ |
| | ശ്രീ.അനീഷ്കുമാർ.എ | 10.05.2017 മുതൽ 25.12.2017 വരെ |
| | ശ്രീ.അനിൽകുമാർ.ജി | 26.12.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ:പ്രശാന്ത് .എസ് | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ: എസ്.വിജയ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ജനറൽ ഹോസ്പിറ്റൽ) | ഡോ: രാജാറാം | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെൽത്ത് സൂപ്പർവൈസർ | ശ്രീ.ബിജു.ബി | 01.04.2017 മുതൽ 17.10.2017 വരെ |
| | ശ്രീ.അബ്ദുറഹിമാൻ.വി.പി | 17.10.2017 മുതൽ 31.03.2018 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ.പി.ബി.ബഷീർ | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ:ബാലചന്ദ്രറാവു | 01.04.2017 മുതൽ 31.03.2018 വരെ |

**ഉള്ളടക്കം.**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |

| | | |
|---|---|---|
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 1-8 |
| 9 | ക്ഷേമ പദ്ധതികൾ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | വസ്തുനികുതി നിരക്ക് - പരിഷ്കരിച്ചിട്ടില്ല. | 1-11 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-12 |
| | ഭാഗം – 2 | |
| 13 | വസ്തു നികുതി പരിഷ്കരണം പൂർത്തീകരിച്ചിട്ടും അനധികൃത കെട്ടിടങ്ങളിൽ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. നഗരസഭയ്ക്ക് വൻ വരുമാന നഷ്ടം. | 2-1 |
| 14 | പൂർത്തിയാക്കിയ പ്രവൃത്തികൾക്ക് ടെണ്ടർ/ഇ ടെണ്ടർ നോട്ടീസ് ക്ഷണിച്ചത് - ഓഡിറ്റ് പരാമർശങ്ങൾക്ക് വിധേയമായി ഒഴിവാക്കിയത് സംബന്ധിച്ച്. | 2-2 |
| 15 | വ്യവസായ എസ്റ്റേറ്റിൽ സ്ഥലം ലീസിനു നൽകിയത് അനധികൃതമായി അധിക സ്ഥലം ഉപയോഗിച്ചത് - നടപടി സ്വീകരിക്കുന്നില്ല. | 2-3 |
| 16 | പുതിയ ബസ് സ്റ്റാന്റ് കടമുറികൾ - നടപ്പാത കൈയേറിയുള്ള വ്യാപാരം - കാൽനട യാത്ര ദുരിതം | 2-4 |
| 17 | രശീതി പിരിവ് -രശീതി തീയതിയിൽ തിരുത്തൽ വരുത്തി പണം വൈകി ഒടുക്കുന്നതും മറ്റ് അപാകതകളും- സംബന്ധിച്ച് | 2-5 |
| 18 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കേണ്ടതാണ് | 2-6 |
| 19 | തൊഴിൽ നികുതി പിരിച്ചെടുക്കാൻ നഗരസഭ നടപടി സ്വീകരിച്ചിട്ടില്ല | 2-7 |
| 20 | വാണിജ്യസ്ഥാപനങ്ങളുടെ തൊഴിൽ നികുതി രജിസ്റ്റർ അപൂർണം | 2-8 |
| 21 | കെട്ടിട നിർമാണ പെർമിറ്റ് – എഫ്.എ.ആറിന് ആനുപാതികമായി തുക ഈടാക്കാത്തതിനാൽ 14,07,050/- രൂപ നഷ്ടം | 2-9 |
| 22 | സ്റ്റേഡിയം സ്ക്വയർ പദ്ധതി - നഗരസഭയുടെ താൽപര്യം സംരക്ഷിച്ചിട്ടില്ല | 2-10 |
| 23 | വസ്തുനികുതി നിരക്ക് - പരിഷ്കരിച്ചിട്ടില്ല. | 2-11 |
| 24 | ഡി & ഒ ലൈസൻസ് പുതുക്കുന്നതിലെ അനാസ്ഥ – നഗരസഭയ്ക്ക് വരുമാന നഷ്ടം | 2-12 |
| 25 | ഡി&ഒ ലൈസൻസ് ഫീസ് പുതുക്കി നിശ്ചയിച്ചുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല – ചട്ടലംഘനം. | 2-13 |
| 26 | ഡി&ഒ ലൈസൻസ് ഫീസ് - മുൻ വർഷത്തേക്കാൾ കുറഞ്ഞ തുക ഈടാക്കി - നഗരസഭാ ഫണ്ടിന് വരുമാന നഷ്ടം. | 2-14 |
| | ഭാഗം -3 | |
| 27 | സീ വ്യൂ പാർക്ക് രണ്ടാം ഘട്ട വികസനം - ടൈൽ പാകൽ - | 3-1 |

| | | |
|---|---|---|
| | പ്രവൃത്തിയുടെ ഗുണനിലവാരം ഉറപ്പ് വരുത്തിയിട്ടില്ല | |
| 28 | ഡെപ്പോസിറ്റ് പ്രവൃത്തി - കരാറുടമ്പടി ഇല്ലാതെ തുക ചെലവഴിച്ചതും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതും സംബന്ധിച്ച് - ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 3-2 |
| 29 | ഡി.പി.സി. അംഗീകാരമില്ലാതെ പദ്ധതികൾ നടപ്പാക്കുന്നു. സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല | 3-3 |
| 30 | തെരുവ് വിളക്ക് പരിപാലനം - AMC വ്യവസ്ഥയിൽ 2014-15 മുതൽ തുടർച്ചയായി സ്വകാര്യ വ്യക്തിക്ക് കരാർ നൽകിയതും സർക്കാർ നിർദ്ദേശം പാലിക്കാത്തത് സംബന്ധിച്ചും | 3-4 |
| 31 | പൊതുടാപ്പ് വെള്ളക്കരം - പിഴ ഇനത്തിൽ നഗരസഭ ഫണ്ടിൽ നിന്നും ഒടുക്ക് വരുത്തിയ തുക തിരിച്ചടയ്ക്കേണ്ടതാണ് | 3-5 |
| 32 | അകാരണമായി പ്രവൃത്തി വൈകിയതിന് പിഴ ഈടാക്കിയിട്ടില്ല - എസ്റ്റിമേറ്റിലെ പ്രധാന ഇനങ്ങൾ ചെയ്തിട്ടില്ല | 3-6 |
| 33 | ദീർഘീകരണം ലഭ്യമാക്കാതെയും സമയബന്ധിതമായി പൂർത്തിയാക്കാതെയും നടത്തിയ മരാമത്ത് പ്രവൃത്തികളുടെ തുക അനുവദിച്ചു പിഴ ഈടാക്കുകയോ നഷ്ട പരിഹാരം ഈടാക്കുകയോ ചെയ്തിട്ടില്ല | 3-7 |
| 34 | നഗരസഭയിലെ അങ്കണവാടികൾ - പരാധീനതകൾ പരിഹരിക്കപ്പെട്ടില്ല | 3-8 |
| 35 | തെരുവ് വിളക്ക് വൈദ്യുതി ചാർജ് ഭീമമായ ചെലവ് - സോളാർ സ്ട്രീറ്റ് ലൈറ്റ് സംവിധാനം പ്രാവർത്തികമാക്കാവുന്നതാണ് | 3-9 |
| 36 | സ്റ്റേഡിയം സ്ക്വയർ പദ്ധതി - നഗരസഭയുടെ താൽപര്യം സംരക്ഷിച്ചിട്ടില്ല | 3-10 |
| 37 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ പദ്ധതി - മരുന്ന് ലഭ്യമായിട്ടില്ല | 3-11 |
| 38 | ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതി - മരുന്ന് പൂർണമായും ലഭ്യമാക്കിയിട്ടില്ല | 3-12 |
| 39 | ബൈദർക്കള ക്ഷേത്രത്തിനടുത്തുള്ള തോടിന് സ്ലാബ് നിർമിക്കുന്ന പ്രവൃത്തി | 3-13 |
| 40 | ക്വട്ടേഷൻ നോട്ടീസ് പ്രസിദ്ധീകരിക്കുന്നതിനു മുൻപ് ക്വട്ടേഷൻ സ്വീകരിച്ചത് തെറ്റായ നടപടി | 3-14 |
| 41 | മുൻകൂറുകൾ യഥാസമയം ക്രമീകരിച്ചിട്ടില്ല – സ്രക്കാർ ഉത്തരവ് ലംഘനം | 3-15 |
| 42 | വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല | 3-16 |
| 43 | ഭവന നിർമാണം പൂർത്തീകരിച്ചിട്ടില്ല | 3-17 |
| 44 | വനിതകൾക്ക് വീട് പുനരുദ്ധാരണ ധനസഹായം - സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ച രേഖകളില്ലാതെ പണം നൽകിയത് - തുക തടസ്സപ്പെടുത്തുന്നു. | 3-18 |
| 45 | ഭവന നിർമാണം - ഗുണഭോക്താക്കൾക്ക് പണം നൽകിയ വിവരം രജിസ്റ്ററിൽ ചേർത്തിട്ടില്ല – ചെലവ് തടസ്സപ്പെടുത്തുന്നു. | 3-19 |

| | | |
|---|---|---|
| 46 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ട്യൂഷൻ സംവിധാനം ഏർപ്പെടുത്തൽ പദ്ധതി- തുക വകമാറ്റി ചെലവഴിച്ചു- 5,00,000/-രൂപ തടസ്സപ്പെടുത്തുന്നു. | 3-20 |
| 47 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിന് മേശയും കസേരയും വിതരണം പദ്ധതി- അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു. | 3-21 |
| 48 | പൊതുടാപ്പ് വെള്ളക്കരം - പദ്ധതിയിൽ തുക വകയിരുത്തിയിട്ടും തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചത് - സംബന്ധിച്ച് | 3-22 |
| 49 | ഗുണഭോക്തൃ ലിസ്റ്റിലെ മുൻഗണനാക്രമം പാലിക്കാതെ ആനുകൂല്യം നൽകി - വാർഡുസഭയുടെ അംഗീകാരം ലഭ്യമാക്കിയിട്ടില്ല - 3,00,000/-രൂപ തടസ്സപ്പെടുത്തുന്നു. | 3-23 |
| 50 | പട്ടികജാതി കുടുംബങ്ങളുടെ വീട് വൈദ്യുതീകരണം - വയറിംഗ് പ്രവൃത്തി നടത്താത്ത വ്യക്തികൾക്കും മതിയായ രേഖകൾ ഹാജരാക്കാത്ത വ്യക്തികൾക്കും മുഴുവൻ തുകയും നൽകി- മാർഗ്ഗരേഖകളുടെ ലംഘനം- തുക തടസ്സപ്പെടുത്തുന്നു. | 3-24 |
| 51 | പൊതുടാപ്പ് വെള്ളക്കരം - പിഴ ഇനത്തിൽ നഗരസഭ ഫണ്ടിൽ നിന്നും ഒടുക്ക് വരുത്തിയ തുക തിരിച്ചടയ്ക്കേണ്ടതാണ് | 3-25 |
| 52 | പൊതുടാപ്പ് വെള്ളക്കരം - സംയുക്ത പരിശോധന നടത്തിയിട്ടില്ല. | 3-26 |
| 53 | ഗുണഭോക്തൃ സമിതി മുഖേനയുള്ള നിർമാണ പ്രവൃത്തികളുടെ പണമിടപാട് നടത്തിയത് കണവീനറുടെ സ്വന്തം പേരിലുള്ള അക്കൗണ്ട് വഴി - ഗുണഭോക്തൃ സമിതി മാർഗരേഖയ്ക്ക് വിരുദ്ധം -ചെലവ് തുക 8,69,483/- രൂപ ഓഡിററിൽ തടസ്സപ്പെടുത്തുന്നു. | 3-27 |
| 54 | ഡിവൈഡർ സ്ട്രീറ്റ് ലൈറ്റ് റിപ്പയർ പ്രവൃത്തി -ലൈസൻസുള്ളഅംഗീകൃത കരാറുകാരിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല ചെലവ്തുക 4,64,800 തടസ്സപ്പെടുത്തുന്നു. | 3-28 |
| 55 | പൊയക്കര പാർക്ക് നവീകരണം -അപാകതകൾ | 3-29 |
| 56 | പി .എം.എ വൈ പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ - 10,50,000/- രൂപ തടസ്സപ്പെടുത്തുന്നു. | 3-30 |
| 57 | ദേശീയ ഉപജീവന മിഷൻ - തെരുവ് കച്ചവടക്കാരുടെ പുനരധിവാസം : പദ്ധതി രൂപരേഖയ്ക്ക് അംഗീകാരം ലഭ്യമാകുന്നതിൽ കാലതാമസം | 3-31 |
| 58 | തെരുവോര കച്ചവട പുനരധിവസം -രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ തെരുവോര കച്ചവടക്കാരിൽ നിന്നും ഈടാക്കിയ തുക നഗരസഭ ഫണ്ടിലൊടുക്കാതെ ചെലവ് നടത്തിയത് ചട്ടവിരുദ്ധം. വിശദീകരണം ലഭ്യമാക്കിയിട്ടില്ല. | 3-32 |
| 59 | കുടിവെള്ള വിതരണം നടത്തിയതിന് തുക നൽകിയതിൽ ആദായനികുതി - കുറവ് ചെയ്തിട്ടില്ല | 3-33 |
| 60 | ശുചിത്വമിഷൻ ഫണ്ടിൽ നിന്നും ചെലവഴിച്ച 627000/- രൂപയുടെ രേഖകൾ ഹാജരാക്കിയിട്ടില്ല : തുക തടസ്സപ്പെടുത്തുന്നു. | 3-34 |
| 61 | ജീവനക്കാരുടെ പെൻഷൻ വിഹിതം ഒടുക്കുന്നില്ല - പെൻഷൻ ഫണ്ട് ആരംഭിച്ചിട്ടില്ല | 3-35 |
| 62 | പട്ടികജാതി കുടുംബങ്ങൾക്കുള്ള ഭവന പുനരുദ്ധാരണം | 3-36 |

| | | |
|---|---|---|
| | പദ്ധതി (സ്പിൽ ഓവർ) നടപ്പാക്കിയതിലഅപാകതകൾ - ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു. | |
| 63 | പട്ടികജാതി കുടുംബങ്ങളുടെ വീട് വൈദ്യുതീകരണം പദ്ധതി- മതിയായ രേഖകൾ ഹാജരാക്കാത്ത വ്യക്തികൾക്ക് ആനുകൂല്യം നൽകി - മാർഗരേഖകളുടെ ലംഘനം - തുക തടസ്സപ്പെടുത്തുന്നു. | 3-37 |
| 64 | പട്ടികജാതി കുടുംബങ്ങളുടെ ഭവന നിർമാണ ധനസഹായം - മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കി- 1200000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.. | 3-38 |
| 65 | പട്ടികജാതി കുടുംബങ്ങളുടെ വീട് വൈദ്യുതീകരണം - വയറിംഗ് പ്രവൃത്തി നടത്താത്ത വ്യക്തികൾക്ക് തുക നൽകി - 10000/- രൂപ നിരാകരിക്കുന്നു. | 3-39 |
| 66 | മരാമത്ത് പ്രവൃത്തി - പൂർത്തീകരണത്തിലെ അപാകത – തുടർനടപടി സംബന്ധിച്ച വിവരം ലഭ്യമല്ല | 3-40 |
| 67 | വാട്ടർ മീറ്ററുകൾ പ്രവർത്തനരഹിതമായതുകാരണം വെള്ളക്കരമിനത്തിൽ കൂടുതൽ തുക അടയ്ക്കേണ്ടതായി വരുന്നു. | 3-41 |
| 68 | മാലിന്യ സംസ്കരണം – അവലോകനം. | 3-42 |
| | ഭാഗം 4 | |
| 69 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 70 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 71 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 72 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 73 | സ്ഥിര നിക്ഷേപം | 4-5 |
| 74 | ഓഡിറ്റ് റിക്കവറി | 4-6 |
| 75 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 76 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 77 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 78 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 79 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം -1 |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

കാസറഗോഡ് നഗരസഭയുടെ 2017-18 വർഷത്തെ ബജറ്റ് 25.03.2017 ലെ ഭരണസമിതി തീരുമാനം നമ്പർ 1 പ്രകാരം അംഗീകരിക്കുകയുണ്ടായി. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | ₹8,06,80,676 |
| വരവ് | ₹46,08,60,000 |
| ആകെ | ₹54,15,40,676 |
| ചെലവ് | ₹49,98,95,000 |
| നീക്കിയിരിപ്പ് | ₹4,16,45,676 |

ഓഡിറ്റ് വർഷത്തെ പുതുക്കിയ ബജറ്റ് 23.03.2018ലെ ഭരണസമിതി തീരുമാനം നമ്പർ 1പ്രകാരം അംഗീകരിക്കുകയുണ്ടായി.പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | ₹3,24,92,747 |
| വരവ് | ₹40,46,07,644 |
| ആകെ | ₹43,71,00,391 |
| ചെലവ് | ₹36,55,99,924 |
| നീക്കിയിരിപ്പ് | ₹7,15,00,467 |

2017-18 ലെ വാർഷിക ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകൾ യഥാർത്ഥ വരവ് ചെലവുമായി പൊരുത്തപ്പെടുന്നില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ഇനം | ബജറ്റ് പ്രകാരമുള്ളത് | യഥാർത്ഥ വരവ്- ചെലവ് |
|---|---|---|
| വരവ് | 40,46,07,644 | 26,01,71,084 |
| ചെലവ് | 36,55,99,924 | 24,76,63,628 |

തൻവർഷത്തെ യഥാർത്ഥ വരവ് പ്രതീക്ഷിത വരവിന്റെ 64% മാത്രമാണ്. യഥാർത്ഥ ചെലവാകട്ടെ പ്രതീക്ഷിത ചെലവിന്റെ 68% വും. ഈ സാഹചര്യത്തിൽ ബജറ്റ് തയ്യാറാക്കുന്നത് വസ്തുനിഷ്ഠമായ പരിശോധനയുടെ അടിസ്ഥാനത്തിലല്ല എന്ന് വിലയിരുത്തുന്നു. ബജറ്റ് നിർദ്ദേശങ്ങൾ വസ്തുനിഷ്ഠമായി തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. വിവിധ ഇനങ്ങളിലുള്ള പ്രതീക്ഷിത വരവു ചെലവുകൾ യാഥാർത്ഥ്യത്തിൽ നിന്നും ഏറെ അകലെയാണ്. ബജറ്റ് പരമാവധി കൃത്യതയോടെ നിർവഹിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ കൗൺസിലിന്റെയും സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും സവിശേഷ ശ്രദ്ധ പതിയേണ്ടിയിരിക്കുന്നു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 31.07.2018 | --- | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 29.08.2018, 30.08.2018 | കെഎസ്എ.കെ.,എസ്.എം.2/378/2018<br>തീയതി: 01.09.2018 |

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക ധനകാര്യപത്രിക പരിശോധനവേളയിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

<u>ബാലൻസ് ഷീറ്റിലെ അപാകതകൾ</u>

1. ഷെഡ്യൂൾ B-4 ൽ സ്പെസിഫിക് പർപ്പസ് ഗ്രാന്റുകൾ എന്ന് ഹെഡ്ഡിലുള്ള താഴെ പറയുന്ന തുകകളുടെ വിശദാംശം ലഭ്യമല്ല.

| Code No. | Details | Amount |
|---|---|---|
| 320100100 | Grants, contribution for specific purpose – Central Government | 2,14,51,732 |
| 320200106 | Development Fund – Special Grant – Capital | 22,51,061 |
| 320500100 | Welfare bodies | 68,343 |
| 320801000 | Beneficiary Contribution | 22,59,850 |
| 320802000 | Grant for projects | 20,64,270 |
| 320809900 | Other Grant & Contribution for specific purpose | 1,92,05,500 |

2. ഷെഡ്യൂൾ B7 പ്രകാരം വിവിധയിനങ്ങളിലായി തൻവർഷം ലഭിച്ച ഡെപ്പോസിറ്റുകളിൽ 1,43,83,808/-രൂപ നീക്കിയിരിപ്പുണ്ട്.

എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ തൻവർഷം സംക്ഷിപ്തം രേഖപ്പെടുത്താത്തതിനാലും ഓരോ ഇനങ്ങളും പ്രത്യേകമായി എഴുതി സൂക്ഷിക്കാത്തതിനാലും വാർഷിക കണക്കിൽ രേഖപ്പെടുത്തിയ തുകകളുടെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

3. B – 11 ഷെഡ്യൂളുകളിൽ നഗരസഭയുടെ അധീനതയിലുള്ള സ്ഥിര ആസ്തികളിൽ താഴെ പറയുന്നവ 2016-17 ൽ രേഖപ്പെടുത്തിയ അതേ തുക തന്നെയാണ് 2017-18 ലും ഉള്ളത്. 31.03.2018 വരെ സൂക്ഷിച്ച നഗരസഭയുടെ ആസ്തി ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശം ചുവടെ കൊടുക്കുന്നു. (ചില ഉദാഹരണങ്ങൾ)

| Code No | Details | Amount |
|---|---|---|
| 410100100 | Land – Municipality | 4,37,00,000 |
| 410100104 | Parking lots | 75,047 |
| 410200108 | School building | 28,10,715 |
| 410200100 | Building – municipality | 1,07,03,087 |
| 410200199 | Other building | 56,93,037 |
| 410300100 | Concrete road | 4,67,664 |
| 410300300 | Other road | 7,34,463 |
| 410700101 | Furniture & fixtures | 87,428 |

4. നികുതി നികുതിയേതര വരവിനങ്ങളുടെ ഡിമാന്റ്/കുടിശ്ശിക, ഡിമാന്റ് തുകകളുടെ സാക്ഷ്യപ്പെടുത്തിയ കോപ്പി ലഭ്യമാക്കാത്തതിനാൽ, B-15, Sundry Debtors എന്ന ഷെഡ്യൂളിൽ കിട്ടാനുള്ളതായി കാണിച്ച തുകകളുടെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല

5. മുൻകൂർ വിവരങ്ങളടങ്ങിയ സോഫ്റ്റ് കോപ്പി ഹാജകരാക്കാത്തതിനാൽ B-18 ഷെഡ്യൂളിൽ, മുൻകൂർ നൽകിയ തുകയിൽ തിരിച്ച പിടിക്കാനുള്ളതായി കാണിച്ച തുകകളുടെ വിശദാംശം പരിശോധിക്കാൻ സാധിച്ചിട്ടില്ല .

6. വരവിനങ്ങളുടെ ഡിമാന്റ് തുകകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഹാജരാക്കാത്തതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിലെ 1-1, 1-2, 1-3, 1-4 (b)എന്നീ ഷെഡ്യൂളുകളിലെ തുകകളുടെയും വരവ് ചെലവ് പത്രികയിലെ RP-1, RP-5, RP-37 എന്നീ ഷെഡ്യൂളുകളിലെ തുകകളുടെയും വിശദാംശം പരിശോധിക്കാനായിട്ടില്ല.

7. ഇ-ടെണ്ടറിംഗിനായി മുനിസിപ്പൽ എഞ്ചിനീയറുടെ പേരിൽ പാസ് ബുക്ക് ഹാജരാക്കാത്തതിനാൽ ഈയിനത്തിൽ ലഭിച്ച തുകയുടെയും ആയത് നഗരസഭയുടെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയോ എന്നതിന്റെയും വിശദാംശം പരിശോധിക്കാനായിട്ടില്ല.

8. പരിശോധനയ്ക്ക് ഹാജരാക്കാത്ത പാസ് ബുക്കുകൾ, നാളിതുവരെയുള്ള എൻട്രികൾ രേഖപ്പെടുത്തി പൂർത്തിയാക്കാത്ത/ ഹാജരാക്കാത്ത പാസ്ബുക്കുകൾ എന്നിവ

| ഹാജരാക്കാത്ത പാസ്ബുക്കുകൾ | ഹെഡ് ഓഫ് അക്കൗണ്ട് |
|---|---|
| Panjab National Bank (ISUI<br>A/c No.131743 | 450410300 |
| SBT A/c.67143711797<br>(Ayyankali) | 450610200 |

<u>പൂർത്തിയാക്കാത്ത ബാങ്ക് പാസ്ബുക്കുകൾ.</u>

1. SBT A/c. No.67162802843 - 08.03.2018 വരെ മാത്രം

2. Syndicate Bank 42042200057808 - 12.03.2018 വരെ മാത്രം

3. ICICI Bank (Swacha Bharath) - 09.03.18 വരെ മാത്രം

4. Coporation Bank A/c.6966 - 05.02.2017 വരെ മാത്രം

(Saksharata)

9. ACR പ്രകാരമുള്ള ചെലവ്, receipt & payment (RP-6) പ്രകാരം ചെലവ് തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിവരം താഴെ നല്കുന്നു.

| Code No. | ACRപ്രകാരമുള്ള ചെലവ് | Receipt & Paymentപ്രകാരമുള്ള ചെലവ് |
|---|---|---|
| 160100101 | 2,67,29,929 | 2,21,81,469 |
| 160100104 | 4,58,43,060 | 4,11,26,585 |
| 160100402 | 88,25,049 | 72,05,625 |

10. റീകൺസിലിയേഷൻ നടത്തിയിട്ടും വ്യത്യാസമുള്ള അക്കൗണ്ടുകൾ

| ക്രമ നം. | അക്കൗണ്ടുകൾ/ വിശദാംശങ്ങൾ | AFS പ്രകാരം നീക്കിയിരിപ്പ് | പാസ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|
| 1 | ICICI Bank<br>022005000925 | 3,86,006.00 | 1,08,585.79 |
| 2 | Corporation Bank<br>of 5 A/c No.8403 | 25,55,004.54 | 28,01,288.60 |
| 3 | Punajab Nation Bank | 2,17,46,709.00 | 2,07,98,330.31 |

| | | | |
|---|---|---|---|
| | (Own Fund) | | |
| 4 | TSB<br>(Own Fund) | (-)4,35,892.00 | 13,70,820.00 |
| 5 | Punjab National Bank<br>(Ayyankali)<br>A/c.No.141403 | 28,07,968.00 | 28,36,099.00 |
| 6 | Bank of Maharashtra | 1,90,309.00 | 19,13,303.00 |
| 7 | Punjab Nationa; Bank<br>Swacha Bharat | 1,09,819.00 | 1,93,848.15 |
| 8 | ICICI Bank<br>Swacha Bharat | 12,53,992.00 | 1,08,585.79 |
| 9 | Corporation Bank<br>Saksharatha | 11,129.50 | 13,189.50 |
| 10 | Treasury Special<br>Fund | 6,26,936.00 | 10,20,322.00 |

11. ബാങ്ക് റീക്കൺസിലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

12. നഗരസഭ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ഇ-ടെണ്ടർ അക്കൗണ്ടിലെ (SBI – 67211536921) നീക്കിയിരിപ്പ് തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

13. മുനിസിപ്പൽ എഞ്ചിനീയറുടെ പേരിലുള്ള കോർപറേഷൻ ബാങ്ക് അക്കൗണ്ട് നമ്പർ 520101003706423 വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

14. റസീപ്റ്റ് & പേമെന്റ് (RP-8) ലഭിച്ച പലിശ പ്രകാരം 13,39,980/-രൂപയാണ് വരവായി രേഖപ്പെടുത്തിയിട്ടുള്ളത് . എന്നാൽ ലെഡ്ജർ പരിശോധിച്ചതിൽ 15,44,379/-രൂപയാണ് വരവായിട്ടുള്ളത്.

# 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹5,75,34,159.04 |
| വരവ് | ₹26,01,71,084 |
| ആകെ | ₹31,77,05,243.04 |
| ചെലവ് | ₹24,76,63,628 |
| നീക്കിയിരിപ്പ് | ₹7,00,41,615.04 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | --- | 47226000 | 47226000 | 26729929 | 20496071 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | --- | 7287617 | 7287617 | 3978770 | 3308847 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | --- | --- | --- | --- | --- |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | --- | 30445496 | 30445496 | 30420721 | 24775 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | --- | 11584565 | 11584565 | 8825049 | (-)2759516 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്<br>മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | --- | 64337616 | 64337616 | 45843060 | 18494556 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | --- | --- | --- | --- | --- |
| സാക്ഷരത | 1189.50 | 40700 | 41889 | 30760 | 11129.80 |
| ദുരിതാശ്വാസനിധി | --- | --- | --- | --- | --- |

| | | | | | | |
|---|---|---|---|---|---|---|
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 3933711 | 134698 | 4068409 | 860502 | 2835217 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | | | | 372690 | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | പി.എം.എ.വൈ | 7353647 | 10122815 | 17476462 | 8711349 | 8765113 |
| | ഐ.എസ്.എച്ച്.ഡി.പി | 2233277 | 40068 | 2273345 | 2273345 | --- |
| | എൻ.യു.എൻ.എം | 1633110 | 630000 | 2263110 | 2072801 | 190309 |
| | സ്വച്ചഭാരത് | 80059 | 332280 | 412339 | 302520 | 109819 |
| | ശുചിത്വമിഷൻ | 1501752 | 156874 | 1658626 | 404634 | 1253992 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | എ.യു.ജി.എസ് | 3933711 | 150722 | 4084433 | 1276465 | 2807968 |
| | ഐ.എസ്.യു.ഐ | 4264446 | 0 | 4264446 | 0 | 4264446 |
| | അയ്യങ്കാളി | 3320 | 0 | 3320 | 0 | 3320 |
| | എസ്.ഡബ്ല്യൂ.എഫ്. | 22340232 | 907102 | 23247334 | 0 | 23247334 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | --- | --- | --- | --- | --- |
| | ജില്ലാ പഞ്ചായത്ത് | --- | --- | --- | --- | --- |
| ബി ഫണ്ട് | കർഷക തൊഴിലാളി പെൻഷൻ | --- | 3,45,900 | 3,45,900 | 3,45,900 | --- |
| | നെൽകൃഷി ഉൽപാദന ബോണസ് | --- | 8,000 | 8,000 | 8,000 | --- |
| | വാർദ്ധക്യകാല പെൻഷൻ | --- | 31464800 | 3146480 | 31464800 | --- |
| | വികലാംഗ പെൻഷൻ | ഇല്ല | 74,29,400 | 74,29,400 | 74,29,400 | ഇല്ല |
| | 50 വയസ് കഴിഞ്ഞ അവിവാഹിത പെൻഷൻ | ഇല്ല | 3,99,700 | 3,99,700 | 3,99,700 | ഇല്ല |
| | വിധവ പെൻഷൻ | ഇല്ല | 23417800 | 23417800 | 23417800 | ഇല്ല |
| | തൊഴിൽ രഹിത വേതനം | ഇല്ല | 60,000 | 60,000 | 60,000 | ഇല്ല |
| | വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | ഇല്ല | 6,00,000 | 6,00,000 | 6,00,000 | ഇല്ല |
| ജനറൽ പർപ്പസ് ഗ്രാന്റ് | | ഇല്ല | 20113003 | 20113003 | 20113003 | ഇല്ല |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 10881384.54 | 131445319 | 142326703.54 | 114968669 | 27358034.54 |
| | ട്രഷറി അക്കൗണ്ട് | 2301647 | 23505928 | 25807575 | 26243467 | (-)435892 |
| മറ്റിനം | | | | | | |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 447 | 21,75,33,856 | 247 | 10,59,18,416 | 189 | 11 | 55% |

<u>നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം</u>

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2017-18 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2017-18 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |

| | | | | | | |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി. കാസറഗോഡ് മുനിസിപ്പാലിറ്റി | 9 | 57,09,135 | 9 | 56,28,281 | 98.58 |
| 2 | അസിസ്റ്റന്റ് എഞ്ചിനീയർ | ~~377~~<br>7 | ~~15,03,31,147~~<br>1,33,86,960 | ~~210~~<br>3 | ~~7,33,27,968~~<br>52,50,860 | ~~48.78~~<br>39.22 |
| 3 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 5,00,000 | 1 | 1,71,436 | 34.28 |
| 4 | മെഡിക്കൽ ഓഫീസർ, ആയുർവേദം | 1 | 15,00,000 | 1 | 15,00,000 | 100% |
| 5 | മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 2,00,000 | 1 | 2,00,000 | 100% |
| 6 | അഗ്രികൾച്ചറൽ ഓഫീസർ | 3 | 30,95,054 | 3 | 22,53,290 | 72.80% |
| 7 | വെറ്റിനറി സർജൻ | 3 | 8,50,000 | 3 | 2,00,000 | 23.52% |
| 8 | നഗരദാരിദ്ര്യ നിർമാർജന മിഷൻ പ്രൊജക്ട് ഓഫീസർ | 5 | 1,15,50,000 | 4 | 25,35,000 | 21.94% |
| 9 | പട്ടികജാതി വികസന ഓഫീസർ | 11 | 33,70,000 | 11 | 33,70,000 | 100% |
| 10 | ഹെൽത്ത് ഓഫീസർ | 9 | 1,23,96,560 | 1 | 1,80,000 | 1.45% |
| 11 | മെഡിക്കൽ ഓഫീസർ താലൂക്ക് ആശുപത്രി | 4 | 20,95,000 | 3 | 12,04,798 | 57.50% |
| 12 | പ്രിൻസിപ്പാൾ, ഗവ: വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ | 7 | 29,50,000 | 2 | 16,89,088 | 57.25% |
| 13 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 96,00,000 | 8 | **84,07,695** | 87.58% |
| ആകെ | | 447 | 21,75,33,856 | 260 | 10,59,18,416 | 48.69% |

| മേഖല | അംഗീകരിച്ച പദ്ധതി പ്രകാരം 2017-18 വർഷം നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2017-18 വർഷം നടപ്പാക്കിയ പദ്ധതികളുടെ വിവരം | | |
|---|---|---|---|---|---|
| | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | ചെലവിന്റെ ശതമാനം |
| ഉൽപാദന മേഖല | 10 | 90,95,014 | 7 | 24,91,690 | 27.39% |
| സേവന മേഖല | 148 | 9,72,24,554 | 88 | 4,48,80,364 | 46.16% |
| പശ്ചാത്തല മേഖല | 289 | 11,12,14,288 | 165 | 5,85,46,362 | 52.64% |
| ആകെ | 447 | 21,75,33,856 | 260 | 10,59,18,416 | 48.69% |

2017-18 സാമ്പത്തിക വർഷം ആകെ 447 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചെങ്കിലും 260 പദ്ധതികൾ മാത്രമാണ് തൻവർഷം നടപ്പിലാക്കിയത്. ആയത് അംഗീകാരം ലഭിച്ച പദ്ധതികളുടെ 48.69% മാത്രമാണ്. തൻവർഷം 384 പൊതുമരാമത്ത് പ്രവൃത്തികളാണ് അംഗീകരിച്ച പദ്ധതി പ്രകാരം നടപ്പാക്കേണ്ടിയിരുന്നത്. എന്നാൽ 213 മരാമത്ത് പ്രവൃത്തികൾ മാത്രമേ നടപ്പാക്കാൻ സാധിച്ചുള്ളൂ. തൻവർഷം വകയിരുത്തിയ തുകയുടെ 47.9% മാത്രമാണ് അസിസ്റ്റന്റ് എഞ്ചിനീയർ ചെലവഴിച്ചത് . നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്റിനറി സർജൻ തൻവർഷം വകയിരുത്തിയ തുകയുടെ 23.52% മാത്രമാണ് ചെലവഴിച്ചത്. അതുപോലെ നഗരദാരിദ്ര്യ നിർമാർജന ഓഫീസർ തൻവർഷം വകയിരുത്തിയ തുകയുടെ 21.94% മാത്രമാണ് ചെലവഴിച്ചത്. ഹെൽത്ത് ഓഫീസർ തൻവർഷം വകയിരുത്തിയ തുകയുടെ 1.45% മാത്രമാണ് ചെലവഴിച്ചത്. നിർവഹണ ഉദ്യോഗസ്ഥരുടെ കുറഞ്ഞ ചെലവ് ശതമാനം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

<u>വർക്കിംഗ് ഗ്രൂപ്പുകൾ</u>

പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യമായ പദ്ധതി നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. എന്നാൽ പദ്ധതിയുടെ നിർവഹണ ഘട്ടങ്ങളിൽ നടത്തുന്ന ഇടപെടലുകൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതായിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളാണ്

മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടത് എന്നതിനാൽ പദ്ധതികൾ പരിപൂർണമായ വിജയം കൈവരിക്കുന്നതിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ മേൽനോട്ടം അത്യാവശ്യമാണ്.

പദ്ധതികളുടെ അടങ്കൽ തുകയെക്കുറിച്ച് വിലയിരുത്തൽ നടത്തേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. അത്തരം വിലയിരുത്തലുകൾ വർക്കിംഗ് ഗ്രൂപ്പുകൾ നടത്തിയിട്ടുണ്ട്. പ്രൊജക്ടുകളുടെ പരിസ്ഥിതി ആഘാത സാധ്യതകൾ പരിശോധിക്കേണ്ടത് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളാണ്. ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രൊജക്ടുകൾ ഒഴിവാക്കേണ്ടുന്ന ചുമതലയും ബന്ധപ്പെട്ട മേഖലയിലെ വർക്കിംഗ് ഗ്രൂപ്പുകൾക്കാണ്. എന്നാൽ ഇത്തരം പ്രവർത്തനങ്ങൾ നടത്തിയത് സംബന്ധിച്ച വിവരങ്ങളൊന്നും വർക്കിംഗ് ഗ്രൂപ്പ് മിനട്സിൽ രേഖപ്പെടുത്തിയിട്ടില്ല. ഭാവിയിൽ ഈ അപാകത പരിഹരിക്കേണ്ടതാണ്.

വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ 2017-18 വർഷം ചേർന്ന യോഗങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർക്കിംഗ് ഗ്രൂപ്പിന്റെ പേര് | ചേർന്ന യോഗങ്ങളുടെ എണ്ണം |
|---|---|---|
| 1 | പൊതുഭരണവും ധനകാര്യവും | 5 |
| 2 | കൃഷിയും അനുബന്ധ മേഖലകളും | 6 |
| 3 | മൃഗസംരക്ഷണം ക്ഷീരവികസനം | 4 |
| 4 | പ്രാദേശിക സാമ്പത്തിക വികസനം | 3 |
| 5 | മത്സ്യബന്ധനം | 5 |
| 6 | ദാരിദ്ര്യ ലഘൂകരണം | 5 |
| 7 | സാമൂഹ്യനീതി | 6 |
| 8 | വനിതാ വികസനം | 3 |
| 9 | ആരോഗ്യം | 5 |
| 10 | വിദ്യാഭ്യാസം | 5 |
| 11 | പാർപ്പിടം | 5 |
| 12 | കുടിവെള്ളം | 5 |
| 13 | നഗരാസൂത്രണം | 3 |
| 14 | പട്ടികവർഗ വികസനം | 2 |
| 15 | പട്ടികജാതി വികസനം | 4 |
| 16 | മരാമത്ത് | 3 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

| ക്രമ നം. | പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് |
|---|---|---|
| 1 | 188 | നഗരസഭാ ഓഫീസിലെ കമ്പ്യൂട്ടറിന് എ.എം.സി. ഏർപ്പെടുത്തൽ |
| 2 | 252 | വാർഡ് സഭാ കേന്ദ്രത്തിന് വാടക നൽകൽ |
| 3 | 201 | ആശ്രയഭവന നിർമ്മാണം 2017-18 |
| 4 | 222 | വനിതകൾക്ക് യോഗ കരാട്ടെ പരിശീലനം |
| 5 | 178 | പാലിയേറ്റീവ് കെയർ |
| 6 | 182 | നഗരസഭാ പരിധിയിലെ വരൾച്ചാ പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം |
| 7 | 214 | മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി യൂണിറ്റ് |
| 8 | 155 | ജനറൽ ആശുപത്രി ചുറ്റുമതിൽ നിർമ്മാണം ഒന്നാം ഘട്ടം |
| 9 | 231 | നഗരസഭയിലെ വിവിധ റോഡുകൾ മെയിന്റനൻസ് |
| 10 | 250 | കാസറഗോഡ് നഗരസഭയിലെ വിവിധ പാർക്ക് നവീകരണം |
| 11 | 479 | നഗരസഭയിലെ പ്രധാന റോഡുകളിലെ ഡ്രെയിൻ മെയിന്റനൻസ് |

# 1-7 തനത് വരുമാനം.

മുൻ വർഷത്തെ അപേക്ഷിച്ച് തൻവർഷം തനത് നികുതി നികുതിയേതര വരുമാനയിനങ്ങളുടെ വരവിൽ 66.46% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

നികുതി/നികുതിയേതര വരുമാന വിവരങ്ങൾ

| തനത് വരുമാനം | | | | |
|---|---|---|---|---|
| നികുതി വരവ് | | | | |
| ഇനം | 2016-17 വർഷത്തെ വരവ് | 2017-18 വർഷത്തെ വരവ് | വർദ്ധനവ് കുറവ് | വർദ്ധനവിന്റെ കുറവിന്റെ ശതമാനം (+)/(-) |
| വസ്തു നികുതി | 2,09,49,721 | 4,33,60,291 | (+) 22410570 | (+)06.97 |
| തൊഴിൽ നികുതി | 1,36,84,734 | 1,40,32,630 | (+) 347896 | (+)2.54 |
| വിനോദ നികുതി | 36,57,040 | 16,57,174 | (-) 1999866 | (-)54.68 |
| പരസ്യ നികുതി | 9,33,840 | 2,19,330 | (-) 714510 | (-)76.51 |
| **ആകെ** | **3,92,25,335** | **5,92,69,425** | **(+)2,00,44,090** | **(+)51.09%** |
| | | | | |
| നികുതിയേതര വരവ് | | | | |
| വാടക | 1,67,10,919 | 1,70,45,273 | (+) 334354 | (+)02.00 |
| ഫീസ് | 59,85,998 | 48,55,703 | (-) 1130295 | (-)18.88 |
| വിൽപന വരവ് | 8,79,585 | 52,99,692 | (+) 4420107 | (+)2.52 |
| **ആകെ** | **2,35,76,502** | **2,72,00,668** | **(+)36,24,166** | **(+)15.37** |

# 1-8 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 39,33,711 | 1,34,698 | 40,68,409 | 3,72,690 | 28,35,217 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | | | 8,60,502 | |
| ആകെ | 39,33,711 | 1,34,698 | 40,68,409 | 12,33,192 | 28,35,217 |

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിക്കായി 2017-18 വർഷം 40,68,409/- രൂപ അടങ്കലുള്ള 30 പദ്ധതികളുൾപ്പെടുന്ന ആക്ഷൻ പ്ലാൻ നഗരസഭ തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻവർഷം വിവിധ പദ്ധതികളിലായി ആകെ 3219 തൊഴിൽ ദിനങ്ങൾ

സൃഷ്ടിച്ചിട്ടുണ്ട്.

# 1-9 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 60,000 | 99 |
| കർഷകതൊഴിലാളി പെൻഷൻ | 3,45,900 | 28 |
| വിധവാ പെൻഷൻ | 2,34,17,800 | 1795 |
| വാർദ്ധക്യകാല പെൻഷൻ | 3,14,64,800 | 2029 |
| വികലാംഗ പെൻഷൻ | 74,29,400 | 552 |
| 50 വയസ് കഴിഞ്ഞ അവിവാഹിത പെൻഷൻ | 3,99,700 | 31 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 6,00,000 | 29 |

# 1-10 ആഭ്യന്തരനിയന്ത്രണം

കാസറഗോഡ് നഗരസഭയുടെ രജിസ്റ്ററുകളും മറ്റ് രേഖകളും പരിശോധിച്ചതിൽ ആഭ്യന്തര നിയന്ത്രണം ഫലപ്രദമല്ല എന്ന വസ്തുതയാണ് മനസിലാക്കാൻ കഴിഞ്ഞത്. അത്യാവശ്യം സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ പോലും കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല എന്നും മേൽനോട്ട ചുമതല ഫലപ്രദമായി നടക്കുന്നില്ല എന്നും താഴെ കൊടുത്തിട്ടുള്ള രജിസ്റ്ററുകൾ പരിശോധിച്ചതിൽ നിന്നും അറിയാൻ കഴിഞ്ഞു.

<u>തൻപതിവേട്</u>

സെക്ഷൻ ക്ലർക്കുമാർ കൈകാര്യം ചെയ്യുന്ന ഫയലുകളുടെ വിവരം രേഖപ്പെടുത്തുന്നതിനും ലഭിക്കുന്ന തപാലുകളുടെ നിലവിലെ സ്ഥിതി അറിയുന്നതിനും തൻപതിവേട് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല. ഏതാനും സെക്ഷനുകളിലെ ക്ലർക്കുമാർ മാത്രമാണ് തൻപതിവേട് പരിശോധനയ്ക്ക് ഹാജരാക്കിയത്. മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ ആയത് കൃത്യമായ പരിശോധനയ്ക്ക് വിധേയമാക്കുന്നതായി കണ്ടുവരുന്നില്ല.

<u>ചാർജ് രജിസ്റ്റർ</u>

ചാർജ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. 2017-18 വർഷത്തെ ചാർജ് രജിസ്റ്റർ പരിശോധിച്ചതിൽ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല.

<u>ക്ലർക്കുമാർ പേരും തസ്തികയും രേഖപ്പെടുത്തിയ സീൽ ഉപയോഗിക്കുന്നില്ല</u>

നോട്ട് ഫയലുകളിലും മറ്റ് സാക്ഷ്യപ്പെടുത്തലുകളിലും ജീവനക്കാർ പേരും തസ്തികയും രേഖപ്പെടുത്തിയ സീൽ ഉപയോഗിക്കണമെന്ന നിബന്ധന എല്ലാ സെക്ഷനുകളിലും പാലിച്ചിട്ടില്ല.

<u>സ്റ്റാഫ് മീറ്റിംഗ്</u>

എല്ലാ മാസവും 10-ാം തീയതിക്കുമുമ്പ് നഗരസഭ സെക്രട്ടറി സ്റ്റാഫ് മീറ്റിംഗ് വിളിച്ച് കൂട്ടുകയോ ആയതിന്റെ മിനുട്സ് രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ചെയ്യുന്നതായി കണ്ടുവരുന്നില്ല. സെക്ഷൻ തലത്തിൽ യോഗം ചേരുന്നുണ്ടെന്ന് അറിവായിട്ടുണ്ടെങ്കിലും റവന്യൂ സെക്ഷനിൽ 2017-18 വർഷം പ്രതിവാര യോഗം എന്ന പേരിൽ ഒരു തവണ യോഗം ചേർന്നതിന്റെ ഫയൽ മാത്രമാണ് ലഭിച്ചത്. ആയതിന്റെ മിനുട്സ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

<u>ജീവനക്കാരുടെ കുറവ്</u>

നഗരസഭയിലുള്ള തസ്തികകളുടെയും ജീവനക്കാരുടെയും നിലവിലെ വിവരം ലഭ്യമാക്കിയത് പ്രകാരം നഗരസഭയിൽ സീനിയർ ക്ലർക്കുമാരുടെ 13 തസ്തികകൾ ഉള്ളതിൽ 3 തസ്തികയും 2 ഡ്രൈവർ തസ്തികയും , രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുടെ ഒരു തസ്തികയും ഒഴിഞ്ഞു കിടപ്പുണ്ട്. ജീവനക്കാരുടെ അപര്യാപ്തത നഗരസഭയുടെ ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിച്ചിട്ടുണ്ട്. എഞ്ചിനീയറിംഗ് വിഭാഗത്തിലും ഏതാനും തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ട്.

<u>കെട്ടിട നിർമാണ പെർമിറ്റ് രജിസ്റ്റർ</u>

കെട്ടിട നിർമാണ പെർമിറ്റ് രജിസ്റ്റർ ശരിയായ വിധത്തിൽ എഴുതി സൂക്ഷിച്ചിട്ടില്ല. കെട്ടിടത്തിന്റെ ഏരിയ, ഫയൽ ജില്ലാ ടൗൺ പ്ലാനർക്ക് അയച്ചതിന്റെ വിവരം, കെട്ടിടത്തിന്റെ ഫ്ലോർ ഏരിയ റേഷ്യോ, നിർമാണം പൂർത്തീകരിച്ചതിന്റെ വിവരം എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഓരോ വർഷവും പൂർത്തീകരിക്കുന്ന കെട്ടിടത്തിന്റെ വിശദവിവരം, ക്രമവൽക്കരിക്കാൻ ബാക്കിയുള്ള കെട്ടിടത്തിന്റെ വിവരം എന്നിവ പ്രസ്തുത ലിസ്റ്റിൽ നിന്നും ലഭ്യമല്ല.

<u>തൊഴിൽ നികുതി രജിസ്റ്റർ</u>

തൊഴിൽ നികുതി (സ്ഥാപന/ട്രേഡേഴ്സ്) രജിസ്റ്ററിൽ വാർഡുകൾ തിരിച്ച് സ്ഥാപനങ്ങളുടെ പേര് വിവരം എഴുതിയിട്ടുണ്ടെങ്കിലും സ്ഥാപനത്തിൽ നിന്ന് നികുതി ഈടാക്കിയിട്ടുണ്ടോ എന്ന വിവരം രേഖപ്പെടുത്തിയിട്ടില്ല. പല സ്ഥാപനങ്ങളുടെയും പേരിന് നേരെ ഒന്നും രേഖപ്പെടുത്താതെ അപൂർണമായ രജിസ്റ്ററുകളാണ് ഓഡിറ്റിന് ഹാജരാക്കിയത്. ട്രേഡേഴ്സ് രജിസ്റ്റർ വേണ്ട വിധം സൂക്ഷിക്കാത്തതിനാൽ വ്യാപാരികളിൽ നിന്നും നികുതി പിരിച്ചെടുത്തതിന് കൃത്യതയില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ പ്രൊഫഷണൽ ടാക്സ് (അരിയർ) എന്ന ബാലൻസ് ഷീറ്റിലെ ബി-15 ഹെഡിൽ 5703077+52361/- രൂപയുണ്ട്. എന്നാൽ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ നഗരസഭയിൽ സൂക്ഷിക്കാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല. ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ അടങ്ങിയ സംഗ്രഹം രജിസ്റ്ററിൽ എഴുതി ചേർക്കാത്തതിനാൽ വാർഷിക സ്റ്റേറ്റ്മെന്റിലെ ആകെ വരവും രജിസ്റ്ററിലെ വരവും ഒത്തുനോക്കാൻ സാധിച്ചിട്ടില്ല.

തൻവർഷത്തെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ അടങ്ങിയ സംഗ്രഹം രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിനാൽ വാർഷിക സ്റ്റേറ്റ്മെന്റിലെ തൊഴിൽ നികുതി ഇനത്തിലെ ആകെ വരവും രജിസ്റ്ററിലെ വരവും ഒത്തുനോക്കാൻ സാധിച്ചിട്ടില്ല.

## 1-11 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.01.2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 32,803/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.07.2015 | 2014-15 | 29.04.2015 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.01.2017 മുതൽ 24.01.2017 വരെ | 2012-13 മുതൽ 2015-16 വരെ | LBA (HQ)/8A 2557/2016-17/227<br>dated: 06.03.2017 |

# <u>ഭാഗം -2</u>

# <u>വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

# 2-1 വസ്തു നികുതി പരിഷ്കരണം പൂർത്തീകരിച്ചിട്ടും അനധികൃത കെട്ടിടങ്ങളിൽ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. നഗരസഭയ്ക്ക് വരുമാന നഷ്ടം

നഗരസഭയിൽ കെട്ടിട നമ്പർ ലഭിക്കാത്തതും പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കാത്തതുമായ കെട്ടിടങ്ങൾ അനധികൃതമായി ഉപയോഗിക്കുന്നതായി കണ്ടെത്തുകയുണ്ടായി. ഉദാഹരണത്തിന് നഗരസഭയിലെ 11-ാം വാർഡിൽ 248A മുതൽ 248A12 വരെയുള്ള കെട്ടിടങ്ങൾക്ക് സമീപമായി പണിത രണ്ടുനില കോൺക്രീറ്റ് കെട്ടിടവും (ഏകദേശം 200 ച.മീ.) ഷീറ്റ് പാകിയ കെട്ടിടവും (ഏകദേശം 300 ച.മീ.) ഇത്തരത്തിൽ അനധികൃതമായി വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നുണ്ട്.

നഗരസഭയിൽ വസ്തു നികുതി പരിഷ്കരണം പൂർത്തീകരിച്ചതായി അധികൃതർ അവകാശപ്പെടുന്ന വേളയിലാണ് ഇത്തരം അനധികൃത കെട്ടിടങ്ങൾ വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിച്ച് വരുന്നതായി കണ്ടെത്തിയിട്ടുള്ളത്. വാണിജ്യാവശ്യങ്ങൾക്കായി അനധികൃത കെട്ടിടങ്ങൾ പ്രവർത്തിക്കുന്നത് നഗരസഭയ്ക്ക് വസ്തുനികുതി ഇനത്തിൽ വരുമാന നഷ്ടമുണ്ടാകാൻ ഇടയാക്കിയിട്ടുണ്ട്. അനധികൃതമായി പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ പൊളിച്ച് നീക്കുകയോ അംഗീകാരം ലഭ്യമാക്കാനുള്ള സത്വരനടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതും നിയമാനുസൃതം അംഗീകാരമില്ലാത്ത കെട്ടിടങ്ങൾ വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. മേൽ വിവരിച്ച നിയമ ലംഘനം അവസാനിപ്പിക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കേണ്ടതാണ്.

# 2-2 പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷം ടെണ്ടർ/ഇ ടെണ്ടർ ക്ഷണിച്ചു - പൊതുമരാമത്ത് ചട്ടങ്ങളുടെ ലംഘനം

കാസറഗോഡ് നഗരസഭ 2017-18 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് ഫയൽ നം.പി.2-692/17 പ്രകാരം 33 പ്രവൃത്തികളുടെ ടെണ്ടർ നോട്ടീസ് വിവിധ പത്രങ്ങളിലും നഗരസഭാ വെബ്സൈറ്റ്, ഓഫീസ് നോട്ടീസ് ബോർഡ് എന്നിവയിലും പ്രസിദ്ധീകരിച്ചിരുന്നു. ടെണ്ടർ നോട്ടീസിൽ ഉൾപ്പെട്ട ഏതാനും പ്രവൃത്തികളുടെ നിലവിലുള്ള സ്ഥിതിവിവരം പരിശോധിക്കുന്നതിനായി 19.03.2018 ന് എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരുമായി ചേർന്ന് സംയുക്ത സ്ഥലപരിശോധന നടത്തുകയുണ്ടായി.

പ്രസ്തുത പരിശോധനയിൽ താഴെ കാണിച്ച പ്രവൃത്തികൾ നിലവിൽ പൂർത്തീകരിക്കുകയോ ഭാഗികമായി പൂർത്തീകരിക്കുകയോ ചെയ്തിട്ടുള്ളതായും ആയതിന് പുതുതായി എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ നടപടികൾ നടത്തേണ്ടതില്ല എന്നും കണ്ടെത്തുകയുണ്ടായി.

പ്രവൃത്തികളുടെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | ആസാദ് - ചാലക്കുന്ന് റോഡ് കോൺക്രീറ്റിംഗ് | 5 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട് |
| 2 | തായൽ കോസ്റ്റൽ റോഡ് ഡ്രെയിൻ കവറിംഗ് സ്ലാബ് | 5 ലക്ഷം | ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട് |
| 3 | ടിപ്പു നഗർ - ബെദിര - ചാല റോഡ് ടാറിംഗ് | 3 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട് |
| അടങ്കൽ തുക | | 13 ലക്ഷം | |

ഈ സാഹചര്യത്തിൽ പൂർത്തീകരിച്ചതും ഭാഗികമായി പൂർത്തീകരിച്ചതുമായ മേൽ പ്രവൃത്തികൾ 06.03.2018 ലെ ടെണ്ടർ-ഇ ടെണ്ടർ നോട്ടീസിൽ ഉൾപ്പെടുത്തി നടപ്പിലാക്കാനുള്ള സാഹചര്യം വിശദീകരിക്കാനായി നഗരസഭാ എഞ്ചിനീയർ, സെക്രട്ടറി എന്നിവർക്ക് ഈ ഓഫീസിൽ നിന്നും കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ എഞ്ചിനീയറിംഗ് വിഭാഗം വീണ്ടും സ്ഥല പരിശോധന നടത്തുകയും ആയത് പ്രകാരം മേൽ മൂന്ന് പ്രവൃത്തികളും ടെണ്ടറിൽ നിന്ന് ഒഴിവാക്കിയതായും 22.03.2018 ലെ പി.2-692/17 കത്ത് പ്രകാരം ഈ ഓഫീസിനെ അറിയിച്ചിട്ടുണ്ട്.

സാധാരണ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഡി.പി.സി അംഗീകാരം വാങ്ങി ടെണ്ടർ വിളിച്ച് പ്രവൃത്തി നടത്തേണ്ടതിനു പകരം പിന്നീട് പണം അനുവദിക്കാമെന്ന വ്യവസ്ഥയിൽ കരാർ ഉറപ്പിക്കാതെയും എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥരുടെ മേൽനോട്ടമില്ലാതെയും നടത്തിയ പ്രവൃത്തികളാണിവ. യാതൊരു മാനദണ്ഡവുമില്ലാതെ സ്വന്തക്കാർക്ക് പ്രവൃത്തികൾ വീതം വെച്ച് നൽകിയും പിന്നീട് അവ ടെണ്ടറിൽ ഉൾപ്പെടുത്തി ബിൽ തയ്യാറാക്കി നൽകുന്ന രീതി നിയമവിരുദ്ധമാണ്. നടപടിക്രമങ്ങൾ പാലിക്കാതെയും എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മേൽനോട്ടമില്ലാതെയും നടത്തുന്ന ഇത്തരം നടപടികൾ അവസാനിപ്പിക്കേണ്ടതാണ്. പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷം തയ്യാറാക്കിയ ടെണ്ടറിൽ പ്രവൃത്തി ചെയ്ത കരാറുകാരെ കൂടി ഉൾപ്പെടുത്തി നീക്ക് പോക്ക് നടത്തി പ്രസ്തുത കരാറുകാരന് അനുകൂലമായി ടെണ്ടർ നൽകുന്ന രീതി ഭാവിയിൽ പൂർണമായും ഒഴിവാക്കേണ്ടതാണ്. ടെണ്ടർ നടപടികളിൽ സുതാര്യത ഉറപ്പാക്കാൻ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

# 2-3 വ്യവസായ എസ്റ്റേറ്റിൽ സ്ഥലം ലീസിനെടുത്തയാൾ അനധികൃതമായി അധിക സ്ഥലം ഉപയോഗിച്ചതിന് നടപടി സ്വീകരിക്കുന്നില്ല

കാസറഗോഡ് നഗരസഭയുടെ ഉടമസ്ഥതയിലുള്ള വിദ്യാനഗർ വ്യവസായ കേന്ദ്രത്തിലെ 5 സെന്റ് സ്ഥലം മരം ഇറക്കി വയ്ക്കുന്നതിന് മദീന സോ മിൽസ് എന്ന സ്ഥാപനത്തിന് 2009 മുതൽ ലീസിന് അനുവദിക്കുകയും കാലാകാലങ്ങളിൽ പുതുക്കുകയും ചെയ്തിട്ടുണ്ട്. 2014-15 വർഷം 15,770/-രൂപയും 2015-16 ൽ 17,347/- രൂപയും 2016-17 ൽ 19,082/-രൂപയും ലീസിനത്തിൽ നഗരസഭയ്ക്ക് ലഭിച്ചിട്ടുണ്ട്. എന്നാൽ 2014-15 ൽ അഞ്ച് സെന്റിന് പകരം അരയേക്കറോളം സ്ഥലം മിൽ ഉടമയായ ശ്രീ.പി.എച്ച്.അബ്ദുള്ളഹാജി ഉപയോഗിക്കുന്നതായി ഓഡിറ്റ് ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് നഗരസഭ നടത്തിയ പരിശോധനയിൽ സ്ഥലം ലീസിനെടുത്ത മില്ലുടമ 44 സെന്റ് സ്ഥലം ഉപയോഗിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. 17.01.2017ൽ റവന്യൂ ഇൻസ്പെക്ടർ സ്ഥല പരിശോധന നടത്തിയതിൽ 5 സെന്റിൽ കൂടുതൽ സ്ഥലം മില്ലുടമ ഉപയോഗിച്ചുവരുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ അധികമായി ഉപയോഗിച്ചു വരുന്ന സ്ഥലം അളന്നു തിട്ടപ്പെടുത്തുന്നതിനായി എഞ്ചിനീയറിംഗ് വിഭാഗത്തിന് 20.01.2017 നും 28.04.2017 നും കത്ത് നൽകിയിരുന്നുവെങ്കിലും നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

എന്നാൽ കാസറഗോഡ് നഗരസഭയുടെ ധനകാര്യ സ്ഥിരം സമിതിയുടെ 14.08.2017 ലെ 18-ാം നമ്പർ തീരുമാന പ്രകാരം 2014-15 വർഷത്തിൽ അനധികൃതമായി ഉപയോഗിച്ച 39സെന്റ് സ്ഥലത്തിന് ലീസ് ഇനത്തിൽ 1,20,036/- രൂപ ഈടാക്കുവാനും 2015-16, 2016-17 വർഷങ്ങളിലും കൂടുതൽ സ്ഥലം ഉപയോഗിച്ചു എന്ന് വിലയിരുത്തുകയും പിഴ നിശ്ചയിച്ച് ഈടാക്കുന്നതിനും ശുപാർശ ചെയ്യുകയുണ്ടായി.
ആയതുപ്രകാരം താഴെ കാണിച്ച വിധം തുക കണക്കാക്കിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട് .

| വർഷം | 28.03.16 ലെ 14-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം 5 സെന്റിനുള്ള ലീസ് തുക | അനധികൃതമായി ഉപയോഗിച്ച 39 സെന്റിനുള്ള ലീസ് തുക |
|---|---|---|
| 2014-15 | 15,770 | 1,23,006 |
| 2015-16 | 17,347 | 1,35,307 |
| 2016-17 | 19,082 | 1,48,840 |
| ആകെ | 5 സെന്റിനുള്ള 16-17 വരെയുള്ള ലീസ് തുക 19.08.2016 ന് രശീതി നം.327 പ്രകാരം ഒടുക്കിയിട്ടുണ്ട് . | 407153+സർവീസ് ചാർജ്+പിഴപലിശ |

മേൽ തുക മില്ലുടമയിൽ നിന്നും ഈടാക്കുവാൻ കൗൺസിൽ തീരുമാനം ആവശ്യമാണ്. എന്നാൽ 27.05.2017 ലെ 9-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം റവന്യൂ ഓഫീസറുടെ റിപ്പോർട്ട് ലഭ്യമാക്കാനായി വിഷയം അടുത്ത യോഗത്തിലേക്ക് മാറ്റിവെക്കുകയായിരുന്നു. 23.06.2017 ന് റവന്യൂ ഓഫീസർ അനധികൃത കൈമാറ്റം സംബന്ധിച്ചും തുക ഈടാക്കാനുമായി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക നാളിതുവരെയും ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.8/17-18 തീയതി 03.05.2018 ന് മറുപടിയായി 10.05.2018 ന് ആർ.4-5677/17 നമ്പർ കത്തിൽ കൗൺസിൽ തീരുമാനം ലഭ്യമാക്കാത്തതിനാലാണ് തുക ഈടാക്കാനാവാത്തത് എന്ന് അറിയിച്ചിട്ടുണ്ട്. റവന്യൂ ഓഫീസറുടെ റിപ്പോർട്ട് കിട്ടി ഒരു വർഷമായിട്ടും കൗൺസിൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാത്തത് ന്യായീകരിക്കത്തക്കതല്ല.

കാസറഗോഡ് നഗരസഭയിലെ സീവ്യൂ പാർക്കിന്റെ രണ്ടാംഘട്ട പ്രവൃത്തി 2017-18 ൽ 4,84,000/- രൂപ ചെലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാംഘട്ട വികസന പ്രവൃത്തിയോടനുബന്ധിച്ച് നടത്തിയ 39 മീറ്റർ നീളത്തിലും 2.70 മീറ്റർ വീതിയിലും നടപ്പാതയിൽ വെട്രിഫൈഡ് ടൈൽ പാകിയത് പരിശോധിച്ചതിൽ പ്രവൃത്തി ഗുണനിലവാരമില്ലാതെയാണ് പൂർത്തീകരിച്ചത് എന്ന് കാണുകയുണ്ടായി. 27.05.2017 ന് പ്രവൃത്തി പൂർത്തീകരിച്ച് മാസങ്ങൾക്കുള്ളിൽത്തന്നെ പല സ്ഥലത്തും ടൈൽ ഇളകി പൊട്ടിപ്പൊളിഞ്ഞിട്ടുണ്ട്. കൂടാതെ ഇളകിയ ടൈൽ ഉയർന്ന് നിൽക്കുന്നതിനാൽ സഞ്ചാരികൾക്ക് നടപ്പാത ഉപയോഗിക്കുന്നത് പ്രയാസകരമായിരിക്കുകയാണ്.

2) എസ്റ്റിമേറ്റിൽ വകയിരുത്തിയതിലും കുറഞ്ഞ തുകയുടെ ടൈൽ ഉപയോഗിച്ചു.

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഇനം നം.7 പ്രകാരം വിട്രിഫൈഡ് ടൈൽ ഉപയോഗിച്ചാണ് ടൈൽ പാകേണ്ടിയിരുന്നത്. എന്നാൽ ഓഡിറ്റ് ടീം നേരിട്ട് പരിശോധിച്ചതിൽ വിലകുറഞ്ഞ ടൈൽ ഉപയോഗിച്ചാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത് എന്ന് കാണുകയുണ്ടായി. Delhi Scheduled of Rates specification Code 11.41.1 പ്രകാരം ഒരു എം2 വെട്രിഫൈഡ് ടൈലിന് 1049/-രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ ഒരു എം2 ന് കേവലം 319/-രൂപ വിലയുള്ള ടൈലാണ് പ്രവൃത്തിക്കായി ഉപയോഗിച്ചിട്ടുള്ളത്. (ബിൽ നം.782 തീയതി: 05.06.2017 Avenue tile and Bath Studio 1440 sq.ft ടൈൽ വില 42,642/-രൂപ).

കൂടാതെ എസ്റ്റിമേറ്റ് പ്രകാരം 500mm x 500mm അളവിൽ കുറയാത്ത ടൈലാണ് ഉപയോഗിക്കേണ്ടിയിരുന്നത്. എന്നാൽ 300mm x 300mm വലിപ്പമുള്ള ടൈലാണ് ഉപയോഗിച്ചിട്ടുള്ളത്. പ്രവൃത്തി നടപ്പാക്കിയതിലെ അപാകത സംബന്ധിച്ച് വിശദീകരണത്തിനായി മുനിസിപ്പൽ എഞ്ചിനീയർക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/17-18 തീയതി :12.04.2018 ) പ്രവൃത്തി നടപ്പാക്കിയ കൺവീനർക്ക് പ്രസ്തുത പ്രവൃത്തി ശരിയാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട് എന്നാണ് അറിയിച്ചിട്ടുള്ളത്.

എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മേൽനോട്ട കുറവാണ് ടൈൽ പാകിയതിന്റെ അപാകതകൾക്ക് കാരണമായതെന്ന് കണക്കാക്കുന്നു. മരാമത്ത് പ്രവൃത്തിയുടെ ഗുണനിലവാരം ഉറപ്പ് വരുത്താൻ രൂപീകരിച്ച മോണിറ്ററിംഗ് കമ്മിറ്റി 12.07.2017 ന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെങ്കിലും റിപ്പോർട്ടിൽ പ്രവൃത്തിയുടെ വിവരങ്ങളല്ലാതെ അഭിപ്രായമൊന്നും രേഖപ്പെടുത്തിയിട്ടില്ല.

ടൈൽ പാകിയതിലെ അപാകം കാരണം ടൈൽ ഇളകിയതിനാലും ഇളകിയ ടൈൽ ഉയർന്ന് നിൽക്കുന്നതിനാലും സഞ്ചാരികൾക്ക് സുഖകരമായ നടപ്പാത എന്ന് പ്രൊജക്ടിന്റെ ലക്ഷ്യം കൈവരിക്കാൻ നഗരസഭയ്ക്ക് സാധിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ടൈൽ പാകുന്നതിനായി ചെലവഴിച്ച തുക 1,91,258/-രൂപ (ഇനം.7ലെ ചെലവ്) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രവൃത്തിയുടെ മേൽനോട്ടം നിർവഹിച്ച ഉദ്യോഗസ്ഥരുടെ പേര് വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| ഓവർസീയർ | ശ്രീ. ശിശുപാലൻ.കെ |
| മുനിസിപ്പൽ എഞ്ചിനീയർ | ശ്രീ.ബാബുനന്ദകുമാർ |
| ചെക്ക് മെഷർ ചെയ്ത ഉദ്യോഗസ്ഥൻ | ശ്രീ.കെ.എം.ബാലകൃഷ്ണൻ, മുനിസിപ്പൽ എഞ്ചിനീയർ |

മേൽ ചൂണ്ടിക്കാണിച്ച അപാകതകൾ മുനിസിപ്പൽ കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. മരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പ് വരുത്താനും ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാനും വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ പ്രവൃത്തിയിൽ നഗരസഭയ്ക്കുണ്ടായ നഷ്ടം തിട്ടപ്പെടുത്താൻ വിശദമായ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു.

# 3-2 ഡെപ്പോസിറ്റ് പ്രവൃത്തി - കരാറുടമ്പടി ഇല്ലാതെ തുക ചെലവഴിച്ചതും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതും സംബന്ധിച്ച് - ചെലവ് തുക തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | നഗരസഭയുടെ വിവിധ വാർഡുകളിലേക്ക് കുടിവെള്ള സൗകര്യം ലഭ്യമാക്കുന്നതിനായി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിൽ തുക ഡെപ്പോസിറ്റ് ചെയ്യൽ |
| പ്രൊജക്ട് നം. | : SO 284/17 |
| അടങ്കൽ | : 54,28,011 |
| ഫണ്ടിനം | : ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് തുക | : ₹54,28,011 |
| ബിൽ നമ്പറും തീയതിയും | : 10189/20.03.2017 – 22,28,011<br>101171/28.08.2017 – 27,00,000 |

നഗരസഭയുടെ വിവിധ വാർഡുകളിൽ കുടിവെള്ള സൗകര്യം ലഭ്യമാക്കുവാനായി 2016-17 വർഷം ആരംഭിച്ച പ്രൊജക്ടാണിത് . ഈയിനത്തിൽ നാളിതുവരെയായി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ ആകെ 54,28,011/- രൂപ ഡിപ്പോസിറ്റ് ചെയ്തിട്ടുണ്ട്. 13-ാം പഞ്ചവൽസര പദ്ധതി മാർഗരേഖ പ്രകാരം തദ്ദേശ ഭരണസ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിലേർപ്പെട്ട ശേഷം മാത്രമേ മുൻകൂർ തുക നൽകാവൂ. എന്നാൽ ഫയലിൽ ഇത് സംബന്ധിച്ച കരാർ ഉടമ്പടി ലഭ്യമല്ല.

ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിന്റെ കാസറഗോഡ് ജില്ലാ ഓഫീസറുടെ 24.03.2018 ലെ നം.ജി.ഡബ്ല്യു.കെ/1341/2017 നമ്പർ കത്തിൽ ഒരു സ്കീമിന് 3 ലക്ഷം രൂപ എസ്റ്റിമേറ്റിൽ 9 ഇനങ്ങളിലായി വാട്ടർ സപ്ലൈ സ്കീം സ്ഥാപിക്കുന്നതിനായി 27 ലക്ഷം രൂപ

ഒടുക്കാനായി ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഏതൊക്കെ വാർഡുകളിലാണ് കുഴൽ കിണർ സ്ഥാപിക്കേണ്ടത്, പദ്ധതി പൂർത്തീകരണ കാലയളവ്, നാളിതുവരെയുള്ള ചെലവ് ഇടങ്ങിയവ സംബന്ധിച്ച് യാതൊരു രേഖകളും ഫയലിൽ ലഭ്യമല്ല.

ആയതിനാൽ മേൽ പദ്ധതിയുടെ നിലവിലുള്ള സ്ഥിതി വിവരങ്ങളും ബന്ധപ്പെട്ട ഏജൻസിയുമായുള്ള കരാർ ഉടമ്പടിയും വിനിയോഗ സാക്ഷ്യപത്രവും ഓഡിറ്റിൽ ലഭ്യമാക്കാനായി ഓഡിറ്റ് എൻക്വയറി നം.10 /2017-18 തീയതി : 23.05.2018 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. 2017-18 വർഷത്തിലെ ചെലവ് തുക 27,00,000/-രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രവൃത്തി | : നഗരസഭകളിലെ വിവിധ അങ്കണവാടികളിലെ കുടിവെള്ള പദ്ധതി |
| പ്രൊജക്ട് നം. | : 207/17-18 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | : 10 ലക്ഷം |
| ചെലവ് | : 10 ലക്ഷം<br>(ബിൽ നം.1163591/13.03.18) |
| നിർവഹണ ഉദ്യോഗസ്ഥൻ | : അസിസ്റ്റന്റ് എഞ്ചിനീയർ |

നഗരസഭകളിലെ വിവിധ അങ്കണവാടികളിൽ കുടിവെള്ള സൗകര്യത്തിനാവശ്യമായ കുഴൽ കിണറുകൾ സ്ഥാപിച്ച് കുടിവെള്ള സൗകര്യം ഉറപ്പുവരുത്തുന്നതിനായി കാസറഗോഡ് കേരള ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് മുഖേന ഡെപ്പോസിറ്റ് പ്രവൃത്തി ചെയ്യുന്നതിനായി 13.03.2013 ന് 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ മേൽ കുടിവെള്ള പദ്ധതി സംബന്ധിച്ച എസ്റ്റിമേറ്റ്, ഏതൊക്കെ അങ്കണവാടികളിലാണ് പദ്ധതി നടപ്പിലാക്കുന്നത് എന്നിവ സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. 13-ാം പഞ്ചവൽസര പദ്ധതി മാർഗരേഖ പ്രകാരം തദ്ദേശ ഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിലേർപ്പെട്ട ശേഷം മാത്രമേ മുൻകൂർ തുക നൽകാവൂ. എന്നാൽ ഫയലിൽ ഇത് സംബന്ധിച്ച കരാർ ഉടമ്പടി ലഭ്യമല്ല. ഓഡിറ്റ് എൻക്വയറി നം.12 /2017-18 തീയതി : 23.05.2018 പ്രകാരം കരാർ ഉടമ്പടിയും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കാനായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയില്ല. ചെലവ് തുക 10 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രവൃത്തി | : നഗരസഭകളിലെ വിവിധ കോളനികളിൽ കുടിവെള്ള വിതരണം |
| പ്രൊജക്ട് നം. | : 210/17-18 |
| എസ്.സി.പി ഫണ്ട് | : 3 ലക്ഷം |
| ചെലവ് | : 3 ലക്ഷം<br>(ബിൽ നം.10191/13.03.2018) |
| നിർവഹണ ഉദ്യോഗസ്ഥൻ | : അസിസ്റ്റന്റ് എഞ്ചിനീയർ |

ബീരന്ത്ബയൽ എസ്.സി കോളനി, അമയ് എസ്.സി കോളനി എന്നിവിടങ്ങളിൽ കുടിവെള്ള സൗകര്യം ലഭ്യമാക്കുന്നതിനായി കുഴൽ കിണർ കുഴിക്കുന്നതിനായി കേരള ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് മുഖേന ഡെപ്പോസിറ്റ് പ്രവൃത്തി ചെയ്യുന്നതിനായി 13.03.2018 ന് 3 ലക്ഷം രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. 13-ാം പഞ്ചവൽസര പദ്ധതി മാർഗരേഖ പ്രകാരം തദ്ദേശ ഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിലേർപ്പെട്ട ശേഷം മാത്രമേ മുൻകൂർ തുക നൽകാവൂ. എന്നാൽ ഫയലിൽ ഇത് സംബന്ധിച്ച കരാർ ഉടമ്പടി ലഭ്യമല്ല.

മേൽ പ്രവൃത്തിയുടെ നിലവിലുള്ള സ്ഥിതി അറിയിക്കേണ്ടതും ബന്ധപ്പെട്ട ഏജൻസിയുമായുള്ള കരാർ ഉടമ്പടിയും തുക സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കാനായി ഓഡിറ്റ് എൻക്വയറി നം.13/2017-18 തീയതി : 23.05.2018 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയില്ല. ചെലവ് തുക 3 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു.

<u>കരാർ ഉടമ്പടിയും വിനിയോഗ സാക്ഷ്യപത്രവും ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്</u>

| | | |
|---|---|---|
| 1. | പ്രവൃത്തി | നഗരസഭയുടെ വിവിധ വാർഡുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് വേണ്ടി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന് തുക നൽകൽ |
| | പ്രൊജക്ട് നം. | S0227/18 |
| | ഫണ്ടിനം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| | ചെലവ് | ₹19,50,000/-<br>(ബിൽ നം.1300966902 തീയതി : 01.02.2018) |
| | നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, കരാർ ഉടമ്പടി എന്നിവ ഓഡിറ്റിൽ ഹാജരാക്കേണ്ടതും, ഏകവർഷ പ്രൊജക്റ്റായി ആരംഭിച്ച പ്രസ്തുത പ്രവൃത്തിയുടെ നിലവിലുള്ള സ്ഥിതിവിവരം അറിയിക്കേണ്ടതും പ്രവൃത്തി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം.26/2017-18 തീയതി:18.07.2018) നഗരസഭയുടെ വിവിധ വാർഡുകളിൽ കുഴൽ കിണർ സ്ഥാപിച്ച് കുടിവെള്ളം ലഭ്യമാക്കാനുള്ള പ്രൊജക്റ്റാണിത്. ആയതിനുവേണ്ടി ആകെ 19,50,000/-രൂപ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. 13-ാം പഞ്ചവൽസര പദ്ധതി മാർഗരേഖ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ട ശേഷം മാത്രമാണ് മുൻകൂർ തുക നൽകാവുന്നത്. എന്നാൽ ഫയലിൽ കരാർ ഉടമ്പടി ലഭ്യമല്ല.

## 3-3 ഡി.പി.സി. അംഗീകാരമില്ലാതെ പദ്ധതികൾ നടപ്പാക്കുന്നു. സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വികസന പദ്ധതികൾ നടപ്പാക്കുന്നത് സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ വിശദമായ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പതിമൂന്നാം പഞ്ചവൽസര പദ്ധതിയുടെ ആദ്യ വാർഷിക പദ്ധതി 2017-18 തയ്യാറാക്കുന്നത് സംബന്ധിച്ച് മാർഗ നിർദേശങ്ങൾ സർക്കാർ ഉത്തരവിൽ (നം.എം.എസ്79/2017 തസ്വഭവ തീയതി:29.03.2017) വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കാസറഗോഡ് നഗരസഭയിൽ ഈ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടതായി കാണുന്നില്ല.

കാസറഗോഡ് നഗരസഭയിൽ മുൻകാലങ്ങളിൽ ഡി.പി.സി. അംഗീകാരം നേടാതെ നടപ്പാക്കിയ പദ്ധതികൾക്കും 2017-18 ൽ തനത് ഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടുണ്ട്. 2017-18 വർഷത്തെ മരാമത്ത് പ്രവൃത്തികളുടെ ചെലവ് വൗച്ചറുകളും അനുബന്ധ ഫയലുകളും പരിശോധിച്ചതിൽ 2011-12 മുതൽ നടപ്പാക്കിയ പദ്ധതികൾക്ക് 2017-18 ൽ തനത് ഫണ്ട്/സി.എഫ്.സി ഗ്രാന്റിൽ നിന്നും തുക ചെലവഴിച്ചതായും മുൻ വർഷങ്ങളിൽ നടപ്പാക്കിയ പല പദ്ധതികൾക്കും നാളിതുവരെ ബിൽ തുക നൽകിയിട്ടില്ല എന്നും കണ്ടെത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച നിയമസഭാ ചോദ്യത്തിനുള്ള മറുപടിയായി (ചോദ്യം നം.4130) 14.03.2018 ലെ PW3-4723/18 നമ്പർ കത്ത് പ്രകാരം 2010-11 മുതൽ 2016-17 വരെ കാലയളവിൽ 87,75,900/-രൂപ അടങ്കലുള്ള 44പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട് എന്നും അവയ്ക്ക് നാളിതുവരെ ബിൽ തുക നൽകിയിട്ടില്ല എന്നും മുനിസിപ്പൽ എഞ്ചിനീയർ LSGD ചീഫ് എഞ്ചിനീയർക്ക് അയച്ച കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതിൽ നിന്നും 2010-11 മുതൽ അനധികൃതമായി നടപ്പാക്കിയ പദ്ധതികൾക്ക് 87,75,900/- രൂപയോളം നൽകാനുണ്ട് എന്ന് കാണാവുന്നതാണ്. ഇത് ക്രമവിരുദ്ധവും സർക്കാർ ഉത്തരവിന്റെ ലംഘനവും ജനകീയാസൂത്രണത്തിന്റെ സത്തയെ തന്നെ അവഹേളിക്കുന്നതുമാണ്. ഇത് അധികാര ദുർവിനിയോഗമായി കണക്കാക്കുന്നു. കൂടാതെ സർക്കാർ നിർദേശം പാലിക്കാതെയും, ഡി.പി.സി അംഗീകാരമില്ലാതെയും അനധികൃതമായി മുൻവർഷങ്ങളിൽ നടപ്പാക്കിയ പദ്ധതികൾക്ക് 2017-18 ൽ ആകെ 8,81,914/-രൂപ ബിൽ തുക നൽകിയിട്ടുണ്ട്. 2017-18 ലെ ഇത്തരം ചെലവുകൾ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര്<br>ഫയൽ നം. | അടങ്കൽ തുക | നടപ്പാക്കിയ വർഷം | ബിൽ തുക | വൗച്ചർ നമ്പറും തീയതിയും |
|---|---|---|---|---|---|
| 1 | പുലിക്കുന്ന് ഐവർ ഭഗവതി<br>ബോർവെൽ റിപ്പയർ<br>PW3-1528/16 | 40,200 | 2016-17 | 40,200 | 948/18.01.18 |
| 2 | സ്കൗട്ട് ഭവൻ അങ്കണവാടിക്ക സമീപം ബോർവെല്ലിനു ടാങ്ക് നിർമ്മിക്കുന്നത്<br>PW1-26836/15 | 23,000 | 2016-17 | 22,637 | 655/28.10.17 |
| 3 | ബഹു. ചെയർമാന്റെ ചേംബറിൽ മേശ വാങ്ങൽ<br>PW1-32790/14 | ---- | 2014-15 | 49,100 | 560/18.04.17 |
| 4 | ബഹു.ചെയർമാന്റെ ചേംബറിൽ കസേര വാങ്ങിയത്<br>PW1-32768/14 | ---- | -- | 49,900 | 216/09.06.17 |
| 5 | തളങ്കര അങ്കണവാടി/<br>ഹോമിയോ ആശുപത്രി അറ്റകുറ്റപ്പണി<br>PW1-22464/16 | 46,000 | 2015-16 | 45,623 | 486/08.09.17 |
| 6 | ടൗൺ ഹാളിൽ വാട്ടർ ടാങ്ക് സ്ഥാപിക്കൽ<br>PW1-30489/16 | 49,550 | 2016-17 | 46,898 | 442/30.08.17 |
| 7 | പൊയ്യക്കര കുണ്ടിൽ റോഡ് റിപ്പയർ<br>PW1-11387/17 | 50,000 | 2016-17 | 49,378 | 653/26.10.17 |

| | | | | | |
|---|---|---|---|---|---|
| 8 | കടപ്പുറം ബദരിയ മസ്ജിദിന മുൻവശം ഡ്രെയിനേജ്, കവറിംഗ് സ്ലാബ്<br>PW1-15436/15 | 1,20,000 | 2015-16 | 1,06,564 | 283/04.07.17 |
| 9 | തായലങ്ങാടി -ഡ്രെയിനേജ് കവറിംഗ് സ്ലാബ്<br>PW1-22788/15 | 95,000 | 2016-17 | 39,562 | 635/12.10.17 |
| 10 | അശോക് നഗർ ഗ്രൗണ്ട് പൈപ്പ് ലൈൻ റിപ്പയർ<br>PW3-4172/17 | 50,000 | 2016-17 | 49,435 | 246/19.06.17 |
| 11 | ജി.എച്ച്.എസ്.എസ് തളങ്കര – സ്റ്റേജ് നിർമാണം<br>P2-22259/14 | 20,00,000 | 2014-15 | 1,14,219<br>(ഫൈനൽ ബിൽ തുക) | 57/18.04.17 |
| 12 | ടൗൺഹാൾ കെട്ടിട നവീകരണം<br>P2-8666/11 | 30,00,000 | 2011-12 | 2,50,000<br>(ഫൈനൽ ബിൽ തുക) | 628/12.10.17 |
| 13 | ബൈദർക്കള ക്ഷേത്രത്തിനടുത്തുള്ള തോടിന് സ്ലാബ് നിർമാണ പ്രവൃത്തി<br>PW1-33212/14 | 18,500 | 2014-15 | 18,398 | 834/11.1217 |
| ആകെ | | | | 8,81,914 | |

## 3-4 തെരുവ് വിളക്ക് പരിപാലനം - AMC വ്യവസ്ഥയിൽ 2014-15 മുതൽ തുടർച്ചയായി സ്വകാര്യ വ്യക്തിക്ക് കരാർ നൽകി - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല

| | |
|---|---|
| ഫയൽ നം. | : 15225/14 II |
| എസ്.സി.പി ഫണ്ട് | : 3 ലക്ഷം |
| ചെലവ് | : 7,08,336/-<br>(വൗച്ചർ നം.346/24.07.2017) |

മേൽ ഫയൽ പരിശോധനയിൽ കാസറഗോഡ് നഗരസഭയിലെ തെരുവ് വിളക്ക് പരിപാലനം AMC വ്യവസ്ഥയിൽ 01.08.2014 മുതൽ 31.07.2015 വരെയുള്ള കാലയളവിൽ ശ്രീ.ബി.മുഹമ്മദ് കുഞ്ഞി എന്നയാൾക്ക് കരാർ നൽകിയതായും പിന്നീട് നാളിതുവരെയും AMC ടിയാളുടെ പേരിൽ തുടർന്നു വരുന്നതായും കണ്ടെത്തിയിട്ടുണ്ട്.

15.09.2011ലെ 3055/ഡി.എ.3/11 തസ്വഭവ നമ്പർ സർക്കുലർ പ്രകാരം തെരുവ് വിളക്ക് പരിപാലനം ടെണ്ടറിംഗ് സംവിധാനം വഴി KSEB ഒഴികെയുള്ള മറ്റ് ഏജൻസിക്ക് നൽകാവുന്നതാണ്. കൂടാതെ, 27.03.2012 ലെ സർക്കുലർ നം.67208/സി.എ.3/11തസ്വഭവ പ്രകാരം KSEB യെ കൂടി ഉൾപ്പെടുത്തി ടെണ്ടർ സ്ഥാപിക്കാൻ നിർദ്ദേശിച്ചിരുന്നു. പിന്നീട് 01.01.2005 ലെ സ.ഉ.(സാധാ) നം.2/2015/ തസ്വഭവ പ്രകാരം കാസറഗോഡ് ജില്ലയിലെ തെരുവ് വിളക്കുപകരണങ്ങളുടെ വിതരണം, ഇൻസ്റ്റലേഷൻ, മെയിന്റനൻസ് , ഗ്യാരണ്ടി നൽകൽ തുടങ്ങി തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച മുഴുവൻ പ്രവൃത്തികളും കാസറഗോഡ് സീതാംഗോളിയിൽ പ്രവർത്തിക്കുന്ന ക്യൂസ് മുഖേന നടത്തുവാൻ ഉത്തരവായിട്ടുണ്ട്.

തെരുവ് വിളക്കുകളുടെ AMC സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. കാസറഗോഡ് നഗരസഭയിൽ തെരുവ് വിളക്കുകളുടെ പരിപാലനം AMC വ്യവസ്ഥയിൽ 2014-15 മുതൽ സ്വകാര്യകരാറുകാരനായ ശ്രീ.മുഹമ്മദ് കുഞ്ഞിക്ക് കരാർ നൽകുകയും നാളിതുവരെയും കരാർ തുടർന്നു വരികയുമാണ്. തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച എ.എം.സി പുതുക്കി നൽകുവാനുള്ള നടപടികൾ സ്വീകരിക്കുവാനും അതുവരെ നിലവിലുള്ള സംവിധാനം തുടരുന്നതിനും നഗരസഭ ചെയർമാൻ നൽകിയ മുൻകൂർ അനുമതി 16.06.2015 ലെ കൗൺസിൽ തീരുമാനം നമ്പർ 7 പ്രകാരം അംഗീകരിക്കുകയായിരുന്നു. എന്നാൽ പിന്നീട് ഇതു സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.
2. കാസറഗോഡ് നഗരസഭയിൽ സൂക്ഷിച്ചിരിക്കുന്ന തെരുവ് വിളക്കുകൾ സംബന്ധിച്ച രജിസ്റ്ററിൽ 02.03.2018 ന് നിലവിലുള്ള ആകെ പോസ്റ്റുകളുടെ എണ്ണം 1962 എന്ന് കാണിച്ചിട്ടുണ്ട്. ആയത് ആരും സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ നഗരപ്രദേശത്ത് ആകെ എത്ര എണ്ണം തെരുവ് വിളക്കുകൾ ഉണ്ട് എന്നും അവയിൽ സോഡിയം വേപ്പർ ലാമ്പ്, എൽ.ഇ.ഡി വിളക്കുകൾ ഇവ എത്ര എന്നും സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച രേഖകൾ നഗരസഭയുടെ കൈവശമില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നം.14/17-18 തീയതി:26.05.2018 ന് 07.06.18 -ാം തീയതി നൽകിയ PW1-6813/18 നമ്പർ മറുപടിയിൽ കാസറഗോഡ് നഗരസഭയിൽ ആകെ SVL-1800 എണ്ണം, LF-2500എണ്ണം LED – 100 എണ്ണം തെരുവ് വിളക്കുകൾ ഉണ്ടെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ആയത് തെളിയിക്കുന്ന രേഖകളോ രേഖപ്പെടുത്തിയ രജിസ്റ്ററുകളോ നിലവിലില്ല.

കരാറുകാരൻ നല്കുന്ന വിവരങ്ങളാണ് മറുപടിയായി നൽകി വരുന്നത്. 1700 തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി ഒരു വിളക്കിന് 1,250/-രൂപ നിരക്കിലാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളത്.

3. തെരുവ് വിളക്ക് പരിപാലനം സംബന്ധിച്ച് നഗരസഭയിൽ സൂക്ഷിച്ചിരിക്കുന്ന പരാതി പരിഹാര രജിസ്റ്റർ പരിശോധിച്ചതിൽ അവ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല എന്ന് കണ്ടു. 2017 മെയ് മാസം മുതലുള്ള രജിസ്റ്ററാണ് പരിശോധനയ്ക്ക് സമർപ്പിച്ചത്. 12.05.2017 മുതൽ 12.06.17 വരെ 165 പരാതികൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. പരാതി രജിസ്റ്റർ പ്രകാരം 12.06.2017 ന് ശേഷം പരാതികൾ ഒന്നും തന്നെ ലഭിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. തെരുവ് വിളക്കുകൾ സംബന്ധിച്ച പൊതുജനങ്ങളുടെ പരാതികൾ കൈകാര്യം ചെയ്യുന്നതിനായി നഗരസഭയിൽ നിലവിലുള്ള സംവിധാനം വിശദീകരിക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറി നം.14/2017-18 തീയതി : 26.05.2018 ന മറുപടിയായി പരാതി രജിസ്റ്റർ ഓഡിറ്റിൽ ഹാജരാക്കിയതാണെന്നും ഓരോ വാർഡിലും കൗൺസിലർമാരുടെ നേതൃത്വത്തിൽ ലൈറ്റുകൾ നന്നാക്കിയത് കൗൺസിലർമാർ നൽകുന്ന സാക്ഷ്യപത്രം മുഖേനയാണ് പണം നൽകുന്നതെന്ന് വിശദീകരിച്ചിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച ഫയൽ പരിശോധനയിൽ 18.07.2016 മുതൽ 17.08.2016 വരെയുള്ള ഒരു മാസത്തെ രേഖകൾ മാത്രമേ ഫയലിൽ ലഭ്യമാക്കിയിട്ടുള്ളൂ. മുഴുവൻ വാർഡ് കൗൺസിലർമാരും ഒപ്പ് മാത്രം വച്ച ഒരു രേഖ മാത്രമാണിത്. ആയതിൽ ഏതൊക്കെ പോസ്റ്റുകളിൽ എത്ര എണ്ണം ലൈറ്റുകൾക്ക് അറ്റകുറ്റ പണി നടത്തിയെന്നോ വാർഡ് നമ്പർ, പോസ്റ്റ് നമ്പർ എന്നിവയോ രേഖപ്പെടുത്തി വരുന്നില്ല.ഇതിൽ നിന്നും കൃത്യമായ രേഖകളുടെ അഭാവത്തിലാണ് കരാർ പണം അനുവദിച്ചുവരുന്നതെന്ന കാണാം.

4. മേൽ വിവരിച്ച സർക്കാർ ഉത്തരവ് പ്രകാരം കാസറഗോഡ് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തെരുവ് വിളക്ക് പരിപാലിക്കുന്നതിന് Kerala Rural Employment and Welfare Society (KREWS) എന്ന സ്ഥാപനത്തെ ഏൽപിക്കാവുന്നതാണ്. 30 വാട്സ് വരെയുള്ള തെരുവ് വിളക്കുകളുടെ പരിപാലനത്തിന് 598/- രൂപയും സേവന നികുതിയും 30 മുതൽ 65 വാട്സ് വരെയുള്ള തെരുവ് വിളക്കുകളുടെ പരിപാലനത്തിന് 638/-രൂപയും സേവന നികുതിയും 65 മുതൽ 100 വാട്സ് വരെയുള്ളവയ്ക്ക് 828/- രൂപയും സേവന നികുതിയുമാണ് KREWS ഈടാക്കുന്ന വാർഷിക നിരക്ക്. ഇത് പരിഗണിക്കാതെ ഇതിന്റെ ഇരട്ടിയിലധികം രൂപയ്ക്ക് സ്വകാര്യ കരാറുകാരനുമായി 2014-15 മുതൽ കരാറിൽ ഏർപ്പെട്ട് നാളിതുവരെ തുടർന്നുവരികയാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക്, KREWS എന്ന സ്ഥാപനം നാളിതുവരെയും നഗരസഭയുമായി ബന്ധപ്പെട്ടിട്ടില്ല എന്നും മേൽ സ്ഥാപനത്തെക്കുറിച്ച് കേട്ടിട്ടില്ല എന്നുമുള്ള മറുപടിയാണ് എഞ്ചിനീയറിംഗ് വിഭാഗം നൽകിയിട്ടുള്ളത്.

2014-15 മുതലുള്ള കരാർ യഥാസമയം അവസാനിപ്പിച്ച് പുതുതായി ടെണ്ടർ ക്ഷണിക്കാതെയും നിലവിലുള്ള സർക്കാർ അംഗീകൃത ഏജൻസികളെ പരിപാലന ചുമതല ഏൽപിക്കുകയോ ചെയ്യാതെയും, വ്യക്തമായ രേഖകളോ യാതൊരു മേൽനോട്ടമോ കൂടാതെ തെരുവ് വിളക്ക് പരിപാലനത്തിനായി ഭീമമായ തുക ചെലവഴിക്കുന്നത് സംബന്ധിച്ച് കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-5 പൊതുടാപ്പ് വെള്ളക്കരം - പിഴ ഇനത്തിൽ നഗരസഭ ഫണ്ടിൽ നിന്നും ഒടുക്ക് വരുത്തിയ തുക തിരിച്ചടയ്ക്കേണ്ടതാണ്

2017-18 വർഷം കാസറഗോഡ് നഗരസഭയുടെ പൊതുടാപ്പ് വെള്ളക്കരം കുടിശ്ശിക വന്നതിനാൽ പിഴ ഇനത്തിൽ 17,796/-രൂപ കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്ക് വരുത്തിയിട്ടുണ്ട്. കുടിശ്ശികയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | ബിൽ തുക | പണം ഒടുക്കേണ്ട അവസാന തീയതി | അടവാക്കിയ തീയതി | അടവാക്കിയ തുക | വൗച്ചർ നം. | പിഴ ഇനത്തിൽ ഒടുക്കിയ തുക | പണം ഒടുക്കേണ്ട അവസാന തീയതിയിലെ തനത് ഫണ്ട് നീക്കിയിരിപ്പ് തുക (PNB പാസ് ബുക്ക് പ്രകാരം |
|---|---|---|---|---|---|---|---|
| ഏപ്രിൽ | 1,30,086 | 28.04.17 | 27.04.17 | 1,30,086 | 69 | -- | 25,74,139.25 |
| മെയ് | 1,30,086 | 30.05.17 | 23.05.17 | 1,30,086 | 161 | -- | 33,96,617.25 |
| ജൂൺ | 1,30,086 | 29.06.17 | 29.06.17 | 1,30,086 | 265 | -- | 13,25,690.25 |
| ജൂലൈ | 1,30,086 | 29.07.17 | 26.07.17 | 1,30,086 | 351 | -- | 22,53,366.95 |
| ഓഗസ്റ്റ് | 1,30,086 | 29.08.17 | 04.10.17 | 1,30,086 | 553 | -- | 41,34,979.95 |
| സെപ്റ്റംബർ | 2,62,774 | 28.09.17 | 04.10.17 | 1,30,086 | 552 | -- | 87,47,498.95 |
| ഒക്ടോബർ | 3,98,063 | 30.10.17 | -- | -- | -- | -- | 78,04,811.85 |
| നവംബർ | 2,70,579 | 29.11.17 | 29.11.17 | 2,70,579 | 785 | 10,407 (ഓഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെ പിഴ) | 41,17,787.55 |

| | | | | | | | |
|---|---|---|---|---|---|---|---|
| ഡിസംബർ | 1,30,086 | 29.12.17 | 22.12.17 | 1,30,086 | 883 | -- | 41,31,493.15 |
| ജനുവരി | 1,30,086 | 30.01.18 | -- | -- | -- | -- | 45,06,260.71 |
| ഫെബ്രുവരി | 2,62,566 | 28.02.18 | 08.03.18 | 2,62,566 | 1107 | 2,394<br>(ജനുവരി മാസത്തെ പിഴ) | 1,41,55,304.31 |
| മാർച്ച് | 3,97,647 | 27.03.18 | 26.03.18 | 1,35,081 | 1186 | 4,995<br>(ജനുവരി, ഫെബ്രുവരി മാസങ്ങളിലെ പിഴ) | 1,95,76,797.31 |
| ആകെ പിഴ | | | | | | 17,796 | |

പണം ഒടുക്കേണ്ട അവസാന തീയതിയിൽ തനത് ഫണ്ടിൽ ആവശ്യത്തിന് നീക്കിയിരിപ്പ് തുക ഉണ്ടായിട്ടും വെള്ളക്കരം കുടിശ്ശിക വരാൻ കാരണം ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്.

വെള്ളക്കരം ഒടുക്കാൻ വീഴ്ച വരുത്തിയ കാലയളവിൽ 17.08.17 മുതൽ (08/17 ലെ വെള്ളക്കര ഡിമാന്റ് നോട്ടീസ് ലഭിച്ച തീയതി) 29.11.17 വരെയും 16.01.2018 മുതൽ 08.03.2018 വരെയും വെള്ളക്കരം ഒടുക്കാൻ ചുമതലപ്പെടുത്തിയിരുന്ന ഉദ്യോഗസ്ഥരുടെ പേര് വിവരം ചുവടെ കൊടുക്കുന്നു. (ഓഡിറ്റ് അന്വേഷണം നം. 03/2017-18 തീയതി .04.05.2018ന് ലഭിച്ച മറുപടി പ്രകാരം)

| കാലയളവ് | ക്ലർക്ക് | സൂപ്രണ്ട് | സെക്രട്ടറി |
|---|---|---|---|
| 17.08.2017 മുതൽ 29.11.2017 വരെ | പത്മകുമാർ.പി -<br>(25.09.2017 വരെ)<br>അബ്ദുൾ റഷീദ് -<br>(25.09.2017 മുതൽ 29.11.2017 വരെ | രാജേഷ്.ജി - (12.10.2017 വരെ)<br>അമിത.ബി<br>(13.10.2017 മുതൽ 29.11.2017 വരെ) | സജികുമാർ.വി<br>(11.05.17 മുതൽ തുടരുന്നു) |
| 16.01.2018 മുതൽ 08.03.2018 വരെ | ഷിബിൻ രാജേഷ്, എൽ.ഡി.സി<br>(16.01.2018 മുതൽ തുടരുന്നു) | നൗഷാദ്.എ.എം (16.01.2018 മുതൽ 29.01.2018 വരെ)<br>ഷൈജേഷ്.കെ - (30.01.2018 മുതൽ 20.02.2018 വരെ)<br>അമിത.ബി<br>(20.02.2018 മുതൽ 01.03.2018 വരെ) | |

ഈ സാഹചര്യത്തിൽ പിഴ ഇനത്തിൽ കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്ക് വരുത്തിയ തുക 17,796/- രൂപ മേൽ വിവരിച്ച ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും താഴെ പറയും വിധം ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

| മാസം | പിഴ ഇനത്തിൽ കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കിയ തുക | ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ട തുക | | |
|---|---|---|---|---|
| | | ക്ലർക്ക് | സൂപ്രണ്ട് | സെക്രട്ടറി |
| ആഗസ്റ്റ്, സെപ്റ്റംബർ , ഒക്ടോബർ | 10,407/- | 1) പത്മകുമാർ.പി - ₹1,735/-<br>2) അബ്ദുൾറഷീദ് - ₹1,735/- | 1)രാജേഷ്.ജി - ₹1,735 /-<br>2) അമിത.ബി - ₹1,735/- | സജികുമാർ.വി - ₹3,469/- |
| ജനുവരി, | 7,389/- | ഷിബിൻ | 1) | സജികുമാർ.വി |

| | | | | |
|---|---|---|---|---|
| ഫെബ്രുവരി | (2394+4995) | രാജേഷ് - ₹2,463/- | നൗഷാദ്.എ.എം - ₹821/-<br>2) ഷൈജേഷ്.കെ- ₹821/-<br>3) അമിത.ബി - ₹821/- | - ₹2,463/- |

ആയത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.3/17-18 തീയതി 12.06.2018 ന് ശ്രീ.ഷൈജേഷ്.കെ, സൂപ്രണ്ട്, ശ്രീമതി.അമിത.ബി, സൂപ്രണ്ട് എന്നിവർ സമർപ്പിച്ച മറുപടി തൃപ്തികരമല്ല.

# 3-6 അകാരണമായി പ്രവൃത്തി വൈകിയതിന് പിഴ ഈടാക്കിയിട്ടില്ല - എസ്റ്റിമേറ്റിലെ പ്രധാന ഇനങ്ങൾ ചെയ്തിട്ടില്ല

| | |
|---|---|
| ഫയൽ നം. | : പി.ഡബ്ല്യു.1/4766/10 |
| പ്രവൃത്തി | : ടി.എ.ഇബ്രാഹിം സ്മാരക ലൈബ്രറി അറ്റകുറ്റപ്പണിയും വാട്ടർ ടാങ്ക് കണക്ഷനും |
| അടങ്കൽ | : 85,000/- |
| ചെലവ് | : 66,923/- |
| വൗച്ചർ നം. | : 544, തീയതി-27.09.2017 |
| കരാറുകാരൻ | : എം.അബ്ദുൾ ഷെരീഫ് |
| എം. ബുക്ക് നം. | : 108/13-14 |
| നിർവഹണ ഉദ്യോഗസ്ഥൻ | നഗരസഭാ എഞ്ചിനീയർ, കാസറഗോഡ് നഗരസഭ |

കാസറഗോഡ് നഗരസഭയിലെ 14-ാം വാർഡിലെ ടി.എ.ഇബ്രാഹിം സ്മാരക ലൈബ്രറി & കമ്മ്യൂണിറ്റി ഹാളിന് ഫ്ലോർ ടൈൽസ് ഇടാനും വാട്ടർ ടാങ്ക് സ്ഥാപിച്ച് കേരള വാട്ടർ അതോറിറ്റിയുടെ വാട്ടർ കണക്ഷൻ ലഭ്യമാക്കാനും ഉദ്ദേശിച്ച കൊണ്ടുള്ള മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് നിരക്കിലുള്ള ടെണ്ടർ സമർപ്പിച്ച ശ്രീ.എം.അബ്ദുൾ ഷെരീഫിന്റെ ടെണ്ടർ കൗൺസിൽ തീരുമാനം നം.26 തീയതി : 12.01.2011 പ്രകാരം അംഗീകരിക്കുകയും 25.02.2011 ന് എഗ്രിമെന്റ് ചമച്ച് പ്രവൃത്തി ആരംഭിക്കുകയും ചെയ്തിരുന്നു.

മേൽ പ്രവൃത്തി സംബന്ധിച്ച ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. 85,000/-രൂപ അടങ്കലുള്ള മേൽ പ്രവൃത്തിയ്ക്ക് ഡി.പി.സി അംഗീകാരം ലഭ്യമാക്കിയിട്ടില്ല.
2. ലൈബ്രറിയുടെ അറ്റകുറ്റപ്പണിയോടൊപ്പം വാട്ടർ ടാങ്ക് സ്ഥാപിച്ച് കേരള വാട്ടർ അതോറിറ്റിയുടെ വാട്ടർ കണക്ഷൻ ലഭ്യമാക്കുക എന്നിവ കൂടി ഉൾപ്പെട്ടിട്ടുള്ള പ്രൊജക്ടിലെ ടൈൽ പാകുന്ന പ്രവൃത്തി ചെയ്തിട്ടുണ്ട്. എന്നാൽ വാട്ടർ ടാങ്ക് സ്ഥാപിക്കുകയോ വാട്ടർ കണക്ഷൻ ലഭ്യമാക്കുകയോ ചെയ്യാതെ എസ്റ്റിമേറ്റിലെ ഇനം 6, 7, 13 എന്നിവ പ്രകാരമുള്ള പി.വി.സി പൈപ്പുകൾ, വാട്ടർ ടാപ്പുകൾ എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തികൾ മാത്രം ചെയ്തതിനാൽ മേൽ പ്രൊജക്ട് കൊണ്ട് ഉദ്ദേശിച്ച ഗുണഫലങ്ങൾ ലഭ്യമായിട്ടില്ല എന്ന് വ്യക്തമാണ്. ആയതിനാൽ വാട്ടർ ടാങ്ക് സ്ഥാപിച്ച് വാട്ടർ കണക്ഷൻ ലഭ്യമാക്കുക എന്ന പ്രവൃത്തി ഒഴിവാക്കിയതിന് വിശദീകരണം നൽകേണ്ടതാണ്.
3. 01.07.99 ലെ ജി.ഒ.(പി) നം.68/99 ഉത്തരവ് പ്രകാരം പ്രവൃത്തി ആരംഭിക്കാനുള്ള നോട്ടീസ് നൽകി 20 ദിവസത്തിനകം കരാർ ചമയ്ക്കേണ്ടതാണ്. എന്നാൽ 24.01.2011 ന് നോട്ടീസ് നൽകിയിരുന്നെങ്കിലും 25.02.2011 ന് മാത്രമാണ് കരാർ വെച്ചതായി കാണുന്നത്. ആയതിനാൽ എസ്റ്റിമേറ്റ് പി.എ.സി യുടെ 1% തുക മിനിമം 1000/-രൂപ പിഴയിനത്തിൽ ഈടാക്കേണ്ടതാണ്.
4. 25.02.2011 ന് എഗ്രിമെന്റ് ചമച്ച് ആരംഭിച്ച പ്രവൃത്തി ഒരു മാസം കൊണ്ട് പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി സമയപരിധിക്കകം പൂർത്തീകരിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പൂർത്തീകരണ സാക്ഷ്യപത്രത്തിലും ഇത് സംബന്ധിച്ച് രേഖപ്പെടുത്തൽ ഇല്ല. എന്നാൽ പ്രവൃത്തി സംബന്ധിച്ച എം ബുക്ക് പേജ് 22 ൽ അളവ് രേഖപ്പെടുത്തിയത് പരിശോധിച്ചത് 10.05.13 നാണ്. ആയതിനാൽ പ്രവൃത്തി സമയ പരിധിക്കകം പൂർത്തീകരിച്ചില്ല എന്ന് വ്യക്തമാണ്. ആയതിനാൽ കേരള പൊതുമരാമത്ത് മാന്വൽ 2012 ( ജി.ഒ.(പി) 13/2012/പി.ഡബ്ല്യു.ഡി ) 01.02.2012 പ്രകാരം കാരാറുകാരനിൽ നിന്നും പിഴ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലയളവ് ദീർഘിപ്പിക്കാവുന്നതാണ്. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ സമയം ഒറിജിനൽ സമയത്തിന്റെ 50% ൽ അധികരിക്കാൻ പാടില്ലാത്തതാണ് . എന്നാൽ 2010-11 ൽ ആരംഭിച്ച പ്രവൃത്തി അകാരണമായി 2013 വരെയും ദീർഘിപ്പിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം.5/2017-18 തീയതി : 17.04.2018)

പിഴ ഈടാക്കേണ്ടത് സംബന്ധിച്ച് വിശദ വിവരം ചുവടെ കൊടുക്കുന്നു.

| | | | പിഎസി | പിഴ | മിനിമം തുക |
|---|---|---|---|---|---|
| ആദ്യതവണ ദീർഘിപ്പിക്കാവുന്നത് | പി.എ.സി യുടെ 1% പിഴ ഈടാക്കിക്കൊണ്ട് | | 85,000 | 850 | 1000 |
| രണ്ടാം തവണ ദീർഘിപ്പിക്കാവുന്നത് | പി.എ.സി യുടെ 2% പിഴ ഈടാക്കിക്കൊണ്ട് | | 85,000 | 1700 | 2000 |
| | ആകെ പിഴ | | | | ₹3000 |

പിഴയിനത്തിലെ തുക 4,000/-രൂപ (1000+3000) കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവഹണ ഉദ്യോഗസ്ഥൻ ഉത്തരവാദിയാകുന്നതാണ്.

# 3-7 ദീർഘീകരണം ലഭ്യമാക്കാതെയും സമയബന്ധിതമായി പൂർത്തിയാക്കാതെയും നടത്തിയ മരാമത്ത് പ്രവൃത്തികളുടെ തുക അനുവദിച്ചു പിഴ ഈടാക്കുകയോ നഷ്ട പരിഹാരം ഈടാക്കുകയോ ചെയ്തിട്ടില്ല

അടിയൻതൊട്ടി റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തി - പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| ഫയൽ നം. | പി.3-23194/16 |
| പ്രൊജക്ട് നം. | SO.334/17-18 |
| അടങ്കൽ | 7,00,000 |
| എം.ബുക്ക് | 63/17-18 |
| ചെലവ് | 5,09,409<br>ബിൽ തീയതി : 24.02.2018 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

ടെണ്ടർ നടപടി വഴി മേൽ പ്രവൃത്തി നടത്താനുള്ള കരാർ ഏറ്റെടുത്ത കരാറുകാരൻ ശ്രീ.ഷിഹാബുദ്ദീൻ കെ.എ.എന്നയാൾക്ക് സെലക്ഷൻ നോട്ടീസ് നൽകിയത് പ്രകാരം 08.03.17 -ാം തീയതി കരാർ വെക്കുകയും സ്ഥലം കൈമാറുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് 90 ദിവസമാണ്. 12.10.17 ന ബഹുമാനപ്പെട്ട ചെയർപേഴ്സൺ നഗരസഭ സെക്രട്ടറിക്ക് നൽകിയ കത്തിൽ മേൽ പ്രവൃത്തി ഏറ്റെടുത്ത കോൺട്രാക്ടർ ഇതുവരെയായി പ്രവൃത്തിക്ക് തുടക്കം കുറിച്ചിട്ടില്ലെന്നും അടിയന്തിര നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെടുന്നുണ്ട്. നോട്ട് ഫയലിലും 06.05.17 വരെ വർക്ക് തുടങ്ങിയിട്ടില്ലെന്നും കാലാവധി അവസാനിക്കാറായി എന്നുള്ള വിവരം ഓവർസീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ വർക്കിന്റെ അളവുകൾ രേഖപ്പെടുത്തിയ എം ബുക്കിൽ അവസാന അളവിന്റെ തീയതിയും പ്രവൃത്തി പൂർത്തീകരണ റിപ്പോർട്ടിൽ പ്രവൃത്തി പൂർത്തീകരിച്ച തീയതിയും കുറിച്ചിട്ടില്ല. മോണിറ്ററിംഗ് നടത്തേണ്ട പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ റിപ്പോർട്ടിൽ പണി പൂർത്തിയായതിന്റെ വിശദവിവരം നൽകിയിട്ടില്ല. പ്രവൃത്തിയുടെ ഒറിജിനൽ പൂർത്തീകരണ തീയതി ദീർഘിപ്പിക്കുന്നിന് അപേക്ഷിക്കുകയോ പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല.

2. <u>കടപ്പുറം കുറുമ്പ ടെമ്പിൾ ഫുട്പാത്ത് ഇന്റർലോക്കിംഗ്</u>

| | |
|---|---|
| ഫയൽ നം. | പി.2-23091/16 |
| പ്രൊജക്ട് നം. | SO.305/17-18 |
| അടങ്കൽ | 2,41,000 |
| ചെലവ് | 1,68,750 |

മൂന്ന മാസം പൂർത്തീകരണ കാലാവധിയുള്ള മേൽ പ്രവൃത്തി ഏറ്റെടുത്തിട്ടുള്ളത് ശ്രീ.ഷിഹാബുദ്ദീൻ എന്ന കരാറുകാരനാണ്. 27.12.16 ന് സൈറ്റ് ഏറ്റെടുത്ത് കരാറുവെച്ച മേൽ പ്രവൃത്തിയുടെ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ അവസാന തീയതി 10.06.17 എന്നും ബിൽ പ്രകാരം 10.07.17 ന പൂർത്തീകരിച്ച പ്രവൃത്തിയുടെ ബിൽ തുക അനുവദിച്ചത് 24.02.2018 നമാണ്. കരാറുകാരൻ ദീർഘീകരണത്തിന് അപേക്ഷിക്കുകയോ പ്രവൃത്തി വൈകിയതിന് ടിയാളുടെ ബില്ലിൽ നിന്ന് പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല.

കേരള പൊതുമരാമത്ത് വകുപ്പ് മാനുലിലെ 2112 (1) വകുപ്പ് പ്രകാരം ഒറിജിനൽ പൂർത്തീകരണ കാലാവധിക്കകം ദീർഘിപ്പിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷിക്കാത്ത പക്ഷം കരാർ ദുർബലപ്പെടുത്താവുന്നതാണ്. ദീർഘീകരണം ലഭ്യമാക്കാത്ത പൂർത്തീകരണ കാലാവധിക്കുശേഷം നിർമ്മിച്ച പ്രവൃത്തികൾ അനധികൃതമാണ്. അതിന് തുക നൽകാവുന്നതല്ല. ആയതിനാൽ പ്രവൃത്തി പൂർത്തീകരണ തീയതി നീട്ടി ലഭിക്കുന്നതിന് അപേക്ഷിക്കാതെ അകാരണമായി നീട്ടിക്കൊണ്ടു പോയതിന് നഗരസഭയ്ക്ക് നഷ്ടം വരുത്തിയ കോൺട്രാക്ടർക്ക് നൽകിയ 6,37,469/- (478845 +158624) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-8 നഗരസഭയിലെ അങ്കണവാടികൾ - പരാധീനതകൾ പരിഹരിക്കപ്പെട്ടില്ല

അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് കാരണം വീർപ്പുമുട്ടുന്ന നഗരസഭയിലെ അങ്കണവാടികളുടെ പരാധീനത വർഷങ്ങളായി ഓഡിറ്റ് ചൂണ്ടിക്കാണിച്ചിട്ടും പരിഹരിക്കപ്പെട്ടില്ല എന്ന് കാണുകയുണ്ടായി. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് വർഷങ്ങളായി തുക നീക്കിവയ്ക്കാറുണ്ടെങ്കിലും അവ ഫലപ്രദമായി ചെലവഴിക്കുന്നതിൽ അധികൃതർ വിജയിച്ചിട്ടില്ല.

കാസറഗോഡ് നഗരസഭയിൽ നിലവിൽ 49 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ 13 അങ്കണവാടികൾക്കും സ്വന്തമായി കെട്ടിട സൗകര്യമില്ല. 5 അങ്കണവാടികളിൽ പ്രാഥമിക ആവശ്യം നിറവേറ്റാൻ ടോയ്‌ലെറ്റ് സൗകര്യമില്ല. കൂടാതെ മറ്റ് മൂന്ന് അങ്കണവാടികളിൽ ടോയ്‌ലെറ്റ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഉപയോഗിക്കാൻ പറ്റാത്തവയാണ് . എട്ട് അങ്കണവാടികളിൽ കുടിവെള്ള സൗകര്യമില്ല. 5 അങ്കണവാടികൾ വൈദ്യുതീകരിച്ചിട്ടില്ല. ഒരു അങ്കണവാടി വൈദ്യുതീകരിച്ചിട്ടുണ്ടെങ്കിലും വൈദ്യുതി ലഭ്യമല്ല. ഒരു അങ്കണവാടിയിലും ശിശുസൗഹൃദ ശൗചാലയ സൗകര്യം ഏർപ്പെടുത്തിയിട്ടില്ല. നാല് അങ്കണവാടികളിൽ ചുറ്റുമതിൽ ഇല്ല. അങ്കണവാടികളിൽ കുട്ടികൾക്കാവശ്യമുള്ള കളിസ്ഥലം, കളിക്കോപ്പുകൾ എന്നിവ ഒന്നും തന്നെ ഒരുക്കിയിട്ടില്ല. മേൽ വിവരിച്ചതിൽ നിന്നും കാസറഗോഡ് നഗരസഭയിലെ അങ്കണവാടികളുടെ ദയനീയാവസ്ഥ മനസിലാക്കാവുന്നതാണ്.

കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ അങ്കണവാടികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി വകയിരുത്തിയ തുകയും അവയിൽ നിന്നുള്ള ചെലവും സംബന്ധിച്ച വിവരം ചുവടെ കൊടുക്കുന്നു.

| വർഷം | പദ്ധതികളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവ് തുക | ചെലവ് ശതമാനം |
|---|---|---|---|---|
| 2014-15 | അറ്റകുറ്റ പ്രവൃത്തി - 11 | 12,54,000 | 4,05,193 | |
| | വൈദ്യുതീകരണം - 1 | 90,000 | ഇല്ല | |
| | കുടിവെള്ളം - 1 | 80,000 | ഇല്ല | |
| | അങ്കണവാടി കെട്ടിട നിർമാണം - 1 | 6,50,000 | ഇല്ല | |
| | **ആകെ** | **20,74,000** | **4,05,193** | **20%** |
| 2015-16 | അറ്റകുറ്റ പ്രവൃത്തി - 6 | 7,17,000 | 4,90,894 | |
| | വൈദ്യുതീകരണം - 1 | 45,000 | 44,954 | |
| | കെട്ടിട നിർമാണം - 2 | 13,50,000 | 698572 | |
| | **ആകെ** | **21,12,000** | **12,34,420** | **58%** |
| 2016-17 | അറ്റകുറ്റ പ്രവൃത്തി - 10 | 14,90,000 | 4,80,000 | |
| | കെട്ടിട നിർമാണം - 3 | 16,50,000 | 5,51,064 | |
| | **ആകെ** | **31,40,000** | **10,31,064** | **33%** |
| 2017-18 | അറ്റകുറ്റ പ്രവൃത്തി - 22 | 31,31,000 | 6,03,145 | |
| | കെട്ടിട നിർമാണം - 2 | 10,00,000 | 4,41,006 | |
| | കുടിവെള്ള പദ്ധതി - | 10,000 | ഇല്ല | |
| | **ആകെ** | **41,41,000** | **10,44,151** | **25%** |

എല്ലാ വർഷവും അങ്കണവാടികളുടെ അറ്റകുറ്റ പ്രവൃത്തികൾക്ക് തുക നീക്കിവയ്ക്കാറുണ്ടെങ്കിലും പദ്ധതി നടപ്പാക്കുന്നതിൽ അനാസ്ഥ തുടരുകയാണ്.

നഗരസഭയിൽ പുതുതായി രണ്ട് അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്. എന്നാൽ അവയിൽ അങ്കണവാടികൾ പ്രവർത്തിച്ച് തുടങ്ങിയിട്ടില്ല. 2014-15 ൽ ആരംഭിച്ച സീ വ്യൂ പാർക്ക് അങ്കണവാടി കെട്ടിട നിർമാണം 2016-17 ൽ തന്നെ പൂർത്തീകരിച്ചിട്ടുണ്ട്. കെട്ടിട നിർമാണത്തിനായി നാളിതുവരെ 11,39,638/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വൈദ്യുതീകരണം നടത്തി അങ്കണവാടി പ്രവർത്തിപ്പിക്കാൻ അധികൃതർക്ക് നാളിതുവരെ സാധിച്ചിട്ടില്ല.

അതുപോലെ തന്നെ 2014-15 ൽ ആരംഭിച്ച മസ്താൻ റോഡ് അങ്കണവാടിയുടെ കെട്ടിട നിർമാണം രണ്ടാംഘട്ടം 4,43,934/- രൂപ ചെലവഴിച്ച് 30.05.2017 ൽ പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും കെട്ടിടം വൈദ്യുതീകരിച്ച് അങ്കണവാടി പ്രവർത്തിപ്പിച്ചിട്ടില്ല. പ്രസ്തുത അങ്കണവാടി തൊട്ടടുത്ത താൽക്കാലിക കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. കെട്ടിട നിർമാണം പൂർത്തിയാക്കി ഒരു വർഷത്തോളമായിട്ടും അങ്കണവാടിയുടെ പ്രവർത്തനം ആരംഭിക്കാത്തത് ശരിയായ നടപടിയല്ല. നിലവിൽ കെട്ടിടവും പരിസരവും കാട്ടുപിടിച്ച് കിടക്കുകയാണ്



മസ്താൻ റോഡ് അങ്കണവാടി പരിസരം കാട്ടുമൂടിയ നിലയിൽ

(04.07.2018 ന് എടുത്ത ചിത്രം)

നഗരസഭയുടെ സമഗ്ര വികസനം പൂർണമാകണമെങ്കിൽ അങ്കണവാടികളുടെ ബാലാരിഷ്ടത മാറിയേ തീരൂ. ഇക്കാര്യം വീണ്ടും നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-9 തെരുവ് വിളക്ക് വൈദ്യുതി ചാർജ് ഭീമമായ ചെലവ് - സോളാർ സ്ട്രീറ്റ് ലൈറ്റ് സംവിധാനം പ്രാവർത്തികമാക്കാവുന്നതാണ്

1. കാസറഗോഡ് നഗരസഭ 2017-18 കാലയളവിൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ 1,01,02,043/-രൂപ കെ.എസ്.ഇ.ബി. യിൽ അടവാക്കിയിട്ടുണ്ട്. കൂടാതെ തെരുവ് വിളക്കുകളുടെ റിപ്പയറിനും മെയിന്റനൻസിനുമായി 37,77,140/-രൂപയും ചെലവഴിച്ചിട്ടുണ്ട്. തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതും, പരിപാലിക്കേണ്ടതും നഗരസഭയുടെ ചുമതലയാണ് എങ്കിലും ഇത്രയും ഭീമമായ തുക ഈ ഇനത്തിൽ ചെലവഴിക്കുന്നത് ഉചിതമല്ല. പ്രസ്തുത വിഷയവും, നിലവിൽ പ്രവർത്തിക്കാത്ത തെരുവ് വിളക്കുകൾക്ക് പോലും നഗരസഭ വൈദ്യുതി ചാർജ് അടവാക്കി വരുന്നുണ്ട് എന്ന വിഷയവും മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും ആയത് പരിഹരിക്കാനാവശ്യമായ നടപടികൾ നഗരസഭ സ്വീകരിച്ചിട്ടില്ല. കാസറഗോഡ് നഗരസഭയിൽ കഴിഞ്ഞ 5 വർഷ കാലയളവിൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിലും, പരിപാലനത്തിനുമായി ചെലവഴിച്ച തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| വർഷം | തെരുവ് വിളക്ക് വൈദ്യുത ചാർജ് | തെരുവ് വിളക്ക് പരിപാലന ചെലവ് |
|---|---|---|
| 2012-13 | ₹47,01,943 | ₹19,20,486 |
| 2013-14 | ₹57,08,688 | ₹6,07,253 |

| | | |
|---|---|---|
| 2014-15 | ₹75,24,731 | ₹34,11,427 |
| 2015-16 | ₹1,09,31,459 | ₹14,17,729 |
| 2016-17 | ₹98,97,686 | ₹25,79,609 |
| 2017-18 | ₹1,01,02,043 | ₹37,77,140 |

നാളിതുവരെ ആകെ സ്ഥാപിച്ച തെരുവ് വിളക്കുകൾ ഉപയോഗിക്കുന്ന വൈദ്യുതിയുടെ അളവ് കണക്കാക്കിയാണ് നിലവിൽ കെ.എസ്.ഇ.ബി ചാർജ് ഈടാക്കുന്നത്. ഇതിൽ പ്രവർത്തിക്കാത്ത വിളക്കുകളും ഉൾപ്പെടും. കെ.എസ്.ഇ.ബിയുമായി ചേർന്ന് തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തുന്നതിലൂടെ, നിലവിൽ പ്രവർത്തിക്കാത്ത തെരുവ് വിളക്കുകൾക്കും വൈദ്യുതി ചാർജ് ഒടുക്കുന്നത് ഒഴിവാക്കാവുന്നതാണ്. എന്നാൽ 20.11.2017 ന് ജി.2-65/2000 കത്ത് പ്രകാരം സംയുക്ത പരിശോധന നടത്തുവാനായി ഒരു ഉദ്യോഗസ്ഥനെ വിട്ടുനൽകാനായി കെ.എസ്.ഇ.ബി യ്ക്ക് കത്ത് നൽകിയതല്ലാതെ ഇക്കാര്യത്തിൽ തുടർ നടപടികൾ ഉണ്ടായിട്ടില്ല. പ്രവർത്തിക്കാത്ത തെരുവ് വിളക്കുകൾക്കും വൈദ്യുതി ചാർജ് ഒടുക്കുന്നത് ഒഴിവാക്കാനായി മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കാൻ നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയത് നാളിതുവരെ നടപ്പാക്കിയിട്ടില്ല. കേവലം ആറ് കോടി രൂപ തനത് വരുമാനമുള്ള മുനിസിപ്പാലിറ്റി 139 ലക്ഷത്തോളം രൂപ തെരുവ് വിളക്കിനായി ചെലവഴിക്കുന്നത് ആശാസ്യമല്ല. ഇക്കാര്യം മുനിസിപ്പൽ കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഘട്ടം ഘട്ടമായി വൈദ്യുതി വിളക്കുകൾക്ക് പകരം സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിലൂടെ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ ഭീമമായ തുക ചെലവഴിക്കുന്നത് കുറയ്ക്കാവുന്നതാണ്.

സോളാർ വിളക്കുകൾ സ്ഥാപിച്ചും, അനാവശ്യമായ വിളക്കുകൾ നീക്കം ചെയ്തും തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചും തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് കുറയ്ക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു.

2. തെരുവ് വിളക്കുകൾക്ക് കെ.എസ്.ഇ.ബി ഇലക്ട്രിസിറ്റി ഡ്യൂട്ടി ഈടാക്കിയത് -വിശദീകരണം ലഭ്യമാക്കിയിട്ടില്ല

കേരള ഇലക്ട്രിസിറ്റി ഡ്യൂട്ടി ആക്ട് 1963 സെക്ഷൻ 4 എ കോളം 1 പ്രകാരം പൊതു ആവശ്യത്തിന് ഉപയോഗിക്കുന്ന വൈദ്യുതിക്ക് ഇലക്ട്രിസിറ്റി ഡ്യൂട്ടി ഈടാക്കേണ്ടതില്ല. എന്നാൽ കാസറഗോഡ് നഗരസഭയിൽ പ്രവർത്തിക്കുന്ന തെരുവ് വിളക്കുകൾക്ക് ഡ്യൂട്ടി ഇനത്തിൽ 10% ചാർജ് കെ.എസ്.ഇ.ബി.താഴെ കൊടുത്ത പ്രകാരം ഈടാക്കിയിട്ടുണ്ട്.

| തെരവ് വിളക്ക് കൺസ്യൂമർ നം. | ബിൽ തീയതി | ബിൽ തുക | എനർജി ചാർജ് | ഡ്യൂട്ടി |
|---|---|---|---|---|
| 13337 | 13.10.2017 | 32269 | 28189.17 | 2818.83 |
| 16555 | 03.11.2017 | 167877 | 152615.50 | 15261.50 |
| 16557 | 03.11.2017 | 8670 | 7881.9 | 788.10 |
| 16558 | 03.11.2017 | 319241 | 290219.10 | 29021.9 |
| 16555 | 02.09.2017 | 168429 | 152615.5 | 15261.50 |
| 16557 | 02.09.2017 | 8699 | 7881.1 | 788.1 |
| 16558 | 02.09.2017 | 320291 | 290219 | 29021 |
| 1655 | 04.10.2017 | 168153 | 152615.5 | 15261.5 |
| 16557 | 04.10.2017 | 8685 | 7881.09 | 788.1 |
| 16558 | 04.10.2017 | 319766 | 290219.1 | 29021.9 |
| 16555 | 15.02.2018 | 167877 | 152615.6 | 15261.5 |

മേൽ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി( നം.56 /2017-18 തീയതി : 05.12.2018 ) നൽകിയതിനു മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

# 3-10 സ്റ്റേഡിയം സ്ക്വയർ പദ്ധതി - നഗരസഭയുടെ താൽപര്യം സംരക്ഷിച്ചിട്ടില്ല

കാസറഗോഡ് നഗരസഭാ സ്റ്റേഡിയത്തിനു സമീപം നഗരസഭയുടെ അധീനതയിലുള്ള രണ്ട് ഏക്കർ സ്ഥലത്ത് 85 ലക്ഷം രൂപ ചെലവിൽ "സ്റ്റേഡിയം സ്ക്വയർ" എന്ന പദ്ധതി നടപ്പാക്കാൻ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ 04.06.2013 ലെ

D.D./KSD/232/2012 കത്ത് മുഖേന അനുമതി തേടിയിരുന്നു.

മേൽ വിഷയം കൗൺസിൽ ചർച്ച ചെയ്യുകയും കൗൺസിൽ തീരുമാനം നം.C.R.18 തീയതി : 25.06.2016 പ്രകാരം സ്റ്റേഡിയം സ്ക്വയർ പദ്ധതി നടത്താനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശം നഗരസഭയിൽ തന്നെ നിലനിർത്തിക്കൊണ്ട് നിർമാണ പ്രവൃത്തി നടത്തുന്നതിന് താൽക്കാലികാനുമതി നൽകിയിട്ടുണ്ട്. കൂടാതെ മേൽ സ്ഥലം പദ്ധതി പൂർത്തീകരിച്ച ശേഷം നഗരസഭയ്ക്ക് തന്നെ തിരികെ നൽകേണ്ടതാണെന്നും മേപ്പടി സ്ഥലത്തിന് ഡി.ടി.പി.സി ക്ക് യാതൊരുവിധ അവകാശവും ഉന്നയിക്കാവുന്നതല്ല എന്നും നഗരസഭ അറിയിച്ചിട്ടുണ്ട്. എന്നാൽ ടൂറിസം വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് ഡി.ടി.പി.സി നിർമ്മിക്കുന്ന പദ്ധതിയുടെ ഉടമസ്ഥാവകാശം ഡി.ടി.പി.സി യിൽ തന്നെ നിക്ഷിപ്തമായിരിക്കുമെന്നും പ്രസ്തുത പദ്ധതിയിൽ നിന്നുള്ള വരുമാനം നഗരസഭയുമായി പങ്കിടുന്ന കാര്യം ചർച്ച ചെയ്ത് തീരുമാനിക്കാമെന്നും 17.08.2013ലെ D.D./KSD/232/2012 കത്ത് മുഖേന ഡി.ടി.പി.സി അറിയിച്ചിട്ടുണ്ട്. 17.08.2013 ലെ കത്ത് പ്രകാരം പ്രസ്തുത നിർമാണത്തിന്റെ ഉടമസ്ഥാവകാശം ഡി.ടി.പി.സി യിൽ നിക്ഷിപ്തമായിരിക്കുമെന്ന കത്ത് കൗൺസിൽ ചർച്ച ചെയ്യുകയോ മറ്റ് നടപടികൾ സ്വീകരിക്കുകയോ ഉണ്ടായിട്ടില്ല.

ടൂറിസം വകുപ്പിന്റെ ധനസഹായത്തോടെ 85 ലക്ഷം രൂപ ചെലവിൽ നടപ്പാക്കുന്ന സ്റ്റേഡിയം സ്ക്വയർ പ്രൊജക്ട് എന്ന പദ്ധതിയിൽ താഴെ വിവരിച്ച ഘടകങ്ങൾ ഉൾപ്പെടുന്നതാണെന്ന് ഡി.ടി.പി.സി അറിയി ച്ചിട്ടുണ്ട്.

- ആംഫി തിയറ്റർ - കെട്ടിട നിർമാണം
- ടോയ്‌ലെറ്റ് ബ്ലോക്ക്
- ഫുഡ് കോർട്ട്
- പടിപ്പുര
- ചിൽഡ്രൻസ് പാർക്ക്
- സീറ്റിംഗ് അറേഞ്ച്മെന്റ്സ്
- പാർക്കിംഗ് സ്ഥലം
- റെയിൻ ഷെൽട്ടർ
- ലാമ്പ് പോസ്റ്റ്
- ലാൻഡ് സ്കേപിങ്ങ്

സ്റ്റേഡിയം സ്ക്വയർ പ്രൊജക്ട് നടപ്പാക്കിയത് സംബന്ധിച്ച് പദ്ധതി സ്ഥലം നഗരസഭ എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരുമായി നടത്തിയ പരിശോധനയിൽ പ്രസ്തുത സ്ഥലത്ത് ഒരു ടോയ്‌ലെറ്റ് ബ്ലോക്കും ഒരു കെട്ടിടവും നിർമ്മിച്ചതായി കണ്ടു. കെട്ടിടം 06.03.2016 ന് ഉദ്ഘാടനം ചെയ്തിട്ടുണ്ട്.

മേൽ പദ്ധതി സംബന്ധിച്ച് ഓഡിറ്റ് പരിശോധനയിൽ താഴെ വിവരിച്ച അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1 നിർമാണാനുമതി നൽകുന്നതിന് മുൻപായി പാട്ട കാലാവധി, ലീസ് തുക/ലൈസൻസ് തുക ലൈസൻസ്/ലീസ് പുതുക്കൽ തുടങ്ങിയവ സംബന്ധിച്ച് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ അധികൃതരുമായി കരാർ ഉടമ്പടിയിൽ ഏർപ്പെട്ടിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ച് രണ്ട് വർഷം കഴിഞ്ഞിട്ടും സ്റ്റേഡിയം സ്ക്വയർ നടത്തിപ്പ് സംബന്ധിച്ചും വരുമാനം പങ്കിടുന്നത് സംബന്ധിച്ചും തീരുമാനം കൈക്കൊള്ളുന്നതിന് നഗരസഭയ്ക്ക് സാധിച്ചിട്ടില്ല.

2 പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി നിർമിച്ച കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം ഡി.ടി.പി.സി ക്ക് തന്നെയായിരിക്കുമെന്ന് ഡി.ടി.പി.സി വ്യക്തമാക്കിയതിനാൽ പദ്ധതി പൂർത്തീകരിച്ചതിനു ശേഷം സ്ഥലം തിരികെ ലഭ്യമാക്കണമെന്ന നഗരസഭ കൗൺസിൽ നിർമാണാനുമതി നൽകുന്നതിനായി മുന്നോട്ടുവെച്ച മാനദണ്ഡം നടപ്പാക്കാൻ സാധിക്കുകയില്ല.

3 പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ സ്ഥലം എത്രയെന്ന് പരിശോധിക്കാതെ നഗരസഭയുടെ കൈവശമുള്ള രണ്ട് ഏക്കർ സ്ഥലം മുഴുവനായും പദ്ധതിക്കായി അനുവദിച്ചത് അഭികാമ്യമല്ല.

4 സ്റ്റേഡിയം സ്ക്വയർ പ്രൊജക്ടിന്റെ ഭാഗമായി നടപ്പാക്കുമെന്ന് അറിയിച്ച പല ഘടകങ്ങളുടെയും നിർമാണം നടത്തിയിട്ടില്ലെന്നു കാണുന്നു. മേൽ വിവരിച്ച ഘടകങ്ങളിൽ സ്റ്റേജ് ഉൾപ്പെട്ട കെട്ടിടം, റസ്റ്റോറന്റ്, ടോയ്‌ലെറ്റ് ബ്ലോക്ക്, പാർക്കിംഗ് ഏരിയ എന്നിവ മാത്രമേ നിലവിൽ നിർമ്മിച്ചിട്ടുള്ളൂ. ടൂറിസം വികസനത്തിനാവശ്യമായ മറ്റു ഘടകങ്ങൾ നാളിതുവരെ നടപ്പാക്കിയിട്ടില്ല.

പദ്ധതിയുടെ ഭാഗമായി നടപ്പാക്കുമെന്ന് അറിയിച്ച പല ഘടകങ്ങളും നടപ്പാക്കാത്തതിനാലും, ഉദ്ഘാടനം കഴിഞ്ഞ് രണ്ട് വർഷം കഴിഞ്ഞിട്ടും പദ്ധതി പ്രാവർത്തികമാക്കാത്തതിനാലും മേൽ പദ്ധതി പരാജയമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ടൂറിസം വികസനത്തിനൊപ്പം നഗരസഭയുടെ ഉത്തമ താൽപര്യം സംരക്ഷിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു.

## 3-11 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ പദ്ധതി -

# മരുന്ന് ലഭ്യമായിട്ടില്ല

പദ്ധതി സംബന്ധിച്ച വിശദ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം. | S0017/18 |
| പ്രൊജക്റ്റിന്റെ പേര് | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ചെലവ് | 2 ലക്ഷം രൂപ<br>ബിൽ നം.1/2017-18 തീയതി : 12.01.18 |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |

പ്രസ്തുത പദ്ധതിക്കായി നിർവഹണ ഉദ്യോഗസ്ഥൻ മെയിന്റനൻസ് ഫണ്ട് (റോഡിതരം) - ൽ നിന്നും രണ്ട് ലക്ഷം രൂപ 12.01.2018 ന് കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് (ഹോംകോ) ആലപ്പുഴ എന്ന സ്ഥാപനത്തിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായി മരുന്ന് ലഭ്യമായിട്ടില്ല. രോഗികൾക്ക് മരുന്ന് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയുള്ള പദ്ധതിക്കായി പണം ഒടുക്കിയിട്ട് മാസങ്ങൾ കഴിഞ്ഞിട്ടും മരുന്ന് ലഭ്യമാക്കിയിട്ടില്ലെന്നത് വീഴ്ചയാണ്. എത്രയും പെട്ടെന്ന് മരുന്ന് ലഭ്യമാക്കാൻ വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്ന് ലഭ്യമാക്കാത്തതിനാൽ ചെലവ് തുക 2 ലക്ഷം രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-12 ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതി - മരുന്ന് പൂർണമായും ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രൊജക്റ്റ് നം. | S0016/18 |
| പ്രൊജക്റ്റിന്റെ പേര് | ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് (റോഡിതരം) - 10 ലക്ഷം<br>വികസന ഫണ്ട് (പൊതുവിഭാഗം-സാധാരണ വിഹിതം) -5 ലക്ഷം |
| ആകെ അടങ്കൽ | 15 ലക്ഷം രൂപ |
| ചെലവ് | 15 ലക്ഷം രൂപ<br>(ബിൽ നം.1/17-18, 2/17-18 തീയതി : 31.10.2017) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) |

പ്രസ്തുത പദ്ധതിക്ക് മരുന്ന് വാങ്ങുന്നതിനായി 15 ലക്ഷം രൂപ 31.10.17 ന് ഔഷധി എന്ന സ്ഥാപനത്തിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ വിവിധ ഇൻവോയിസുകളിലായി ആകെ 8,72,006/-രൂപയുടെ മരുന്ന് മാത്രമേ ഔഷധിയിൽ നിന്നും ലഭ്യമായിട്ടുള്ളൂ. ഇൻവോയിസുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇൻവോയിസ് നം. | തീയതി | തുക |
|---|---|---|
| 90040566 | 18.11.2017 | 1,30,612 |
| 90045404 | 19.12.2017 | 2,76,322 |
| 90047229 | 31.12.2017 | 1,25,316 |
| | | |

| | | |
|---|---|---|
| 90049024 | 16.01.2018 | 1,07,894 |
| 90051269 | 27.01.2018 | 49,420 |
| 90059013 | 20.03.2018 | 1,23,220 |
| 90059792 | 24.03.2018 | 59,222 |
| ആകെ | | 8,72,006 |

ബാക്കി 6,27,994/-രൂപയുടെ മരുന്ന് ലഭ്യമാക്കിയിട്ടില്ല . ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.7 /2017-18 തീയതി : 30.04.2018 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 6,27,994/-രൂപ തടസ്സപ്പെടുത്തുന്നു.

# 3-13 ബൈദർക്കള ക്ഷേത്രത്തിനടുത്തുള്ള തോടിന് സ്ലാബ് നിർമിക്കുന്ന പ്രവൃത്തി

| | |
|---|---|
| അടങ്കൽ | 18,500 |
| ഫണ്ടിനം | തനത് ഫണ്ട് |
| കരാറുകാരൻ | സി.എ.അബ്ദുള്ള കുഞ്ഞി |
| ചെലവ് തുക | ₹18,398/- |
| നിർവഹണ ഉദ്യോഗസ്ഥൻ | നഗരസഭാ എഞ്ചിനീയർ |
| ഫയൽ നം. | PW1-33212/14 |
| എം.ബുക്ക് നം. | 204/15-16 |

മേൽ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

1. പ്രവൃത്തിയുടെ എം.ബുക്ക് നം.204/15-16 പേജ് 4 പ്രകാരം അളവ് മൂല്യം ആകെ 16,217.90 രൂപ മാത്രമാണ്. ആയതിന്റെ നികുതികൾ 973/-രൂപ കുറവ് വരുത്തിയതിനു ശേഷം കരാറുകാരന് അനുവദിക്കാവുന്ന തുക 15,245/-രൂപ മാത്രമാണ്. എന്നാൽ വൗച്ചർ നം. 834/11.12.2017 പ്രകാരം 18,398/-രൂപ അനുവദിച്ചതായി കാണുന്നു. അധികമായി നൽകിയ തുക 2,181/-രൂപ തിരികെ ഒടുക്കേണ്ടതാണ്

1. എസ്റ്റിമേറ്റ് പ്രകാരം 1.28$m^3$ സിമന്റ് കോൺക്രീറ്റ് പ്രവൃത്തികൾക്ക് അനുവദിച്ച കമ്പി 1$m^3$ ന് 85 കിലോ പ്രകാരം 1.09 Qtlആണ്. എം ബുക്ക് പ്രകാരം ചെയ്ത പ്രവൃത്തിയുടെ അളവ് 0.842$m^3$ ആണ്. 0.842$m^3$ പ്രവൃത്തിക്ക് ആവശ്യമായ കമ്പി 72 kg മാത്രമാണ്. എന്നാൽ എം. ബുക്ക് പേജ് 4 പ്രകാരം 128.15 Kg കമ്പി ഉപയോഗിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| എം.ബുക്ക് പേജ് 4 | |
|---|---|
| അനുവദിച്ചത് - 128.15 kg കമ്പി 7290.32 രൂപ നിരക്കിൽ നൽകിയ തുക | 9342.13 |
| അനുവദിക്കേണ്ടത് - 72 kg കമ്പി 7290.32 രൂപ നിരക്കിൽ നൽകാവുന്ന തുക | 5249.03 |
| അധികമായി അനുവദിച്ച 56.15 kg കമ്പിയുടെ വില | 4,093/- |

56.15 Kg കമ്പി അധികമായി ഉപയോഗിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാനായി ഓഡിറ്റ് എൻക്വയറി നം.11/2017-18 തീയതി : 23.05.2018 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി പ്രവൃത്തി സ്ഥലത്ത് എസ്റ്റിമേറ്റിൽ കാണിച്ചതിനേക്കാൾ അധികം കമ്പി ഉപയോഗിക്കേണ്ടിവന്നതിനാലാണ് എം ബുക്കിൽ അധികം അളവ് രേഖപ്പെടുത്തി തുക അനുവദിച്ചത് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ 4,093/-രൂപ തിരിച്ചടക്കേണ്ടതാണ്.

# 3-14 ക്വട്ടേഷൻ നോട്ടീസ് പ്രസിദ്ധീകരിക്കുന്നതിനു മുൻപ് ക്വട്ടേഷൻ സ്വീകരിച്ചത് തെറ്റായ നടപടി

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | നഗരസഭ എഞ്ചിനീയർ, കാസറഗോഡ് നഗരസഭ |
| ഫയൽ നം | PW3/1969/16 |
| പ്രവൃത്തി | ജേർണലിസ്റ്റ് കോളനി അങ്കണവാടി ബോർവെൽ -പൈപ്പ് ലൈൻ വലിക്കൽ |
| എം.ബുക്ക് നം. | 165/16-17 |
| ചെലവ് | 1060/27.02.18, തുക – 19,954/-രൂപ |

കാസറഗോഡ് നഗരസഭ വാർഡ് 11 ലെ ജേർണലിസ്റ്റ് കോളനി അങ്കണവാടി പരിസരത്തുള്ള ബോർവെല്ലിൽ നിന്നും പരിസരവാസികൾക്ക് കുടിവെള്ളം വിതരണം നടത്തുന്നതിന് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി തയ്യാറാക്കിയ 43,000/- രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി ചെയ്യുവാനായി 27.01.2017 നാണ് ക്വട്ടേഷൻ ക്ഷണിച്ചിട്ടുള്ളത്. മേൽ ക്വട്ടേഷൻ നോട്ടീസിൽ 03.02.17 നാണ് ടെണ്ടറുകൾ തുറക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഇതു സംബന്ധിച്ച 2 ക്വട്ടേഷനുകളും നഗരസഭയിൽ ലഭ്യമാക്കിയ തീയതി 24.12.2016 നാണ്. ക്വട്ടേഷൻ ക്ഷണിക്കുന്നതിനു മുൻപ് ക്വട്ടേഷൻ ഓഫീസിൽ സ്വീകരിച്ചത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. 43,000/-രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ പ്രവൃത്തി 19,954/-രൂപ മാത്രം ചെലവഴിച്ച് പൂർത്തിയാക്കുകയായിരുന്നു. എന്നാൽ പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിച്ചത് സംബന്ധിച്ച് പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.2/17-18 തീയതി 04.04.2018 പ്രകാരം ഇക്കാര്യം അറിയിച്ചിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

# 3-15 മുൻകൂറുകൾ യഥാസമയം ക്രമീകരിച്ചിട്ടില്ല – സർക്കാർ ഉത്തരവിന്റെ ലംഘനം

നഗരസഭയുടെ അടിയന്തിര സാഹചര്യങ്ങളിൽ വിവിധ ആവശ്യങ്ങൾക്കായി മുൻകൂർ തുക അനുവദിക്കാറുണ്ട്. 2017-18 വർഷം വിവിധ ആവശ്യങ്ങൾക്ക് അനുവദിച്ച മുൻകൂർ തുകയിൽ കേരള ഫിനാൻഷ്യൽ കോഡ് വാല്യം-1 ആർട്ടിക്കിൾ 99 അനുശാസിക്കും പ്രകാരം 8,24,900/- രൂപ നാളിതുവരെ ക്രമീകരിച്ചിട്ടില്ല. മുൻകൂർ തുകകൾ വിശദമായ ബില്ലുകളും വൗച്ചറുകളും സഹിതം പരമാവധി വേഗത്തിൽ ക്രമപ്പെടുത്തേണ്ടതാണ്. ഇതു സംബന്ധിച്ച 04.10.2011 ലെ ജി.ഒ.(പി) 4149/11 ഫിൻ നമ്പർ സർക്കാർ ഉത്തരവു പ്രകാരം മൂന്നുമാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കേണ്ടതാണ്. അഡ്ജസ്റ്റ്മെന്റ് ബില്ലുകൾ യഥാസമയം സമർപ്പിച്ചിട്ടില്ലെങ്കിൽ മുൻകൂർ തുക മുഴുവനും ഒറ്റത്തവണയായി തിരിച്ചടയ്ക്കേണ്ടതാണെന്നും തുക അനുവദിച്ച തീയതി മുതൽ തിരിച്ചടക്കുന്ന തീയതി വരെ 18% പലിശ ഈടാക്കേണ്ടതാണെന്നും സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

2017-18 വർഷത്തിൽ നഗരസഭ വിവിധ ആവശ്യങ്ങൾക്ക് നൽകിയ മുൻകൂർ തുകകളിൽ പലതും മൂന്ന് മാസത്തിനുശേഷവും ക്രമീകരിക്കുകയോ പലിശ സഹിതം തിരിച്ചടക്കുകയോ ചെയ്തു കാണുന്നില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വൗച്ചർ നം.& തീയതി | തുക | എന്താവശ്യത്തിന് | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|---|---|
| 1 | 317/2017-18/ 12.07.17 | 40,000 | ഗവ: ആയുർവേദ ആശുപത്രിയുടെ സെപ്റ്റിക് ടാങ്ക് ക്ലീൻ ചെയ്യുന്നതിന് | ശ്രീ.സുധീർ, ജെ.എച്ച്.ഐ-ഗ്രേഡ് II |
| 2 | 350/17-18/26.07.17 | 26,900 | നഗരസഭ ഓഫീസിൽ പി.എ.ടു സെക്രട്ടറിക്ക് ക്യാബിൻ നിർമ്മിക്കുന്നതിന് | ശ്രീമതി.സരസമ്മ, ഓവർസീയർ |
| 3 | 355/2017-18/ 28.07.17 | 45,000 | എസ്.സി ഫ്ലാറ്റിൽ കാർപെന്റർ & പ്ലംബിംഗ് വർക്ക് | ശ്രീ.ഗംഗാധരൻ.ജി, ഓവർസീയർ ഗ്രേഡ് - II |
| 4 | 356/17-18/28.07.17 | 45,000 | കാസറഗോഡ് നഗരസഭയുടെ എസ്.സി ഫ്ലാറ്റിൽ ഇലക്ട്രിക്കൽ & ഷീറ്റ് റിപ്പയർ വർക്ക് | ശ്രീ.ഗംഗാധരൻ.ജി, ഓവർസീയർ ഗ്രേഡ് - II |
| 5 | 357/17-18/28.07.17 | 45,000 | എസ്.സി. ഫ്ലാറ്റിൽ പാരപ്പറ്റ് എന്ന പ്രവൃത്തി നടത്തുന്നതിനായി | ശ്രീ.ഗംഗാധരൻ.ജി, ഓവർസീയർ ഗ്രേഡ് - II |
| 6 | 347/17- | 20,000 | ഗവ:ആയുർവേദ ആശുപത്രിയുടെ | ശ്രീമതി.സരസമ്മ, |

| | | | | |
|---|---|---|---|---|
| | 18/24.07.17 | | സെപ്റ്റിക് ടാങ്ക് പ്ലംബിംഗ് | ഓവർസീയർ |
| 7 | 348/17-18/24.07.17 | 40,000 | മുനിസിപ്പൽ കോൺഫറൻസ് ഹാളിന്റെയും വനിതാഭവൻ ലൈബ്രറിയുടെയും അറ്റകുറ്റപ്പണി നടത്തുന്നതിനായി | ശ്രീമതി.സരസമ്മ, ഓവർസീയർ |
| 8 | 164/17-18/23.05.17 | 20,000 | സമ്മർ ഫെസ്റ്റ് -2017 നടത്തുന്നതിന് | ശ്രീ.രവി.പി.കെ, എച്ച്.ഐ – ഗ്രേഡ് II |
| 9 | 208/06.06.17 | 20,000 | സർവ്വീസ് ചാർജ് -KL-14-M-445 | ശ്രീ.ജി.അബ്ദുൾ സലാം, ഓവർസീയർ |
| 10 | 209/06.06.17 | 10,000 | മുനിസിപ്പൽ ഓഫീസ് വൃത്തിയാക്കൽ | ശ്രീ.പദ്മകുമാർ.പി.എൻ സെക്ഷൻ ക്ലർക്ക്, ജി.2 സെക്ഷൻ |
| 11 | 254/23.06.17 | 28,000 | ജി.വി.എച്ച്.എസ്.എസ് ഫോർ ഗേൾസ് നെല്ലിക്കുന്ന് കോമ്പൗണ്ടിൽ മരം മുറിച്ചു മാറ്റൽ | ശ്രീ.രവി.പി.കെ, എച്ച്.ഐ –ഗ്രേഡ് II |
| 12 | 338/19.07.17 | 25,000 | ഗവ: ആയുർവേദ ആശുപത്രിയുടെ സെപ്റ്റിക് ടാങ്ക് വൃത്തിയാക്കുന്നതിന് | ശ്രീ.സുധീർ, ജെ.എച്ച്.ഐ-ഗ്രേഡ് II |
| 13 | 401/09.08.17 | 5,000 | നാഷണൽ ഫ്ലാഗ് വാങ്ങിയത് | ശ്രീ.പദ്മകുമാർ.പി.എൻ സെക്ഷൻ ക്ലർക്ക് |
| 14 | 406/11.08.17 | 30,000 | സ്റ്റേഡിയത്തിന്റെ അറ്റകുറ്റപ്പണി | ശ്രീ.ഗംഗാധരൻ.ജി, ഓവർസീയർ ഗ്രേഡ് - II |
| 15 | 521/20.09.17 | 24,000 | ബഡ്സ് സ്കൂളിൽ ടാങ്ക് വാങ്ങിയത് | ശ്രീമതി.സരസമ്മ, ഓവർസീയർ |
| 16 | 525/25.09.17 | 30,000 | ദുരന്ത നിവാരണ പദ്ധതി | ശ്രീ.ജയരാജ്.പി.വി സെക്ഷൻ ക്ലർക്ക്, പി.ഡബ്ല്യു.-2 |
| 17 | 542/26.09.17 | 46,000 | World Cup One million goal programme | ശ്രീ.സുർജിത്.കെ.സോമൻ ജെ.എച്ച്.ഐ-ഗ്രേഡ് II |
| 18 | 603/07.10.17 | 60,000 | കേരളോത്സവം - ചെലവ് | ശ്രീ.എ.ആർ.അജീഷ്, ജെ.എച്ച്.ഐ-ഗ്രേഡ് I |
| 19 | 636/12.10.17 | 15,000 | അറ്റകുറ്റപ്പണി -KL-14-M 445 | ശ്രീ.അബ്ദുൾ സലാം, ഓവർസീയർ |
| 20 | 683/27.10.17 | 2,00,000 | 31-ാം വാർഡിൽ വാട്ടർ കണക്ഷൻ | എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, കാസറഗോഡ് |
| 21 | 694/27.10.17 | 50,000 | കേരളോത്സവം ചെലവ് 2017 | ശ്രീ.എ.ആർ.അജീഷ്, ജെ.എച്ച്.ഐ |

മുൻകൂർ തുകകൾ ക്രമീകരിക്കാത്തതിനുള്ള കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.53/17-18 തീയതി :30.11.2018) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ മുൻകൂർ നൽകിയ തുക അതാത് ഉദ്യോഗസ്ഥനിൽ നിന്നും സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ച പലിശ സഹിതം ഈടാക്കേണ്ടതാണ്.

# 3-16 വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

1) നഗരസഭ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതി.

2017-18 സാമ്പത്തിക വർഷം നഗരസഭ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി താഴെ പറയുന്ന പദ്ധതികളുടെ നടത്തിപ്പിനായി 1,34,135/-രൂപ IKM എക്സിക്യൂട്ടീവ് ഡയറക്ടർ നൽകിയിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും പദ്ധതിയുടെ പൂർത്തീകരണം സംബന്ധിച്ച് ലഭിച്ച വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി നം.55/17-18 തീയതി : 03.12.18 മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയതിന്റെ മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതിയുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

| ബിൽ നം./ തീയതി | തുക | വിശദവിവരം |
|---|---|---|
| 07/17-18/31.07.2018 | 1,34,135/- | നഗരസഭ വിഹിതം - IKM എക്സിക്യൂട്ടീവ് ഡയറക്ടർ തിരുവനന്തപുരത്തിന് നൽകിയത് |

| | | |
|---|---|---|
| | (പ്രൊജക്ട് നം.184/18) | |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2) ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികൾ.

2017-18 സാമ്പത്തിക വർഷം വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് നഗരസഭ വിഹിതമായി 10,00,000/-രൂപ നിർവ്വഹണ ഉദ്യോഗസ്ഥ മറ്റ് സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ കൈമാറിയ തുകയുടെ വിനിയോഗം കാണിക്കുന്ന ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാൻ എൻക്വയറി നം.46 തീയതി : 19.11.2018 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും നാളിതുവരെയായിട്ടും ആയത് ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് സാധിച്ചിട്ടില്ല. ഇക്കാര്യം പരിശോധിച്ച് ചുവടെ ചേർത്ത പ്രകാരം ചെലവഴിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| പദ്ധതിയുടെ വിശദാംശം | ബിൽ.നം / തിയതി | തുക | തുക നൽകിയതിന്റെ വിശദാംശം |
|---|---|---|---|
| പ്രൊ.നം 03/18<br>വയോമിത്രംപദ്ധതിയ്ക്ക്<br>വിഹിതം നൽക്കിയത് | 01/2017-18/31.07.2017 | 10,00,000 | കേരള സമൂഹിക സുരക്ഷാ മിഷൻ തിരുവനന്തപുരം |

## 3-17 ഭവന നിർമാണം പൂർത്തീകരിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - സി.ഡി.എസ് മെമ്പർ സെക്രട്ടറി.

നഗരസഭയിൽ 2013-14 മുതൽ 2017-18 വരെ വർഷങ്ങളിൽ വിവിധ ഭവന നിർമ്മാണ പദ്ധതികൾ തുടങ്ങിയിട്ടുണ്ട്. ബി.പി.എൽ, പൊതുവിഭാഗം, വനിതാവിഭാഗം എന്നിവയാണ് ഭവന പദ്ധതികൾ. ഈ പദ്ധതികളിൽ വിവിധ ഘട്ടങ്ങളിലായി ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ 2013-14 വർഷത്തിൽ ആരംഭിച്ച ഭവന നിർമാണ പ്രവൃത്തി 2017-18 വർഷത്തിലും പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല എന്ന് കാണുകയുണ്ടായി. ഭവന നിർമാണം പൂർത്തീകരിക്കാത്തതിനുള്ള കാരണം ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം.51 തീയതി: 27.11.2018) മറുപടി ലഭ്യമാക്കിയിട്ടില്ല. ഭവന നിർമാണം പൂർത്തിയാക്കാത്തവരുടെ പട്ടിക താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | ബാക്കി നൽകാനുള്ള തുക |
|---|---|---|---|
| 1) ബി.പി.എൽ ഭവന നിർമാണം 2013-14 | | | |
| 1 | സുഹറ.എ | 1,50,000 | 50,000 |
| 2 | സുബൈർ.പി.എം | 1,50,000 | 50,000 |
| 3 | അജയകുമാർ.എം.വി | 40,000 | 1,60,000 |
| 4 | അബ്ദുൾ ഖാദർ.ജി.പി | 1,50,000 | 50,000 |
| 5 | ദേവയാനി | 1,50,000 | 50,000 |
| 2) വനിത ഭവന നിർമാണം 2013-14 | | | |
| 1 | എൻ.പ്രസന്ന മുതൽ പേർ | 1,50,000 | 50,000 |
| 2 | ഉമൈബ | 40,000 | 1,60,000 |
| 3 | പുഷ്പ.എം | 1,50,000 | 50,000 |
| 4 | രാധ കടപ്പുറം W/o.പുരുഷോത്തമൻ | 40,000 | 1,60,000 |
| 5 | സഫിയ മുഹമ്മദ് പള്ളിക്കൽ | 1,50,000 | 50,000 |

| | | | |
|---|---|---|---|
| 6 | ജമീല<br>W/o. അബ്ദുള്ള (late) | 1,80,000 | 20,000 |
| 7 | ഷക്കീന<br>W/o. ഷാഫി (late) | 40,000 | 1,60,000 |
| 3) ബി.പി.എൽ ഭവന നിർമാണം 2014 -15 | | | |
| 1 | കെ.മൈമൂന<br>D/o.കുഞ്ഞാമദ് വൈദ്യർ | 1,50,000 | 50,000 |
| 2 | ശശി ആർ<br>W/o. ബാലകൃഷ്ണൻ | 1,50,000 | 50,000 |
| 3 | മുഹമ്മദ്.കെ.വി<br>S/o.അബ്ദുള്ള.ഡി.പി.സി | 40,000 | 1,60,000 |
| 4 | മോഹനൻ.കെ<br>അണങ്കൂർ | 40,000 | 1,60,000 |
| 5 | എം കമറുദ്ദീൻ<br>തളങ്കര | 1,50,000 | 50,000 |
| 6 | അഷ്റഫ്.സി.പി<br>S/o.മുഹമ്മദ് കുഞ്ഞി | 1,50,000 | 50,000 |
| 7 | ശാരദ.കെ<br>W/o.ഗണേഷ് (late) | 1,50,000 | 50,000 |
| 8 | സുബൈദ<br>W/o.ഹമീദ് | 40,000 | 1,60,000 |
| 4. വനിത ഭവന നിർമാണം 2014-15 | | | |
| 1 | ഇന്ദിര മുതൽ പേർ<br>ജെ.പി.നഗർ | 40,000 | 1,60,000 |
| 2 | സുബൈദ.ടി.എം.<br>ബാങ്കോട് | 40,000 | 1,60,000 |
| 3 | ഫൗസിയ<br>W/o.ഹമീദ് | 1,50,000 | 50,000 |
| 4 | സുഹറ.ടി.കെ | 1,50,000 | 50,000 |
| 5. ബി.പി.എൽ ഭവന നിർമാണം 2015-16 | | | |
| 1 | പത്മനാഭൻ<br>S/o.കൃഷ്ണൻ | 1,50,000 | 50,000 |
| 2 | ലത്തീഫ്<br>S/o.ഹസൈനാർ | 40,000 | 1,60,000 |
| 3 | രാജൻ.എൻ.കെ<br>S/o.പി.കൃഷ്ണൻ (late) | 40,000 | 1,60,000 |
| 4 | അനിൽകുമാർ<br>സിറാമിക്സ് റോഡ് | 1,50,000 | 50,000 |
| 5 | ഹേമലത<br>D/o.ഭാസ്കരൻ | 1,50,000 | 50,000 |
| 6 | ലത്തീഫ്<br>S/o.ബീഫാത്തിമ | 40,000 | 1,60,000 |
| 7 | സഫിയ<br>W/o.ബഷീർ | 1,50,000 | 50,000 |
| 8 | ബദറുന്നീസ<br>W/o.കുഞ്ഞാമദ് | 40,000 | 1,60,000 |
| 9 | അബ്ദുൾ റഹിമാൻ<br>അണങ്കൂർ | 1,50,000 | 50,000 |

| | | | |
|---|---|---|---|
| 10 | ഷംസീന ഫൈസൽ | 40,000 | 1,60,000 |
| 11 | ഹസീന.എം.എസ്<br>W/o.മുഹമ്മദലി | 40,000 | 1,60,000 |
| 12 | മുഹമ്മദ് ഷാഫി<br>S/o.മുഹമ്മദ് സുഹൈബ് | 40,000 | 1,60,000 |
| 13 | ടി.ഇ.മുഖ്താർ<br>ഹാഷിം സ്ട്രീറ്റ് | 40,000 | 1,60,000 |
| 14 | റുമൈസ & യസീൻ | 40,000 | 1,60,000 |
| 15 | മുഹമ്മദ് റാഫി.എസ് | 40,000 | 1,60,000 |
| 6) വനിത ഭവന നിർമാണം 2015 -16 | | | |
| 1 | മീരാകുമാരി<br>W/o.എം.കെ.രമേശൻ | 1,50,000 | 50,000 |
| 2 | സാംബവി.കെ.വി<br>സിറാമിക്സ് റോഡ് | 40,000 | 1,60,000 |
| 3 | ആമിന<br>W/o.ഇബ്രാഹിം | 1,50,000 | 50,000 |
| 4 | സഫിയ.സി.എം<br>D/o.മാഹിൻ | 1,50,000 | 50,000 |
| 5 | അതിക<br>D/o.അബ്ദുൾ റഹ്മാൻ | 40,000 | 1,60,000 |
| 6 | ആസിയ<br>W/o.അബ്ദുൾ ഖാദർ | 40,000 | 1,60,000 |
| 7 | സജിത.എസ് | 40,000 | 1,60,000 |
| 8 | രാജൻ.എൻ.കെ (ബി.പി.എൽ) | 1,80,000 | 20,000 |
| 9 | അബ്ദുൾ ലത്തീഫ്<br>S/o.നബീസ, താലെ ഹൗസ് (ബി.പി.എൽ) | 1,80,000 | 20,000 |
| 10 | രോഹിണി<br>W/o.കുമാരൻ (ലൈഫ് പദ്ധതി) | 90,000 | 90,000 |
| 11 | നവാസ് | 1,00,000 | 1,00,000 |
| 12 | മുഹമ്മദ് ഷാഫി<br>S/o.ഷേക്ക് മദർ<br>(ബി.പിഎൽ - 15-16) | 1,80,000 | 20,000 |
| 13 | ഫാത്തിമത്ത് ഷംസീന.സി.എ<br>D/o.മുഹമ്മദ് ഫൈസൽ<br>ബി.പി.എൽ -15-16 | 1,80,000 | 20,000 |
| 14 | അശോകൻ<br>(ലൈഫ് പദ്ധതി -2017-18) | 1,00,000 | 1,00,000 |
| 15 | മനമോഹന<br>(ലൈഫ് പദ്ധതി -2017-18) | 1,80,000 | 20,000 |

മേൽ വിവരിച്ച ഭവന നിർമാണ പ്രവൃത്തികൾ പൂർത്തീകരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു.

## 3-18 വനിതകൾക്ക് വീട് പുനരുദ്ധാരണ ധനസഹായം - സർക്കാർ

# ഉത്തരവിൽ നിഷ്കർഷിച്ച രേഖകളില്ലാതെ പണം നൽകിയത് - തുക തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : പ്രൊജക്ട് ഓഫീസർ, സി.ഡി.എസ് മെമ്പർ സെക്രട്ടറി.

വനിതകൾക്ക് വീട് പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി 2017-18 വർഷം പ്രൊജക്ട് നം.261/17-18 പ്രകാരം 22 കുടുംബങ്ങൾക്ക് 25,000/- രൂപ വീതം ആകെ 5,50,000/- രൂപ പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിച്ചിട്ടുണ്ട് (ട്രഷറി ബിൽ നം./തീയതി : 05//15.3.18, 07/17.03.18, 14/31.03.18, 13/28.03.18 = 5,50,000/-)

താഴെ പറയുന്ന ഗുണഭോക്താക്കളുടെ ഫയലിൽ വരുമാന സർട്ടിഫിക്കറ്റ് ലഭ്യമല്ല. കൂടാതെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് സാക്ഷ്യപ്പെടുത്തിയതായും കാണുന്നില്ല. ഓഡിറ്റ് അന്വേഷണം നം.50 തീയതി : 26.11.2018 മുഖേന വരുമാന സർട്ടിഫിക്കറ്റും, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടും സാക്ഷ്യപ്പെടുത്തി ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ ചെലവു തുക തടസ്സപ്പെടുത്തുന്നു. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക | അക്കൗണ്ട് നം./തീയതി | വിശദവിവരം |
|---|---|---|---|---|
| 1 | ആയിഷ. തളങ്കര പടിഞ്ഞാറ് | 25,000 | 3426122174/27.02.2018 | വരുമാന സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമല്ല |
| 2 | നേത്രാവതി, മടപ്പുര | 25,000 | 40471100015893/27.02.2018 | വരുമാന സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമല്ല |
| 3 | സുഗന്ധി, ബങ്കാരകുന്ന് | 25,000 | 0711101054186/27.02.2018 | മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് സാക്ഷ്യപ്പെടുത്തിയിട്ടില്ല |
| 4 | അലീമ, അണങ്കൂർ | 25,000 | 201501231000216/27.03.2018 | വരുമാന സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമല്ല |
| 5 | സാഹിന, നിയർ ലൈറ്റ് ഹൗസ്, നെല്ലിക്കുന്ന് | 25,000 | 0711101053499/27.03.2018 | വരുമാന സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമല്ല |
| 6 | സുനന്ദ, കോൾക്കാബയൽ റോഡ് | 25,000 | 0711101016683/09.03.2018 | വരുമാന സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമല്ല |
| 7 | ലക്ഷ്മി, ഉദ്ധമനെ | 25,000 | 4062500101464901/28.03.2018 | വരുമാന സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമല്ല, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് സാക്ഷ്യപ്പെടുത്തിയിട്ടില്ല |
| 8 | റാബിയ, ബാരിക്കാട് | 25,000 | 42042010034476/28.03.2018 | വരുമാന സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമല്ല |
| 9 | ആയിഷ, മാർക്കറ്റ് കുന്നിൽ | 25,000 | 012600101018903/28.03.2018 | വരുമാന സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമല്ല |
| 10 | ആയിഷ, തായൽ ഹൗസ് | 25,000 | 3426122174/27.02.2018 | വരുമാന സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമല്ല |
| 11 | ആച്ചിബീ, നെല്ലിക്കുന്ന് | 25,000 | 114310100037931/28.03.2018 | വരുമാന സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമല്ല |
| 12 | നബീസ, തളങ്കര വെസ്റ്റ് | 25,000 | 30076492218/28.03.2018 | വരുമാന സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമല്ല, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് സാക്ഷ്യപ്പെടുത്തിയിട്ടില്ല |
| 13 | ലക്ഷ്മി, നെല്ലിക്കുന്ന് | 25,000 | 0726101113069/28.03.2018 | വരുമാന സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമല്ല, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് സാക്ഷ്യപ്പെടുത്തിയിട്ടില്ല |
| 14 | ജാനകി .കെ, ചേരങ്കൈ | 25,000 | 20325151725/28.03.2018 | വരുമാന സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമല്ല, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് സാക്ഷ്യപ്പെടുത്തിയിട്ടില്ല |
| 15 | ആമിന.ബി.എം, നിയർ ലൈറ്റ് ഹൗസ് | 25,000 | 114310100018343/28.03.2018 | വരുമാന സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമല്ല, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് സാക്ഷ്യപ്പെടുത്തിയിട്ടില്ല |

## 3-19 ഭവന നിർമാണം - ഗുണഭോക്താക്കൾക്ക് പണം നൽകിയ വിവരം രജിസ്റ്ററിൽ ചേർത്തിട്ടില്ല – ചെലവ് തുക 10,80,000/-രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : സി.ഡി.എസ്.മെമ്പർ സെക്രട്ടറി.

നഗരസഭയിലെ 2015-16, 2016-17 വർഷങ്ങളിലെ ഭവന നിർമാണ പദ്ധതികളുടെ ഭാഗമായി 2017-18 വർഷവും പദ്ധതി തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കൾക്ക് തുക നൽകിയത് സംബന്ധിച്ച വിവരം ഗുണഭോക്താക്കളുടെ വിശദ വിവരം കാണിക്കുന്ന പ്രൊജക്ട് രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നില്ല. രജിസ്റ്റർ പൂർത്തിയാക്കി ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം 48 തീയതി : 24.11.2018 മുഖേന ആവശ്യപ്പെട്ടുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ താഴെ വിവരിച്ച ചെലവുകൾ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ഭവനനിർമ്മാണ പദ്ധതി | നൽകിയ തുക | അക്കൗണ്ട് നം/തീയതി |
|---|---|---|---|---|
| 1 | ശ്രീ.രാജൻ.എൻ.കെ | 2015-16 ബി.പി.എൽ | 1,40,000 | 201501231000759/18.01.2018 |
| 2 | ശ്രീ.അബ്ദുൾലത്തീഫ് | 2015-16 ബി.പി.എൽ | 1,40,000 | 42042210023214/18.01.2018 |
| 3 | ശ്രീമതി.രോഹിനി | 2010-11 (ലൈഫ് പദ്ധതി) | 90,000 | 32607088152/27.02.18 |
| 4 | ശ്രീ.നവാസ് | 2010-11 (ലൈഫ്) | 1,00,000 | 201501011003084/16.3.2018 |
| 5 | ശ്രീ.മുഹമ്മദ്ഷാഫി | 2015-16 ബി.പി.എൽ | 1,40,000 | 0726101112613/20.3.2018 |
| 6 | ശ്രീമതി.ഫാത്തിമത്ത് ഷംസിന | 2015-16 ബി.പി.എൽ | 1,40,000 | 36234753474/27.3.2018 |
| 7 | ശ്രീ.മനമോഹന | 2017-18 (ലൈഫ്) | 1,80,000 | 40471100003792/27.2.2018 |
| 8 | ശ്രീ.അശോകൻ | 2017-18 (ലൈഫ്) | 1,00,000 | 42042200055857/27.02.2018 |
| 9 | ശ്രീമതി.ഹേമലത.കെ | 2015-16 ബി.പി.എൽ | 50,000 | 40526100001528/16.05.2018 |
| | ആകെ | | 10,80,000 | |

## 3-20 പട്ടികജാതി വിദ്യാർത്ഥികൾക്ക് ട്യൂഷൻ സംവിധാനം ഏർപ്പെടുത്തൽ പദ്ധതി- തുക വകമാറ്റി ചെലവഴിച്ചു- 5,00,000/-രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | എസ്.സി.വിദ്യാർത്ഥികൾക്ക് ട്യൂഷൻ സംവിധാനം ഏർപ്പെടുത്തൽ |
| പ്രൊജക്ട് നം. | S0013/18 |
| അടങ്കൽ | 5 ലക്ഷം രൂപ |
| ചെലവ് | 5 ലക്ഷം രൂപ (ബിൽ നം.03/17-18 തീയതി : 31.10.17) |
| ഫണ്ടിനം | വികസന ഫണ്ട് (എസ്.സി.പി) |
| നിർവഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |

കാസറഗോഡ് നഗരസഭയിൽ 2017-18 വർഷം എസ്.സി വിദ്യാർത്ഥികൾക്ക് ട്യൂഷൻ സംവിധാനം ഏർപ്പെടുത്തുന്നതിനായി പദ്ധതി രൂപീകരിച്ചു. എസ്. സി വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുക എന്നതാണ് മേൽ പദ്ധതിയുടെ ലക്ഷ്യം. എന്നാൽ എസ്.സി വിദ്യാർത്ഥികൾക്ക് ട്യൂഷൻ സംവിധാനം ഏർപ്പെടുത്തുന്നതിന് പകരം അടങ്കൽ തുകയായ 5 ലക്ഷം രൂപ (വികസന ഫണ്ട് (എസ്.സി.പി )) ഉപയോഗിച്ച് ഗവ. പ്രീമെട്രിക് ഹോസ്റ്റൽ ഫോർ ഗേൾസ്, അണങ്കൂർ, ഗവ.പ്രീമെട്രിക് ഹോസ്റ്റൽ

ഫോർ ബോയ്സ്, വിദ്യാനഗർ എന്നിവയിലെ ചെലവുകൾ നടത്തുകയാണ് ചെയ്തത്. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 25/2017-18 തീയതി 12.07.2018ന്, പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ നഗരസഭ പരിധിയിലെ രണ്ട് പ്രീമെട്രിക് ഹോസ്റ്റലുകളായ ഗവ.പ്രീമെട്രിക് ഹോസ്റ്റൽ ഫോർ ഗേൾസ്, അണങ്കൂർ, ഗവ.പ്രീമെട്രിക് ഹോസ്റ്റൽ ഫോർ ബോയ്സ്, വിദ്യാനഗർ എന്നിവയിൽ ട്യൂഷനടക്കമുള്ള സംവിധാനങ്ങൾ നൽകി പരിചരിച്ച് വരികയാണെന്നും വർക്കിംഗ് ഗ്രൂപ്പുകളിലും വാർഡ് സഭകളിലും ഈ ഹോസ്റ്റലുകളിൽ ട്യൂഷനടക്കമുള്ള കാര്യങ്ങൾക്ക് വേണ്ടി തുക വിനിയോഗിക്കുന്നതിന് അംഗീകാരം നൽകിയിട്ടുള്ളതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ആയത് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

2017-18 വർഷം നടപ്പിലാക്കിയ പട്ടികജാതി ഹോസ്റ്റൽ ചെലവുകൾ എന്ന പദ്ധതി ( പ്രൊജക്ട് നം. S0497/18) പ്രകാരം 4 ലക്ഷം രൂപ പ്രീമെട്രീക് ഹോസ്റ്റൽ ചെലവുകൾക്കായി വകയിരുത്തുകയും ആയത് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എസ്. സി വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ, പട്ടികജാതി വിദ്യാർഥികൾക്ക് ട്യൂഷൻ സംവിധാനം ഏർപ്പെടുത്തുന്നതിനായി വകയിരുത്തിയ തുക ഉപയോഗിച്ച് ഹോസ്റ്റൽ ചെലവുകൾ നടത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയതിനാൽ പ്രസ്തുത പദ്ധതിക്കായി ചെലവഴിച്ച 5 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു.

## 3-21 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിന് മേശയും കസേരയും വിതരണം പദ്ധതി- അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിന് മേശയും കസേരയും വിതരണം പദ്ധതി |
| പ്രൊജക്ട് നമ്പർ | S0012/18 |
| ഫണ്ടിനം | വികസന ഫണ്ട് (എസ്.സി.പി ) |
| അടങ്കൽ | 75,000/- രൂപ |
| ചെലവ് | 75,000/- രൂപ<br>(ബിൽ നം.33/2017-18 തീയതി.24.03.2018) |
| നിർവഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |

കാസറഗോഡ് നഗരസഭയിൽ 2017-18 വർഷം പട്ടികജാതി വികസന ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിന് മേശയും കസേരയും വിതരണം പദ്ധതി നടപ്പിലാക്കി, 15 വിദ്യാർഥികൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്.

സ.ഉ.(എം.എസ്)നം.80/2017/തസ്വഭവ തീയതി: 03.04.2017പ്രകാരം, പട്ടികജാതി വിദ്യാർഥികൾക്ക് മേശയും കസേരയും (സ്റ്റീൽ/ മരം) വാങ്ങി നല്കുന്നതിന് 5,000/- രൂപ വരെ ധനസഹായം നൽകുന്നതിന് നഗരസഭകൾക്ക് പദ്ധതി രൂപീകരിക്കാവുന്നതാണ്. സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരമായിരിക്കണം ആനുകൂല്യം നൽകേണ്ടത്. ഗുണഭോക്താക്കളുടെ ലിസ്റ്റിന് വാർഡ് സഭയുടെ സാധൂകരണം വാങ്ങണം. എന്നാൽ കാസറഗോഡ് നഗരസഭ നടപ്പിലാക്കിയ പ്രസ്തുത പദ്ധതിയുടെ സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി, വാർഡ്സഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല. ആയതിനാൽ പദ്ധതിക്കായി ചെലവഴിച്ച 75,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

മേൽ പദ്ധതി നടപ്പാക്കിയതിലെ മറ്റ് അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. പ്രസ്തുത പദ്ധതിയ്ക്കായി ക്വട്ടേഷൻ മുഖേന എമറാൾഡ് സ്റ്റീൽ, പെരിയാട്ടടുക്കം എന്ന സ്ഥാപനത്തിൽ നിന്നും 61950/-രൂപയ്ക്ക് (15x3500+ GST) 15 സ്റ്റീൽ മേശയും, 13054 രൂപയ്ക്ക് (15x737.50+ GST) 15 ഫൈബർ കസേരയും വാങ്ങിയിട്ടുണ്ട്. സബ്സിഡി മാർഗരേഖ പ്രകാരം, സ്റ്റീൽ/ മരത്തിന്റെ മേശയും കസേരയുമാണ് വാങ്ങി നൽകേണ്ടത്. എന്നാൽ Steel table of size 48x24x30 with one drawer and one cupboard, Fibre chair with arm എന്നിവയാണ് വാങ്ങി നൽകിയത്. . സ്റ്റീൽ/ മരത്തിന്റെ കസേരയ്ക്ക് പകരം ഫൈബർ കസേര വാങ്ങിയതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ടുകൊണ്ട് 06.12.2018 ന് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 57/2017-18 )ക്ക് 08.02.2019 ന് മറുപടിയിൽ മരം/സ്റ്റീൽ കസേര ലഭ്യമാകാത്ത സാഹചര്യത്തിലാണ്

കൂടുതൽ പ്രയോജനം ലഭിക്കുന്ന ഫൈബർ കസേര വാങ്ങിയതെന്നും ഭാവിയിൽ ഇത്തരം ന്യൂനത വരാതെ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

2. ഗുണഭോക്താക്കൾക്ക് വകുപ്പിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന പട്ടികജാതി വികസന ഓഫീസറുടെ സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല. (പട്ടികജാതി വികസന ഓഫീസർ ലഭ്യമാക്കിയ മറുപടിയിൽ ആനുകൂല്യം നൽകിയ 10 പേരും വകുപ്പ് മുഖേന മേശയും കസേരയും വാങ്ങിയവരല്ലെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.)

3. ഗുണഭോക്താക്കളുടെ റേഷൻ കാർഡിന്റെ പകർപ്പ് അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടില്ല. സർട്ടിഫിക്കറ്റുകൾ ഹാജരാക്കി വകുപ്പ് മുഖേന സ്ഥിരമായി ആനുകൂല്യം വാങ്ങി വരുന്നവരായതിനാലാണ് പ്രത്യേകമായി നേറ്റിവിറ്റി വാങ്ങാതിരുന്നതെന്നാണ് മറുപടി ലഭ്യമാക്കിയത്

# 3-22 പൊതുടാപ്പ് വെള്ളക്കരം - പദ്ധതിയിൽ തുക വകയിരുത്തിയിട്ടും തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു

കാസറഗോഡ് നഗരസഭയുടെ 2017-18 വർഷത്തെ പദ്ധതിരേഖയിൽ പ്രൊജക്ട് നം.195/2018 ൽ പൊതുടാപ്പുകളുടെ വെള്ളക്കരം ഒടുക്കുന്നതിന് 16 ലക്ഷം രൂപ (റോഡിതര മെയിന്റനൻസ് ഫണ്ട്) വകയിരുത്തിയിട്ടുണ്ട്. എന്നാൽ പൊതുടാപ്പുകളുടെ വെള്ളക്കരം ഒടുക്കുന്നതിന് നിലവിൽ തനത് ഫണ്ടിൽ നിന്നാണ് തുക അനുവദിക്കുന്നത്. 2017-18 വർഷത്തിൽ പൊതുടാപ്പ് വെള്ളക്കരം ഇനത്തിൽ തനത് ഫണ്ടിൽ നിന്നും (പിഴ കൂടാതെ) 15,61,032/-രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയിൽ തുക വകയിരുത്തിയിട്ടും തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചത് ശരിയായ നടപടിയല്ല. പ്രസ്തുത തുക തനത് ഫണ്ടിലേക്ക് മാറ്റിയിട്ടുണ്ടോ എന്ന വിവരം അറിയിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി നമ്പർ 29/2017-18 തീയതി 09.10.2018 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

# 3-23 ഗുണഭോക്തൃ ലിസ്റ്റിലെ മുൻഗണനാക്രമം പാലിക്കാതെ ആനുകൂല്യം നൽകി - വാർഡുസഭയുടെ അംഗീകാരം ലഭ്യമാക്കിയിട്ടില്ല - 3,00,000/-രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | പട്ടികജാതി കുടുംബങ്ങളുടെ വിട് നിർമാണ ധനസഹായം |
| പ്രൊജക്ട് നം. | S0010/18 |
| ഫണ്ടിനം | വികസന ഫണ്ട് (എസ്.സി.പി) |
| അടങ്കൽ | 3 ലക്ഷം രൂപ |
| ചെലവ് | 3 ലക്ഷം രൂപ<br>(ബിൽ നം.5/17-18 തീയതി : 19.01.18 - ₹30,000/-,<br>ബിൽ നം.19/17-18 തീയതി : 17.02.18 - ₹90,000/- ,<br>ബിൽ നം.23/17-18 തീയതി : 28.02.18 - ₹90,000/- ,<br>ബിൽ നം.28/17-18 തീയതി : 24.03.18 - ₹30,000/- ,<br>ബിൽ നം.34/17-18 തീയതി : 24.03.18 - ₹60,000/-) |
| നിർവഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |

2017-18 വർഷം കാസറഗോഡ് നഗരസഭയിൽ പട്ടികജാതി വികസന ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പട്ടികജാതി കുടുംബങ്ങൾക്കുള്ള ഭവന നിർമാണ ധനസഹായം പദ്ധതിയിൽ ( പ്രൊജക്ട്.നം. S0010/18 ) ഗുണഭോക്തൃ ലിസ്റ്റിൽ മുൻപിലുള്ളവരെ മറികടന്ന് മൂന്നാമതുള്ള വ്യക്തിയ്ക്കാണ് (ശ്രീ.അശ്വരഥൻ.കെ, കൊപ്പൽ (ഹൗസ്), തളങ്കര) ആനുകൂല്യം നൽകിയിട്ടുള്ളത്. ആയതിന്റെ കാരണം അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.19/2017-18 തീയതി. 18.06.2018 ന് ഗുണഭോക്തൃ ലിസ്റ്റിൽ ഒന്നാമതുള്ള ശ്രീമതി. സുജാത പട്ടികജാതി വിഭാഗത്തിൽപ്പെട്ടയാളല്ലെന്ന് ബോധ്യമായതിനാലും ലിസ്റ്റിൽ രണ്ടാമതുള്ള ശ്രീമതി. ലീലാവതിയ്ക്ക് സ്വന്തമായി സ്ഥലമില്ലാത്തതിനാലുമാണ് ലിസ്റ്റിൽ മൂന്നാമതുള്ള ശ്രീ. അശ്വരഥന് ആനുകൂല്യം നൽകിയതെന്ന് പട്ടികജാതി വികസന ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

സ.ഉ(എം.എസ്) നം. 80/2017/ത.സ്വ.ഭ.വ തീയതി. 03.04.2017 പ്രകാരം, മുൻഗണനാ ലിസ്റ്റിൽ ഏതെങ്കിലും സാഹചര്യത്തിൽ മാറ്റം ആവശ്യമാണെന്ന് നിർവഹണ ഉദ്യോഗസ്ഥനോ ഭരണ സമിതിയോ കരുതുന്നുവെങ്കിൽ (അനർഹർ ലിസ്റ്റിലുണ്ടെന്ന്

കരുതുന്നവെങ്കിൽ) അക്കാര്യം വസ്തുതകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ പരിശോധന നടത്തിയ ശേഷം മുൻഗണനാ ക്രമത്തിൽ മാറ്റം വരുത്തുകയോ അനർഹരെ ഒഴിവാക്കുകയോ ചെയ്യേണ്ടതാണ്. എന്നാൽ ഇപ്രകാരം മാറ്റം വരുത്തുന്നത് വാർഡ് സഭയുടെ സാധൂകരണത്തിന് വിധേയമായിരിക്കണം

പ്രസ്തുത പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ മാറ്റം വരുത്തി മേൽ പ്രകാരം വാർഡ്സഭയുടെ സാധൂകരണം നേടിയിട്ടുണ്ടോ എന്ന വിവരം അറിയിക്കണമെന്നാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.60/2017-18 തീയതി :15.12.18) 06.02.19 ന് പട്ടികജാതി വികസന ഓഫീസർ ലഭ്യമാക്കിയ മറുപടിയിൽ വാർഡ് സഭയുടെ അംഗീകാരം ലഭ്യമാക്കി സമർപ്പിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ഗുണഭോക്തൃ ലിസ്റ്റിൽ മുൻപിലുള്ളവരെ മറികടന്ന് പിന്നിലുള്ള വ്യക്തിയ്ക്ക് ആനുകൂല്യം നൽകുകയും മുൻ ലിസ്റ്റിലെ അനർഹരെ ഒഴിവാക്കി, ലിസ്റ്റ് പുതുക്കി വാർഡ് സഭയുടെ സാധൂകരണം ലഭ്യമാക്കാതിരിക്കുകയും ചെയ്തതിനാൽ പ്രസ്തുത പദ്ധതിക്കായി ചെലവഴിച്ച മൂന്ന് ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു.

# 3-24 പട്ടികജാതി കുടുംബങ്ങളുടെ വീട് വൈദ്യുതീകരണം - വയറിംഗ് പ്രവൃത്തി നടത്താത്ത വ്യക്തികൾക്കും മതിയായ രേഖകൾ ഹാജരാക്കാത്ത വ്യക്തികൾക്കും മുഴുവൻ തുകയും നൽകി- മാർഗ്ഗരേഖകളുടെ ലംഘനം- തുക തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | പട്ടികജാതി കുടുംബങ്ങൾക്കുള്ള വീട് വൈദ്യുതീകരണം |
| പ്രൊജക്റ്റ് നം. | S0424/18 |
| ഫണ്ടിനം | വികസന ഫണ്ട് (പൊതുവിഭാഗം സാധാരണ വിഹിതം) |
| അടങ്കൽ | 25,000/- |
| ചെലവ് | 25,000/-<br>(ബിൽ നം.8/17-18 തീയതി : 19.01.18 - ₹10,000/- ,<br>ബിൽ നം.15/17-18 തീയതി : 17.02.18 - ₹2,500/-<br>ബിൽ നം.24/17-18 തീയതി : 28.02.18 - ₹10,000/-<br>ബിൽ നം.31/17-18 തീയതി : 24.03.18 - ₹2,500/-) |
| നിർവഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |

കാസറഗോഡ് നഗരസഭയിൽ 2017-18 വർഷം പട്ടികജാതി കുടുംബങ്ങൾക്കുള്ള വീട് വൈദ്യുതീകരണം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സ.ഉ(എം.എസ്) നമ്പർ. 80/2017/ത.സ്വ.ഭ.വ തീയതി. 03.04.2017 പ്രകാരം, കെ.എസ്.ഇ.ബിയിൽ ഡി.ഡി അടച്ച് രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കിയാൽ മാത്രമേ സബ്സിഡി തുക നൽകാവൂ. എന്നാൽ പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളാരും തന്നെ ആയത് ഹാജരാക്കിയിട്ടില്ല.

പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളായ ശ്രീമതി.ബേബി, ശ്രീ,ഐത്തപ്പ എന്നിവരുടെ വീടുകളിൽ വയറിംഗ് നടത്തിയിട്ടില്ലെന്ന് ഭൗതിക പരിശോധനയിലൂടെ ബോധ്യപ്പെട്ടു. വീടിന്റെ വയറിംഗ് പൂർത്തിയാകാതെ ടി വ്യക്തികൾക്ക് മുഴുവൻ തുകയും നൽകിയതിനുള്ള കാരണം വ്യക്തമാക്കാൻ ഓഡിറ്റ് എൻക്വയറി നം.21/2017-18 തീയതി : 04.07.2018 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

വിവിധ കാരണങ്ങളാൽ താഴെ പറഞ്ഞിരിക്കുന്ന വ്യക്തികൾക്ക് നൽകിയ തുക തടസ്സപ്പെടുത്തുന്നു.

| ക്രമ.നം | ഗുണഭോക്താക്കൾ | അനുവദിച്ച തുക | തുക തടസ്സപ്പെടുത്താനുള്ള കാരണം |
|---|---|---|---|
| 1 | ശ്രീ.ഐത്തപ്പ<br>താളിപ്പടപ്പ്, അടുക്കത്ത് ബയൽ<br>കാസറഗോഡ് | 5000/- | വയറിംഗ് പ്രവൃത്തി നടത്തിയിട്ടില്ല. വരുമാന സർട്ടിഫിക്കറ്റ്, കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. |
| 2 | ശ്രീമതി. ബേബി<br>അമേയകോളനി | 5000/- | വയറിംഗ് പ്രവൃത്തി നടത്തിയിട്ടില്ല. |
| 3 | ശ്രീ.അനിൽകുമാർ.കെ | 5000/- | വരുമാന സർട്ടിഫിക്കറ്റ്, കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്, |

| | | | |
|---|---|---|---|
| | കമല നിവാസ്, അറഫ റോഡ്, അണങ്കൂർ | | കെ.എസ്.ഇ.ബിയിൽ ഡി.ഡി അടച്ച് രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ ഹാജരാക്കിയിട്ടില്ല. |
| 4 | ശ്രീമതി.പാർവ്വതി അമേയകോളനി | 5000/- | കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്, ഓണർഷിപ്പ് സർട്ടിഫിക്കറ്റ്, കെ.എസ്.ഇ.ബിയിൽ ഡി.ഡി അടച്ച് രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ ഹാജരാക്കിയിട്ടില്ല. |
| 5 | ശ്രീമതി.സുശീല ചെന്നിക്കര, നള്ളിപ്പാടി | 5000/- | കെ.എസ്.ഇ.ബിയിൽ ഡി.ഡി അടച്ച് രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കിയിട്ടില്ല. |

മേൽ കാരണങ്ങളാൽ പ്രസ്തുത പദ്ധതിക്കായി ചെലവഴിച്ച 25,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-25 പൊതുടാപ്പ് വെള്ളക്കരം - പിഴ ഇനത്തിൽ നഗരസഭ ഫണ്ടിൽ നിന്നും ഒടുക്ക് വരുത്തിയ തുക തിരിച്ചടയ്ക്കേണ്ടതാണ്

2017-18 വർഷം കാസറഗോഡ് നഗരസഭയുടെ പൊതുടാപ്പ് വെള്ളക്കരം കുടിശ്ശിക വന്നതിനാൽ പിഴ ഇനത്തിൽ 17,796/-രൂപ കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്ക് വരുത്തിയിട്ടുണ്ട്. കുടിശ്ശികയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | ബിൽ തുക | പണം ഒടുക്കേണ്ട അവസാന തീയതി | അടവാക്കിയ തീയതി | അടവാക്കിയ തുക | വൗച്ചർ നം. | പിഴ ഇനത്തിൽ ഒടുക്കിയ തുക | പണം ഒടുക്കേണ്ട അവസാന തീയതിയിലെ തനത് ഫണ്ട് നീക്കിയിരിപ്പ് തുക (PNB പാസ് ബുക്ക് പ്രകാരം |
|---|---|---|---|---|---|---|---|
| ഏപ്രിൽ | 1,30,086 | 28.04.17 | 27.04.17 | 1,30,086 | 69 | -- | 25,74,139.25 |
| മെയ് | 1,30,086 | 30.05.17 | 23.05.17 | 1,30,086 | 161 | -- | 33,96,617.25 |
| ജൂൺ | 1,30,086 | 29.06.17 | 29.06.17 | 1,30,086 | 265 | -- | 13,25,690.25 |
| ജൂലൈ | 1,30,086 | 29.07.17 | 26.07.17 | 1,30,086 | 351 | -- | 22,53,366.95 |
| ഓഗസ്റ്റ് | 1,30,086 | 29.08.17 | 04.10.17 | 1,30,086 | 553 | -- | 41,34,979.95 |
| സെപ്റ്റംബർ | 2,62,774 | 28.09.17 | 04.10.17 | 1,30,086 | 552 | -- | 87,47,498.95 |
| ഒക്ടോബർ | 3,98,063 | 30.10.17 | -- | -- | -- | -- | 78,04,811.85 |
| നവംബർ | 2,70,579 | 29.11.17 | 29.11.17 | 2,70,579 | 785 | 10,407 (ഓഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെ പിഴ) | 41,17,787.55 |
| ഡിസംബർ | 1,30,086 | 29.12.17 | 22.12.17 | 1,30,086 | 883 | -- | 41,31,493.15 |
| ജനുവരി | 1,30,086 | 30.01.18 | -- | -- | -- | -- | 45,06,260.71 |
| ഫെബ്രുവരി | 2,62,566 | 28.02.18 | 08.03.18 | 2,62,566 | 1107 | 2,394 (ജനുവരി മാസത്തെ പിഴ) | 1,41,55,304.31 |
| മാർച്ച് | 3,97,647 | 27.03.18 | 26.03.18 | 1,35,081 | 1186 | 4,995 | 1,95,76,797.31 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | (ജനവരി, ഫെബ്രുവരി മാസങ്ങളിലെ പിഴ) | |
| | | | | | ആകെ പിഴ | 17,796 | |

പണം ഒടുക്കേണ്ട അവസാന തീയതിയിൽ തനത് ഫണ്ടിൽ ആവശ്യത്തിന് നീക്കിയിരിപ്പ് തുക ഉണ്ടായിട്ടും വെള്ളക്കരം കുടിശ്ശിക വരാൻ കാരണം ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുള്ള വീഴ്ചയായി കണക്കാക്കുന്നു. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.3 /2017-18 തീയതി : 12.06.2018 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അതിനാൽ പ്രസ്തുത തുക വെള്ളക്കരം ഒടുക്കാൻ വീഴ്ച വരുത്തിയ കാലയളവിലെ (08/17 ലെ വെള്ളക്കര ഡിമാന്റ് നോട്ടീസ് ലഭിച്ച തീയതിയായ17.08.17 മുതൽ 29.11.17 വരെയും 16.01.2018 മുതൽ 08.03.2018 വരെയും) സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കുന്നു.

## 3-26 പൊതുടാപ്പ് വെള്ളക്കരം - സംയുക്ത പരിശോധന നടത്തിയിട്ടില്ല.

പൊതുടാപ്പ് വെള്ളക്കരം ഇനത്തിൽ 198 ടാപ്പുകൾക്കായി പ്രതിമാസം 1,30,086/-രൂപയാണ് കാസറഗോഡ് നഗരസഭ കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്ക് വരുത്തുന്നത്. മുഴുവൻ ടാപ്പുകളും പ്രവർത്തനക്ഷമമാണോ എന്ന് പരിശോധിക്കുവാനായി കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. സ.ഉ. (സാധാരണ) നം.1275/2009/തസ്വഭവ തീയതി: 30.05.09 പ്രകാരം നഗരസഭയുടെ പരിധിയിലുള്ള പൊതുടാപ്പുകളുടെ എണ്ണം ജല അതോറിറ്റിയുടെ സഹായത്തോടെ തിട്ടപ്പെടുത്തേണ്ടതും ജല അതോറിറ്റിയുമായുള്ള സംയുക്ത പരിശോധനയെ തുടർന്ന് ആകെ ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ തയ്യാറാക്കേണ്ടതുമാണ്. ടി ഉത്തരവ് നടപ്പിലാക്കാത്തത് മൂലം നിലവിൽ പ്രവർത്തിക്കാത്ത ടാപ്പുകൾക്കും വെള്ളക്കരം ഒടുക്കേണ്ട സാഹചര്യമാണ് നിലവിലുള്ളത്. ഇത്തരത്തിൽ നഗരസഭയ്ക്ക് വൻ തുക നഷ്ടം സംഭവിക്കാനിടയുണ്ട്. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.30/2017-18 തീയതി : 09.10.2018 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് അടിയന്തിരമായി സംയുക്ത പരിശോധന നടത്തി ആകെ ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ തയ്യാറാക്കേണ്ടതാണ്.

## 3-27 ഗുണഭോക്തൃ സമിതി മുഖേനയുള്ള നിർമാണ പ്രവൃത്തികളുടെ പണമിടപാട് നടത്തിയത് കണവീനറുടെ സ്വന്തം പേരിലുള്ള അക്കൗണ്ട് വഴി - ഗുണഭോക്തൃ സമിതി മാർഗരേഖയ്ക്ക് വിരുദ്ധം -ചെലവ് തുക 8,69,483/- രൂപ ഓഡിററിൽ തടസ്സപ്പെടുത്തുന്നു.

ഗുണഭോക്തൃ സമിതി മുഖേന നടത്തുന്ന പ്രവൃത്തികളുടെ എല്ലാ പണമിടപാടുകളും തൊട്ടടുത്ത സഹകരണ ബാങ്കിൽ, ഗ്രാമീണ ബാങ്കിൽ/ദേശസാൽകൃത ബാങ്കിൽ ഗുണഭോക്തൃ സമിതി ചെയർമാന്റെയും കൺവീനറുടെയും പേരിൽ ആരംഭിക്കുന്ന ജോയിന്റ് അക്കൗണ്ടിൽ കൂടി മാത്രമേ നടത്താൻ പാടുള്ളൂ എന്ന് ഗുണഭോക്തൃ സമിതി മാർഗരേഖയിൽ സർക്കാർ വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഗുണഭോക്തൃ സമിതി മുഖേന നടത്തിയ താഴെ കൊടുത്തിട്ടുള്ള പ്രവൃത്തികളുടെ ചെലവ് തുക കൺവീനർമാരുടെ സ്വന്തം പേരിലുള്ള അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്.

1

| | |
|---|---|
| പ്രൊജക്ട് | അയ്യപ്പനഗർ ക്രോസ് റോഡ് നിർമാണം |
| പ്രൊജക്ട് നം. | 394/18 / S.O 311/16-17 |
| അടങ്കൽ | 5,00,000 |
| ചെലവ് | 4,98,790/14.03.2018 |
| നിർവ്വഹണം | ഗുണഭോക്തൃ സമിതി |
| കൺവീനർ | പുരുഷോത്തമൻ.കെ |

പുരുഷോത്തമൻ.കെ, കൺവീനർ, അയ്യപ്പനഗർ ക്രോസ് റോഡ് കോൺക്രീറ്റിംഗ് എന്ന പേരിൽ കോർപറേഷൻ ബാങ്കിൽ ആരംഭിച്ച അക്കൗണ്ടിലാണ് മേൽ പ്രവൃത്തിയുടെ തുക നിക്ഷേപിച്ചിട്ടുള്ളത്.

2.

| | |
|---|---|
| പ്രൊജക്ട് | തളങ്കര ജി.എം.എൽ.പി സ്കൂൾ പാർക്ക് നിർമാണം രണ്ടാം ഘട്ടം |
| പ്രൊജക്ട് | S.O 367/18 , 253/16-17 |

| | |
|---|---|
| നം. | |
| അടങ്കൽ | 4,00,000 |
| ചെലവ് | 3,70,687/14.03.2018 |
| നിർവ്വഹണം | ഗുണഭോക്തൃ സമിതി |
| കൺവീനർ | ബി.എം.അബ്ബാസ് |

മേൽ പ്രവൃത്തിയുടെ ചെലവ് തുക ബി.എം.അബ്ബാസ്, കൺവീനർ എന്ന പേരിൽ സിൻഡിക്കേറ്റ് ബാങ്കിലെ അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.61 തീയതി : 26.12.2018) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്തൃസമിതി മാർഗരേഖയ്ക്ക് വിരുദ്ധമായി കൺവീനറുടെ മാത്രം പേരിലുള്ള അക്കൗണ്ടിൽ പണമിടപാട് നടത്തിയതിനാൽ ചെലവ് തുക 8,69,483 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-28 ഡിവൈഡർ സ്ട്രീറ്റ് ലൈറ്റ് റിപ്പയർ പ്രവൃത്തി -ലൈസൻസുള്ളഅംഗീകൃത കരാറുകാരിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല ചെലവ്തുക 4,64,800 തടസ്സപ്പെടുത്തുന്നു.

പ്രൊജക്ട് നം. : 316/18

ചെലവ് : 4,64,800/28.02.2018

നഗരസഭ പരിധിയിലെ വിവിധ സ്ഥലങ്ങളിലെ ഡിവൈഡറുകളിൽ സ്ഥാപിച്ചിട്ടുള്ള സ്ട്രീറ്റ് ലൈറ്റുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിന് ക്വട്ടേഷനുകൾ ക്ഷണിച്ചതു പ്രകാരം ഇലക്ട്രിക്കൽ വർക്കുകൾ ഏറ്റെടുത്തിട്ടുള്ളത് കരാറുകാരനായ ശ്രീ.വസന്തനായ്ക്.കെ എന്നയാളാണ്. നിയമാനുസൃതമായ ഇലക്ട്രിക്കൽ കോൺട്രാക്ട് ലൈസൻസുള്ള അംഗീകൃത കരാറുകാരിൽ നിന്നും ടെണ്ടർ/ക്വട്ടേഷൻ ക്ഷണിക്കണമെന്ന് സർക്കുലർ നം.67208/ഡി.എ3/2011 തീയതി: 27.03.2012, 43742/ഡി.എൽ.3/2010 തീയതി: 07.07.2010 എന്നിവയിൽ വ്യക്തമാക്കുന്നുണ്ട്. ( എല്ലാ ക്വട്ടേഷൻ നോട്ടീസും ഫയലിൽ ലഭ്യമല്ല.) മേൽ കരാറുകാരന്റെ യോഗ്യത സംബന്ധിച്ച രേഖകളൊന്നും ഫയലിൽ ഇല്ല. നിയമാനുസൃതമായ ഇലക്ട്രിക്കൽ കോൺട്രാക്ട് ലൈസൻസ് നമ്പർ കരാറുകാരന്റെ ലെറ്റർ പാഡിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ തെരുവ് വിളക്ക് സംബന്ധിച്ച ഇലക്ട്രിക്കൽ പ്രവൃത്തികൾ കെ.എസ്.ഇ.ബിയുടെ മേൽനോട്ടത്തിലായിരിക്കണമെന്നും സർക്കുലറിൽ വ്യക്തമാക്കുന്നുണ്ട്. എന്നാൽ കെ.എസ്.ഇ.ബി.യുടെ മേൽനോട്ടത്തിലാണ് മേൽ പ്രവൃത്തി നടത്തിയത് എന്ന് വ്യക്തമാക്കുന്ന യാതൊരു രേഖയും ഫയലിൽ ലഭ്യമല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 66/2017-18 തീയതി:18.01.2019 ന മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പ്രവൃത്തി നടത്തുന്നതിന് സർക്കാർ പുറപ്പെടുവിച്ച മാർഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ലാത്തതിനാൽ ചെലവ് തുക 4,64,800/-രൂപ തടസ്സപ്പെടുത്തുന്നു.

# 3-29 പൊയക്കര പാർക്ക് നവീകരണം -അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നം | 359/17-18<br>സ്പിൽ ഓവർ 244/16-17 |
| അടങ്കൽ | 5,00,000/-<br>(വികസന ഫണ്ട്) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| ചെലവ് | 4,87,096/- |

1. <u>റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം ലഭ്യമാക്കിയില്ല.</u>

2015-16 ൽ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കി തുടങ്ങിയ മേൽ പ്രവൃത്തി 2017-18 വർഷത്തെ സ്പിൽ ഓവർ പ്രൊജക്ട് ആയിട്ടാണ് നടപ്പാക്കിയിട്ടുള്ളത്. കരാർ വച്ച് പണി തുടങ്ങിയതിനുശേഷം എസ്റ്റിമേറ്റിൽ അടങ്കൽ തുകയിൽ മാറ്റമില്ലാതെ ഭേദഗതി വരുത്തുകയുണ്ടായി. ഭേദഗതി വരുത്തിയ എസ്റ്റിമേറ്റിന് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കിയിട്ടില്ല. കേരള മുനിസിപ്പാലിറ്റി പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങളിലെ ചട്ടം 14(5) പ്രകാരം ഒറിജിനൽ എസ്റ്റിമേറ്റിന് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയ അധികാര സ്ഥാനങ്ങളിൽനിന്ന് പുതുക്കിയ എസ്റ്റിമേറ്റിനു ഭരണാനുമതിയും സാങ്കേതികാനുമതിയും മുൻകൂട്ടി വാങ്ങേണ്ടതാണ് . നേരത്തേ അനുമതി ലഭിച്ച പ്രൊജക്റ്റിൽ ഉൾപ്പെടുത്തിയിരുന്ന ഇനമായ അക്രിലിക്ക് പെയിന്റിംഗ് ഉൾപ്പെടെയുള്ള ചില ഇനങ്ങൾ ഒഴിവാക്കി കൊണ്ടും പാർക്കിൽ കുട്ടികൾക്ക വേണ്ടിയുള്ള കളിയുപകരണങ്ങളും സിമന്റ് ബെഞ്ചുകളും ഉൾപ്പെടുത്തിയുമാണ് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്.

2. <u>സെലക്ഷൻ നോട്ടീസ് നൽകി കരാറുടമ്പടി വയ്ക്കുന്നതിന് ഒരു മാസത്തോളം വൈകി - പിഴ ഈടാക്കിയില്ല.</u>

ടെണ്ടർ അംഗീകരിച്ച് നിർമാണം തുടങ്ങുന്നതിന് കരാറുകാരന 27.02.2017 ന് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനുള്ളിൽ കരാറുമ്പടി വയ്ക്കേണ്ടതാണെന്നും അല്ലാത്തപക്ഷം ഒരു ശതമാനം പിഴയോടുകൂടി കരാർ വയ്ക്കേണ്ടതാണെന്നും സെലക്ഷൻ നോട്ടീസിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 30.03.2017 ന് മാത്രമാണ് കരാർ ചമയ്ക്കുന്നത്. ഒരു മാസത്തോളം വൈകിയിട്ടും പിഴ ഈടാക്കിയതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം 38/17-18 തീയതി 12/11/18) വിശദീകരണം നൽകിയിട്ടില്ല. സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസം കഴിഞ്ഞ് 1% പിഴ ഈടാക്കി നഗരസഭഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

## 3-30 പി .എം.എ വൈ പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ - 10,50,000/- രൂപ തടസ്സപ്പെടുത്തുന്നു.

2022-ഓടുകൂടി "എല്ലാവർക്കും ഭവനം" എന്ന ലക്ഷ്യത്തോടെ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും നഗരസഭകളുടെയും സംയുക്താഭിമുഖ്യത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ വൈ). പ്രസ്തുത പദ്ധതി പ്രകാരം 3 ലക്ഷത്തിൽ താഴെ വാർഷിക വരുമാനമുള്ള ഒരു സെന്റ് ഭൂമിയെങ്കിലും സ്വന്തമായുള്ള നഗരപ്രദേശത്തെ ഭവനരഹിതരായ കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് 3 ലക്ഷം രൂപയാണ് (8/3/2016 ലെ സ.ഉ.(സാധാ) നം.1222/2016/തസ്വഭവ) നല്കി വരുന്നത്. ഹെൽത്ത് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016 ൽ ആരംഭിക്കുകയും സ്പിൽ ഓവർ പദ്ധതിയായി 2017-18 വരെ വീട് നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾ പൂർത്തിയാക്കുന്ന മുറക്ക് ഗഡുക്കളായി തുക അനുവദിച്ചിട്ടുണ്ട് . 2017-18 വർഷം 1,80,000/-രൂപ ട്രഷറി ബിൽ പ്രകാരം പിൻവലിച്ച് പി.എം.എ.വൈ വീട് നിർമാണത്തിന് അനുവദിച്ചിട്ടുണ്ട്. വീട് നിർമ്മാണത്തിന് അനുമതി നൽകിയതിലും തുടർന്ന് തുക അനുവദിച്ചതിലും താഴെ പറയുന്ന അപാകതകളുണ്ട്.

1) ഗുണഭോക്തൃ ലിസ്റ്റിലുൾപ്പെട്ട ഗുണഭോക്താക്കൾക്ക് മുൻഗണനാക്രമത്തിൽ തെരഞ്ഞെടുത്ത് പി എം എ വൈ വീട് നിർമ്മാണത്തിനുള്ള തുക അനുവദിക്കണമെന്ന നിയമം പാലിക്കാതെ മുൻഗണനാക്രമം തെറ്റിച്ച് അനുവദിച്ചത് പി.എം.എ.വൈ യുടെ മാർഗരേഖ ലംഘനമാണ്.(5476/എൻ/2015/കെ.എസ്.എഎച്ച്.ഒ തീയതി: 09.11.2015) ഉദാ: ഗുണഭോക്തൃലിസ്റ്റിൽ 1-ാമത്തെ നമ്പരുള്ള രാധാ വത്സലൻ എന്ന ഗുണഭോക്താവിന് തുക അനുവദിക്കുകയോ ടിയാന്റെ സമ്മതം നേടുകയോ ചെയ്യാതെയാണ് 2 ാമത്തെ ഗുണഭോക്താവിന് തുക അനുവദിച്ചത്.

2) വീട് നിർമാണത്തിന് തുക അനുവദിച്ചതിൽ താഴെ പറയുന്ന അപാകതകൾ ഉണ്ട്

| ക്രമനം | ഗുണഭോക്തൃലിസ്റ്റിലെ നമ്പർ | ഗുണഭോക്താവിന്റെ പേര് | ആകെ അനുവദിച്ച തുക | 2017-18 വർഷം അനുവദിച്ച തുക/ തീയതി | അപാകതകൾ |
|---|---|---|---|---|---|
| 1 | 122 | അനുഷ, കസബ ബീച്ച് | 300000 | 120000/-4.10.2017 | 1)മേൽ ജി .ഒ. ഖണ്ഡിക 6(2)പ്രകാരം വീടുകൾ നിർമ്മിക്കുന്നതിന് കുറഞ്ഞ സ്ഥലവിസ്തൃതി ഒരു സെന്റായി നിജപ്പെടുത്തിയിരുന്നു.എന്നാൽ ടിയാരിക്ക് 0.03ആർ (0.0741സെന്റ് ) മാത്രമേ ടാക്സ് രസീത് പ്രകാരം ഉള്ളൂ. 2)നിർമ്മാണം നടക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥത തെളിയിക്കുന്ന ആധാരത്തിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടില്ല. 3)സ്റ്റേജ് സർട്ടിഫിക്കറ്റ് ഹാജരാക്കാതെയാണ് വിവിധ ഘട്ടങ്ങളിൽ തുകകൾ വിതരണം ചെയ്തത് |
| 2 | 51 | കരഞ്ഞ നെൽക്കല കോളനി | 150000 | 120000/-6/10/2017 | 1)ബിൽഡിംഗ് പെർമ്മിറ്റ് പി ഡബ്ല്യ2/ബിഎ/13193/2017 പ്രകാരം റസിഡൻഷ്യൽ കെട്ടിടത്തിന്റെ സ്ഥലത്തിന്റെ വിസ്തീർണ്ണം 0.05 ആർ മാത്രമേ ഉള്ളൂ. ഒരു സെന്റ് ഇല്ല എന്നത് പോരായ്മയാണ് |

| | | | | | |
|---|---|---|---|---|---|
| | | | | | 2) സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന ആധാരം ലഭ്യമാക്കിയിട്ടില്ല |
| 3 | 95 | പുരുഷോത്തമൻ,രേവതി | 300000 | 120000/-8/11/2017 | 1)കെട്ടിടം നിൽക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം 0.05ആർ (0.1235സെന്റ് ) മാത്രമാണ് നികുതി രസീത് പ്രകാരമുള്ളത് . ഒരു സെന്റ് വേണമെന്ന നിയമം പാലിച്ചിട്ടില്ല<br>2)സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന ആധാരത്തിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടില്ല |
| 4 | 35 | ഉദയകുമാർ ബൈപാസ് കോമ്പൗണ്ട് | 300000 | 120000/ 30/10/2017 | 1)മേൽപറഞ്ഞ ജിഒ അനുസരിച്ച് (1222/16/തസ്വഭവ തീയതി 8/3/16) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥൻ പുരുഷനാണെങ്കിൽ കുടുംബത്തിലെ വനിതാ അംഗത്തിന് കൂടി ഉടമസ്ഥത നല്കുന്ന സമ്മതപത്രം (നോട്ടറി അറ്റസ്റ്റ് )വേണമെന്ന നിയമം പാലിച്ചിട്ടില്ല.<br>2) സ്ഥലത്തിന്റെ ഉടമസ്ഥത തെളിയിക്കുന്ന കൈവശാവകാശ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല |

മേൽപ്പറഞ്ഞ ഗുണഭോക്താക്കൾക്ക് ഗഡുക്കളായി 10,50,000/- രൂപ വിവിധ ഘട്ടങ്ങളിലായി ചെലവഴിച്ചിട്ടുണ്ട്. ഒരു സെന്റ് ഭൂമിയെങ്കിലും വേണമെന്ന പി.എം.എ.വൈ യുടെ പ്രധാനപ്പെട്ട നിബന്ധന പാലിക്കാതെയാണ് ക്രമ നം.1, 2, 3 എന്നീ ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്തത്. ഗുണഭോക്താക്കൾക്ക് തുക അനുവദിച്ചതിലുണ്ടായ അപാകതകൾക്ക് ഹെൽത്ത് സൂപ്പർവൈസർ നൽകിയ മറുപടി തൃപ്തികരമല്ല. (എൻക്വയറി നം.52/17-18 തീയതി : 30.11.18) ആയതിനാൽ ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു. മുൻഗണനാക്രമം തെറ്റിച്ചും അർഹതാ മാനദണ്ഡം പാലിക്കാതെയും പദ്ധതി നടപ്പിലാക്കിയത് അന്വേഷണവിധേയമാക്കേണ്ടതാണ്. ആയത് നഗരസഭ കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-31 ദേശീയ ഉപജീവന മിഷൻ - തെരുവ് കച്ചവടക്കാരുടെ പുനരധിവാസം : പദ്ധതി രൂപരേഖയ്ക്ക് അംഗീകാരം ലഭ്യമാകുന്നതിൽ കാലതാമസം

ഫയൽ : പി.എച്ച്.3-16086/15

അടങ്കൽ : 36,25,000/-

നഗരദാരിദ്ര്യം ലഘൂകരിക്കുന്നതിനും നഗരത്തിലെ പാവപ്പെട്ടവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും കേന്ദ്രസർക്കാർ ആവിഷ്കരിച്ച പദ്ധതിയായ ദേശീയ നഗര ഉപജീവന മിഷൻ കേരളത്തിൽ നടപ്പാക്കുന്നതിന്റെ ഭാഗമായി കാസറഗോഡ് നഗരസഭയിൽ തെരുവോര കച്ചവടക്കാരെ പുനരധിവസിപ്പിക്കാനുള്ള ഒന്നാംഘട്ട പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിരിക്കുകയാണ്. ഇതിന്റെ ആദ്യപടിയായി തെരുവോര കച്ചവടക്കാരുടെ സർവ്വേ നടത്തുകയും 193 തെരുവ് കച്ചവടക്കാരുടെ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. സർവ്വേ നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമല്ല. . നഗരത്തിലെ 119 തെരുവ് കച്ചവടക്കാർക്ക് പരിശീലനവും തിരിച്ചറിയൽ കാർഡ് വിതരണവും നടത്തിയിട്ടുണ്ട്. ഒന്നാംഘട്ടത്തിൽ നഗരത്തിലെ ഒരു പ്രത്യേക പ്രദേശത്തെ കച്ചവടക്കാരെ പുനരധിവസിപ്പിക്കുന്നതിനായി സ്ഥലം കണ്ടെത്തുകയും ആയതിന് കൗൺസിൽ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് പുനരധിവാസകേന്ദ്രം സ്ഥാപിക്കുന്നതിനുള്ള വിശദമായ രൂപരേഖ ക്വട്ടേഷൻ വ്യവസ്ഥയിൽ തെരഞ്ഞെടുക്കപ്പെട്ട ഏജൻസി തയ്യാറാക്കുകയും 30.10.17 ന് ഭരണസമിതി അംഗീകരിക്കുകയും വിശദമായ രൂപരേഖ 07.11.17 ന് അംഗീകാരത്തിനായി സംസ്ഥാന മിഷന് അയക്കുകയും ചെയ്തിട്ടുണ്ട്. ദേശീയ നഗര ഉപജീവന മിഷൻ മാർഗരേഖ പ്രകാരം പദ്ധതിരേഖ സംസ്ഥാന മിഷന്റെയും അതുവഴി ദേശീയ മിഷന്റെയും അംഗീകാരത്തിന് വിധേയമാക്കേണ്ടതാണ്. അംഗീകാരം

ലഭിച്ചതിനുശേഷം മാത്രമാണ് തുടർ പ്രവർത്തനങ്ങൾ നടത്താവുന്നത്. എന്നാൽ 08.11.17 ന് സംസ്ഥാന മിഷന് അയച്ചിട്ടുള്ള പദ്ധതിരേഖയ്ക്ക് ഇതുവരെയും അനുമതി ലഭിച്ചിട്ടില്ല. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം(നം. 41/17-18 തീയതി12/11/18) നൽകിയതിന് 02.02.2019 ന് ലഭ്യമാക്കിയ മറുപടിയിൽ (എ2-6682/18) പുനരധിവാസ കേന്ദ്രത്തിന്റെ പ്രൊപ്പോസൽ 10.10.2018 ന് സംസ്ഥാന മിഷൻ അംഗീകരിച്ചിട്ടുണ്ടെന്നും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് 08.11.2018 ന് മുനിസിപ്പൽ എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

# 3-32 തെരുവോര കച്ചവട പുനരധിവസം -രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ തെരുവോര കച്ചവടക്കാരിൽ നിന്നും ഈടാക്കിയ തുക നഗരസഭ ഫണ്ടിലൊടുക്കാതെ ചെലവ് നടത്തിയത് ചട്ടവിരുദ്ധം. വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

നഗരസഭയിൽ തെരുവോര കച്ചവടക്കാരെ പുനരധിവസിപ്പിക്കാനുള്ള ഒന്നാംഘട്ട പ്രവർത്തനത്തിന്റെ ഭാഗമായി 30.10.17 ന് നടത്തിയ തിരിച്ചറിയൽ കാർഡ് വിതരണത്തിനുള്ള രജിസ്ട്രേഷന് ഓരോ തെരുവ് കച്ചവടക്കാരനിൽ നിന്നും 50 രൂപ നിരക്കിൽ 110 പേരിൽ നിന്നും 5,500/- രൂപ രജിസ്ട്രേഷൻ ഫീ ഇനത്തിൽ ഈടാക്കിയതായും ആയത് നഗരസഭാ ഫണ്ടിൽ ഒടുക്കുവാൻ വൈകിയതായും ഫയലിൽ നിന്ന് വ്യക്തമായിട്ടുണ്ട്. രജിസ്ട്രേഷൻ ഫീ ഇനത്തിൽ ഈടാക്കിയ തുക ഫണ്ടിൽ ഒടുക്കാതെ കൈയിൽ സൂക്ഷിച്ച് തിരിച്ചറിയൽ കാർഡ് വിതരണത്തിന് ചെലവ് ചെയ്തതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വരവ് വന്ന തുക നേരിട്ട് ചെലവഴിക്കുന്നത് നഗരസഭ അക്കൗണ്ട്സ് ചട്ടങ്ങളുടെ ലംഘനമാണ്. ടി തുക 29.01.18 ന് മാത്രമാണ് നഗരസഭാ ഫണ്ടിൽ ഒടുക്കിയിട്ടുള്ളത്. നഗരസഭാ ഫണ്ടിലേക്ക് ഒടുക്കുന്നതിനായുള്ള അനുവാദം നൽകുവാൻ അപേക്ഷിച്ചപ്പോൾ മാത്രമാണ് നഗരസഭാധികൃതരുടെ ശ്രദ്ധയിൽ തുക വരവ് വന്നിട്ടുള്ള കാര്യം അറിവായിട്ടുള്ളത് എന്ന് വ്യക്തമാണ്. രജിസ്ട്രേഷൻ ഫീ ഈടാക്കുന്നത് സംബന്ധിച്ച കൗൺസിൽ തീരുമാനത്തിന്റെ വിവരവും ലഭ്യമാക്കിയിട്ടില്ല. വരവ് തുക വൈകി ഒടുക്കുവാനുണ്ടായ സാഹചര്യം വിശദീകരിക്കുന്നതിനു നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം.41/17-18 തീയതി : 12.11.18) ലഭ്യമാക്കിയ മറുപടിയിൽ തിരിച്ചറിയൽ കാർഡിന് 50/-രൂപ വീതം ഈടാക്കുന്നതിന് തെരുവ് കച്ചവട സമിതിയോഗം 21.12.2016 ന് തീരുമാനിച്ചിട്ടുണ്ടെന്നാണ് അറിയിച്ചത്. നഗരസഭാ ഫണ്ടിൽ ഒടുക്കിയതിനു ശേഷം മാത്രമേ തുക ചെലവഴിക്കാൻ പാടുള്ളൂ എന്ന വിവരം NULM പദ്ധതി കൈകാര്യം ചെയ്ത താൽക്കാലിക ജീവനക്കാർക്ക് അറിവില്ലാത്തതിനാലും ഈ മേഖലയിൽ മുൻപരിചയം ഇല്ലാത്തവരായതിനാലുമാണ് ഫണ്ട് ഒടുക്കുന്നതിൽ വീഴ്ച ഉണ്ടായത് എന്നും വിശദീകരണം ലഭ്യമാക്കിയിട്ടുണ്ട്. പണം കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച നിബന്ധനകൾ ബോധ്യമുള്ള നഗരസഭ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലുണ്ടായ വീഴ്ചയായിട്ടാണ് ഓഡിറ്റ് വിലയിരുത്തുന്നത്. മേലിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

# 3-33 കുടിവെള്ളവിതരണത്തിന് പ്രതിഫലം നൽകിയ തുകയിൽ നിന്ന് ആദായനികുതി കുറവ് ചെയ്തിട്ടില്ല

2017-18 സാമ്പത്തിക വർഷം നഗരസഭ പരിധിയിൽ വിവിധ വാർഡുകളിൽ ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം നടത്തിയതിന് 15,00,000/-രൂപ ഇ.ഐ.മൊഹമ്മദ് കോൺട്രാക്ടർക്ക് കൈമാറിയിട്ടുണ്ട്. വിശദ വിവരം ചുവടെ നൽകുന്നു.

| ബിൽ നം./ തീയതി | തുക | തുക നൽകിയ അക്കൗണ്ട് നമ്പർ |
|---|---|---|
| 31/2017-18/23.03.2018 | 15,00,000 (പ്രൊജക്റ്റ് നം.500/18) | 520101003705907 |

മേൽ തുക നൽകിയതിൽ ആദായനികുതി കുറവ് ചെയ്തിട്ടില്ല. സെക്ഷൻ 194 (c) ആദായ നികുതി ആക്ട് 1996 പ്രകാരം 1% ആയ 15,000/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി ആദായനികുതി ഓഫീസിൽ ഒടുക്കേണ്ടതാണ് .

കുടിവെള്ള വിതരണം എന്ന പ്രവൃത്തിയുടെ നടത്തിപ്പിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ W.S.P സബ് ഡിവിഷൻ കത്ത് നം.ഡി.2-1948/2010 തീയതി : 04.07.2017പ്രകാരം 20.04.2017 ൽ കാസറഗോഡ് പുഴയിൽ നീരോഴുക്ക് കുറഞ്ഞതിനെ തുടർന്ന് കുടിവെള്ള വിതരണം നിർത്തി വെയ്ക്കുകയും 27.05.2017 ൽ കുടിവെള്ള വിതരണം പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ടെന്ന് അറിയിച്ചു. എന്നാൽ കാസറഗോഡ് നഗരസഭ 2017 ജൂൺ 13 വരെ തുടർന്ന് നൽകിയതായും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി കുടിവെള്ള വിതരണം പുന:സ്ഥാപിച്ചതിനുശേഷവും കുടിവെള്ള വിതരണം നടത്തിയതിന്റെ കാരണം വ്യക്തമാക്കാൻ ശ്രീ.ഇ.ഐ.മുഹമ്മദ് എന്ന വ്യക്തി ടെണ്ടർ പ്രകാരം ഏറ്റെടുത്ത 27,66,400/- രൂപയുടെ ബില്ല് ഹാജരാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവ് അനുസരിച്ച് 15 ലക്ഷം രൂപ മാത്രമേ ചെലവഴിക്കാൻ അനുവാദമുള്ളൂവെങ്കിലും 27,66,400/-രൂപയുടെ ബില്ലുകൾ സമർപ്പിച്ചിട്ടുണ്ട്. ഇതിനുള്ള കാരണം

വിശദീകരിക്കാൻ ആവശ്യപ്പെട്ടുകോണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.55/17-18 തീയതി : 03.12.2018) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-34 ശുചിത്വമിഷൻ ഫണ്ടിൽ നിന്നും ചെലവഴിച്ച 627000/- രൂപയുടെ രേഖകൾ ഹാജരാക്കിയിട്ടില്ല : തുക തടസ്സപ്പെടുത്തുന്നു.

2017-18 വർഷത്തിൽ നഗരസഭയിൽ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് വേണ്ടി 33 വാർഡുകളിലേക്ക് 6,27,000/- രൂപ 586/7.10.17ാംനമ്പർ വൗച്ചർ പ്രകാരം ചെലവഴിച്ചിട്ടുണ്ട്. വിവിധ വാർഡുകളിൽ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയതിന്റെ റിപ്പോർട്ട്, ചെലവ് വൗച്ചർ, ചെയ്ത പ്രവൃത്തികൾ വ്യക്തമാക്കുന്ന രേഖകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഇത് സംബന്ധിച്ച നൽകിയ 54/17-18 നമ്പർ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവഴിച്ച 6,27,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-35 ജീവനക്കാരുടെ പെൻഷൻ വിഹിതം ഒടുക്കുന്നില്ല - പെൻഷൻ ഫണ്ട് ആരംഭിച്ചിട്ടില്ല

നഗരസഭയിലെ മുനിസിപ്പൽ ജീവനക്കാരുടെയും കണ്ടിജന്റ് ജീവനക്കാരുടെയും പെൻഷൻ വിഹിതം അതത് പെൻഷൻ ഫണ്ടിലേക്ക് 2017-18 ലും ഒടുക്കിയിട്ടില്ല. 1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം ഓരോ മുനിസിപ്പൽ ജീവനക്കാരന്റെയും മൊത്തം പ്രതിമാസ വേതനത്തിന്റെ 15% പെൻഷൻ വിഹിതമായി സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കേണ്ടതാണ്. ചട്ടം 8 പ്രകാരം പെൻഷൻ വിഹിതം അതാത് മാസത്തെ ശമ്പളബില്ലിനൊപ്പം മുനിസിപ്പൽ ഫണ്ടിൽ നിന്നും പിൻവലിച്ച് അതാത് മാസം 15-ാം തീയതിക്ക് മുമ്പ് സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് വരവ് വയ്ക്കുന്നതിനായി മുനിസിപ്പൽ ഡയറക്ടറുടെ പേരിൽ ഡിമാന്റ് ഡ്രാഫ്റ്റായി അയച്ചുകൊടുക്കേണ്ടതാണ്. എന്നാൽ കാസറഗോഡ് നഗരസഭയിൽ ഓഡിറ്റ് വർഷവും സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് ജീവനക്കാരുടെ പെൻഷൻ വിഹിതം ഒടുക്കിയിട്ടില്ല.

<u>കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് ആരംഭിച്ചിട്ടില്ല</u>

1997 ലെ കേരള മുനിസിപ്പൽ കണ്ടിജന്റ് എംപ്ലോയീസ് (ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം കണ്ടിജന്റ് ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനുവേണ്ടി ഓരോ മുനിസിപ്പാലിറ്റിയും തൊട്ടടുത്തുള്ള സർക്കാർ ട്രഷറി സേവിംഗ്സ് ബാങ്കിൽ മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് എന്ന പേരിൽ ഒരു പെൻഷൻ ഫണ്ട് ആരംഭിച്ച് കൈകാര്യം ചെയ്യേണ്ടതാണ്.

ഓരോ മാസവും ജീവനക്കാരുടെ ശമ്പളബില്ല് പാസാകുന്നതോടൊപ്പം ഓരോ കണ്ടിജന്റ് ജീവനക്കാരന്റെയും വേതനത്തിന്റെ പതിനഞ്ച് ശതമാനം വരുന്ന തുക മുനിസിപ്പൽ ഫണ്ടിൽ നിന്ന് പിൻവലിച്ച് പെൻഷൻ ഫണ്ടിൽ നിക്ഷേപിക്കേണ്ടതാണ്.

കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ വിഹിതം ഉൾപ്പെടെയുള്ള തുകയായിരിക്കും ശമ്പളബില്ലിന്റെ മൊത്തം തുക. ശമ്പളബില്ലിന്റെ മൊത്തം തുക ഒന്നായി പിൻവലിക്കേണ്ടതും ജീവനക്കാർക്ക് യഥാർത്ഥത്തിൽ നൽകേണ്ട തുക മാത്രമായി പിൻവലിക്കാൻ പാടില്ലാത്തതുമാണ്.

പെൻഷൻ ഫണ്ടിലെ തൽക്കാലം ആവശ്യമില്ലാത്ത പണം തൊട്ടടുത്തുള്ള സർക്കാർ ട്രഷറിയിൽ കൂടുതൽ പലിശ ലഭിക്കുന്നതിനുവേണ്ടി സ്ഥിരം ഡെപ്പോസിറ്റായി നിക്ഷേപിക്കാവുന്നതും, പലിശ പെൻഷൻ ഫണ്ടിൽ വകയിരുത്തേണ്ടതുമാണ്.

സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയില്ലാതെയും സർക്കാർ നിശ്ചയിച്ചേക്കാവുന്ന വ്യവസ്ഥകൾ പ്രകാരമല്ലാതെയും ഈ ചട്ടങ്ങൾ പ്രകാരം അധികാരപ്പെടുത്തിയിട്ടുള്ളതും അല്ലാത്തതുമായ മറ്റേതെങ്കിലും ആവശ്യത്തിന് പെൻഷൻ ഫണ്ട് ഉപയോഗിക്കാൻ പാടില്ലാത്തതാണ്.

എന്നാൽ കാസറഗോഡ് നഗരസഭയിൽ നാളിതുവരെ മേൽ വിവരിച്ച ചട്ടങ്ങൾ പ്രകാരമുള്ള കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് ആരംഭിച്ചിട്ടില്ല. ഇക്കാര്യം അടിയന്തിര തുടർ നടപടികൾക്കായി ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-36 പട്ടികജാതി കുടുംബങ്ങൾക്കുള്ള ഭവനപുനരുദ്ധാരണം പദ്ധതി (സ്പിൽ ഓവർ) നടപ്പാക്കിയതിൽ അപാകങ്ങൾ - ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രൊജക്റ്റിന്റെ പേര് | പട്ടികജാതി കുടുംബങ്ങളുടെ ഭവന പുനരുദ്ധാരണം ധനസഹായം (സ്പിൽ ഓവർ പദ്ധതി ) |
| പ്രൊജക്റ്റ് നം. | S0265/18 |
| ഫണ്ടിനം | വികസന ഫണ്ട് (എസ്.സി.പി) |
| | |

| | |
|---|---|
| അടങ്കൽ | 3 ലക്ഷം രൂപ |
| ആകെ ചെലവ് | 3 ലക്ഷം രൂപ |
| 2016-17 വർഷത്തെ ചെലവ് | 1,50,000/- രൂപ |
| 2017-18 വർഷത്തെ ചെലവ് | 1,50,000/- രൂപ<br>(ബിൽ നം.2/17-18 തീയതി : 31.10.17 - ₹50,000/-,<br>ബിൽ നം.16/17-18 തീയതി : 17.02.18 - ₹25,000/- ,<br>ബിൽ നം.17/17-18 തീയതി : 17.02.18 - ₹25,000/-<br>ബിൽ നം.27/17-18 തീയതി : 24.03.18 - ₹25,000/- ,<br>ബിൽ നം.36/17-18 തീയതി : 28.03.18 - ₹25,000/-) |

കാസറഗോഡ് നഗരസഭയിൽ 2016-17 വർഷം പട്ടികജാതി കുടുംബങ്ങളുടെ ഭവന പുനരുദ്ധാരണ ധനസഹായം പദ്ധതി (S0086/17) പ്രകാരം 6 ഗുണഭോക്താക്കൾക്ക് ആദ്യ ഗഡുവായി 2016-17 വർഷം 25,000/- രൂപ വീതവും 2017-18 വർഷം അവസാന ഗഡുവായി 25,000/- രൂപ വീതവും ധനസഹായം നൽകിയിട്ടുണ്ട്.

12-ാം പദ്ധതി (2016-17 വാർഷിക പദ്ധതി) മാർഗ്ഗരേഖ സ.ഉ(എം.എസ്) നമ്പർ. 4/2016/ ത.സ്വ.ഭ.വ തീയതി. 11.01.2016 പ്രകാരം ഗുണഭോക്താവുമായി നിർവഹണ ഉദ്യോഗസ്ഥൻ കരാറിൽ ഏർപ്പെട്ട ശേഷം 50% തുക മുൻകൂറായി നൽകാവുന്നതാണ്. എൽ.എസ്.ജി.ഡി എഞ്ചിനീയർ അളവെടുത്ത ശേഷമായിരിക്കണം സബ്സിഡി നിർണയിക്കേണ്ടത്. കൂടാതെ പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 12 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമേ ഈ ധനസഹായത്തിന് അർഹതയുള്ളൂ. മേൽ പദ്ധതിയുടെ ഗുണഭോക്താക്കളാരും തന്നെ എൽ.എസ്.ജി.ഡി എഞ്ചിനീയർ പരിശോധിച്ച്, മൂല്യനിർണയം നടത്തിയതിന്റെ സർട്ടിഫിക്കറ്റോ വീടിന്റെ കാലപ്പഴക്കം തെളിയിക്കുന്ന സർട്ടിഫിക്കറ്റോ ഹാജരാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.23/2017-18 തീയതി : 02.07.2018 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ പറഞ്ഞ കാരണങ്ങളാലും മറ്റ് കാരണങ്ങളാലും താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് 2017-18 വർഷം നൽകിയിരിക്കുന്ന 3 ലക്ഷം രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | നൽകിയ ധനസഹായം | തടസ്സപ്പെടുത്തുന്ന തുക | തുക തടസ്സപ്പെടുത്തുന്നതിനുള്ള കാരണം |
|---|---|---|---|---|
| 1 | സുശീല എ<br>ചെന്നിക്കര, നുള്ളിപ്പാടി | 50000/- | 50000/- | 1. ഗുണഭോക്തൃ ലിസ്റ്റിന്റെ മെയിൻ ലിസ്റ്റിൽ 6-ാം സ്ഥാനത്തുള്ള ശ്രീ.ദീപക് കുമാർ.എൻ-ന് ആനുകൂല്യം നൽകാതെ വെയിറ്റിംഗ് ലിസ്റ്റിൽ 1-ാം സ്ഥാനത്തുള്ള ശ്രീമതി.സുശീല.എ -യ്ക്ക് ആനുകൂല്യം നൽകി.<br>2. വീടിന്റെ കാലപ്പഴക്കം തെളിയിക്കുന്നതിനുള്ള സാക്ഷ്യപത്രം, മൂല്യനിർണയ സർട്ടിഫിക്കറ്റ്, ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. |
| 2 | കെ. നാരായണ<br>താളിപ്പടുപ്പ്, അടുക്കത്ത്ബയൽ | 50000/- | 50000/- | 1. പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 12 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമേ ധനസഹായത്തിന് അർഹതയുള്ളൂ. എന്നാൽ വീടിന്റെ കാലപ്പഴക്കം തെളിയിക്കുന്നതിനുള്ള കാസറഗോഡ് നഗരസഭ സെക്രട്ടറിയുടെ 18.01.2018 ലെ ആർ1/23030/17 നമ്പർ സാക്ഷ്യപത്രത്തിൽ ' 5 വർഷത്തിൽ കൂടുതൽ പഴക്കമുണ്ട് ' എന്നാണ് രേഖപ്പെടുത്തിയത്.<br>2. മൂല്യനിർണയ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.<br>3. കരാർ അപൂർണ്ണം. |
| 3 | വനജാക്ഷി<br>താളിപ്പടപ്പ്, അടുക്കത്ത്ബയൽ | 50000/- | 50000/- | 1. ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, വീടിന്റെ കാലപ്പഴക്കം തെളിയിക്കുന്നതിനുള്ള സാക്ഷ്യപത്രം, മൂല്യനിർണയ സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് , കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്, എസ്റ്റിമേറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. |
| 4 | ശ്രീ.ബാബു.എൻ<br>ഡോ. അംബേദ്കർ റോഡ്, നെല്ലിക്കുന്ന് | 50000/- | 50000/- | 1. ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, വീടിന്റെ കാലപ്പഴക്കം<br>തെളിയിക്കുന്നതിനുള്ള സാക്ഷ്യപത്രം, മൂല്യനിർണയ സർട്ടിഫിക്കറ്റ്, എസ്റ്റിമേറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല.<br>2. കരാർ അപൂർണ്ണം. |
| 5 | ഗിരിജ<br>കൊല്ലമ്പാടി, അണങ്കൂർ | 50000/- | 50000/- | 1. വീടിന്റെ കാലപ്പഴക്കം തെളിയിക്കുന്നതിനുള്ള സാക്ഷ്യപത്രം, മൂല്യനിർണയ സർട്ടിഫിക്കറ്റ്, എസ്റ്റിമേറ്റ്,<br>റേഷൻ കാർഡിന്റെ പകർപ്പ് എന്നിവ ഹാജരാക്കിയിട്ടില്ല. |

| | | | | |
|---|---|---|---|---|
| 6 | കമല<br>ചെന്നിക്കര, നള്ളിപ്പാടി | 50000/- | 50000/- | 1. വീടിന്റെ കാലപ്പഴക്കം തെളിയിക്കുന്നതിനുള്ള സാക്ഷ്യപത്രം, മൂല്യനിർണയ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല.<br>2. കരാർ അപൂർണ്ണം. |
| **ആകെ** | | **300000** | **300000** | |

രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

# 3-37 പട്ടികജാതി കുടുംബങ്ങളുടെ വീട് വൈദ്യുതീകരണം പദ്ധതി- മതിയായ രേഖകൾ ഹാജരാക്കാത്ത വ്യക്തികൾക്ക് ആനുകൂല്യം നൽകി - മാർഗരേഖകളുടെ ലംഘനം - തുക തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | പട്ടികജാതി കുടുംബങ്ങൾക്കുള്ള വീട് വൈദ്യുതീകരണം |
| പ്രൊജക്ട് നം. | S0424/18 |
| ഫണ്ടിനം | വികസന ഫണ്ട് (പൊതുവിഭാഗം സാധാരണ വിഹിതം) |
| അടങ്കൽ | 25,000/- |
| ചെലവ് | 25,000/-<br>ബിൽ നം.8/17-18 തീയതി : 19.01.18 - ₹10,000/- ,<br>ബിൽ നം.15/17-18 തീയതി : 17.02.18 - ₹2,500/-<br>ബിൽ നം.24/17-18 തീയതി : 28.02.18 - ₹10,000/-<br>ബിൽ നം.31/17-18 തീയതി : 24.03.18 - ₹2,500/-) |
| നിർവഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |

കാസറഗോഡ് നഗരസഭയിൽ 2017-18 വർഷം പട്ടികജാതി കുടുംബങ്ങൾക്കുള്ള വീട് വൈദ്യുതീകരണം പദ്ധതി നടപ്പിലാക്കി 5 ഗുണഭോക്താക്കൾക്ക് 5000/- രൂപ വീതം നൽകിയിട്ടുണ്ട്.

13 -ാം പദ്ധതി (2017-18 വാർഷിക പദ്ധതി) മാർഗരേഖ സ.ഉ(എം.എസ്) നമ്പർ. 80/2017/ത.സ്വ.ഭ.വ തീയതി. 03.04.2017 പ്രകാരം, വീട് വയറിംഗിന് പട്ടികജാതി വിഭാഗത്തിന് 5000/- രൂപ വരെ ധനസഹായം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി അനുവദിക്കാവുന്നതാണ്.

1. വരുമാന പരിധി 1,00,000/- രൂപയ്ക്ക് വിധേയമായി ബി.പി.എൽ ലിസ്റ്റിൽപ്പെട്ടവരോ അല്ലാത്തവരോ ആയിരിക്കണം.
2. മെയിൻ സ്വിച്ച്, എർത്തിംഗ് എന്നിവയ്ക്ക് പുറമെ കുറഞ്ഞത് 3 പോയിന്റ് വയറിംഗ് നടത്തണം. (ഓവർസീയർ സാക്ഷ്യപ്പെടുത്തണം).
3. കെ.എസ്.ഇ.ബിയിൽ ഡി.ഡി അടച്ച് രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കിയാൽ മാത്രമേ സബ്സിഡി തുക നൽകാവൂ.

മേൽ വിവരിച്ച മാനദണ്ഡങ്ങൾ പാലിക്കാതെയാണ് വീട് വയറിംഗിനുള്ള ധനസഹായം നൽകിയിട്ടുള്ളതെന്ന് കാണാൻ കഴിഞ്ഞു. മതിയായ രേഖകൾ ഹാജരാക്കാത്ത വ്യക്തികൾക്കാണ് ധനസഹായം നൽകിയിട്ടുള്ളത്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം | ഗുണഭോക്താക്കൾ | അനുവദിച്ച തുക | ഹാജരാക്കാത്ത രേഖകൾ | തടസ്സപ്പെടുത്തുന്ന തുക |
|---|---|---|---|---|
| 1 | ശ്രീ.അനിൽകുമാർ.കെ<br>കമല നിവാസ്, അറഫ റോഡ്,<br>അണങ്കൂർ | 5000/- | • വരുമാന സർട്ടിഫിക്കറ്റ്<br>• കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്<br>• കെ.എസ്.ഇ.ബിയിൽ ഡി.ഡി അടച്ച് രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്<br>• ഓവർസീയരുടെ സാക്ഷ്യപത്രം<br>• കരാർ അപൂർണ്ണം. | 5000/- |

| | | | | |
|---|---|---|---|---|
| 2 | ശ്രീമതി.പാർവ്വതി<br>അമേയകോളനി | 5000/- | • കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്<br>• ഓണർഷിപ്പ് സർട്ടിഫിക്കറ്റ്<br>• കെ.എസ്.ഇ.ബിയിൽ ഡി.ഡി അടച്ച് രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്<br>• ഓവർസീയരുടെ സാക്ഷ്യപത്രം<br>• കരാറിൽ ഏർപ്പെട്ടിട്ടില്ല. | 5000/- |
| 3 | ശ്രീമതി.സുശീല<br>ചെന്നിക്കര, നുള്ളിപ്പാടി | 5000/- | • കെ.എസ്.ഇ.ബിയിൽ ഡി.ഡി അടച്ച് രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്<br>• ഓവർസീയരുടെ സാക്ഷ്യപത്രം<br>• കരാറിൽ ഏർപ്പെട്ടിട്ടില്ല. | 5000/- |
| 4 | ശ്രീ.ഐത്തപ്പ<br>താളിപ്പടപ്പ്, അടുക്കത്ത് ബയൽ<br>കാസറഗോഡ് | 5000/- | • വരുമാന സർട്ടിഫിക്കറ്റ്<br>• കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്<br>• ഓവർസീയരുടെ സാക്ഷ്യപത്രം<br>• കരാറിൽ ഏർപ്പെട്ടിട്ടില്ല. | 5000 |
| 5 | ശ്രീമതി. ബേബി<br>അമേയകോളനി | 5000/- | • കെ.എസ്.ഇ.ബിയിൽ ഡി.ഡി അടച്ച് രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്<br>• ഓവർസീയരുടെ സാക്ഷ്യപത്രം<br>• കരാറിൽ ഏർപ്പെട്ടിട്ടില്ല. | 5000 |
| ആകെ | | 25,000/- | | 25,000/- |

മതിയായ രേഖകൾ ഹാജരാക്കാത്ത വ്യക്തികൾക്ക് ആനുകൂല്യം നൽകിയതിന് ഓഡിറ്റ് എൻക്വയറി നം. 21/2017-18 തീയതി : 04.07.2018 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കാരണങ്ങളാൽ പട്ടികജാതി കുടുംബങ്ങൾക്കുള്ള വീട് വൈദ്യുതീകരണം പദ്ധതിക്കായി ചെലവഴിച്ച 25,000/- രൂപ തടസ്സപ്പെടുത്തുന്നു.

# 3-38 പട്ടികജാതി കുടുംബങ്ങളുടെ ഭവന നിർമാണ ധനസഹായം - മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കി- 12,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു..

| | |
|---|---|
| പ്രൊജക്റ്റിന്റെ പേര് | : പട്ടികജാതി കുടുംബങ്ങളുടെ ഭവന നിർമാണ ധനസഹായം<br>(സ്പിൽ ഓവർ ) |
| പ്രൊജക്ട് നം. | S0085/17 |
| ഫണ്ടിനം | വികസന ഫണ്ട് (എസ്.സി.പി) |
| അടങ്കൽ | ₹12,00,000/- |
| ആകെ ചെലവ് | ₹12,00,000/- |
| 2016-17 വർഷത്തെ ചെലവ് | ₹ 4,80,000/- |
| 2017-18 വർഷത്തെ ചെലവ് | 7,20,000/- |
| നിർവഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |

കാസറഗോഡ് നഗരസഭയിൽ പട്ടികജാതി വികസന ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി 2016-17 വർഷം 12,00,000/-രൂപ വകയിരുത്തി നാല് പട്ടികജാതി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകാൻ പദ്ധതി ആരംഭിക്കുകയും (പ്രൊജക്ട് നം.S0085/17) ഒരു കുടുംബത്തിന് ആദ്യ ഗഡു 30,000/- രൂപ, രണ്ടാം ഗഡു 90,000/- രൂപ എന്നിങ്ങനെ നാല് കുടുംബങ്ങൾക്കായി 4,80,000/- രൂപ ടി വർഷം ചെലവഴിക്കുകയും, 2017-18 വർഷം സ്പിൽ ഓവർ പ്രൊജക്ടായി നടപ്പിലാക്കി 7,20,000/-രൂപ ചെലവഴിക്കുകയും ചെയ്തു.( മൂന്നാം ഗഡു 90,000/-, നാലാം ഗഡു 60,000/-, അഞ്ചാം ഗഡു 30,000/- രൂപ )

| ക്രമ.നം. | ഗുണഭോക്താവിന്റെ | അക്കൗണ്ട് നമ്പർ | 2017-18 ൽ നൽകിയ തുക, |
|---|---|---|---|

| | പേര് | | ബിൽ നമ്പർ, തീയതി |
|---|---|---|---|
| 1 | കെ. എ ചന്ദ്രകാന്ത്<br>എ.കെ. നിവാസ്<br>ഡോ. അംബേദ്കർ റോഡ്<br>നെല്ലിക്കുന്ന് | 20175117873 | 1) 90,000/-<br>(ബിൽ നം.07/17-18 തീയതി. 19.01.2018)<br>2) 60,000/-<br>(ബിൽ നം.22/17-18 തീയതി : 28.02.18 )<br>3) 30,000/-<br>(ബിൽ നം.29/17-18 തീയതി : 24.03.18 ) |
| 2 | സാവിത്രി<br>എ.സി.എസ് നിവാസ്<br>നെൽക്കള<br>വിദ്യാനഗർ | 32956095193 | 1) 90,000/-<br>(ബിൽ നം. 13/17-18 തീയതി. 17.02.2018)<br>2) 60,000/-<br>(ബിൽ നം.22/17-18 തീയതി : 28.02.18 )<br>3) 30,000/- (ബിൽ നം.29/17-18 തീയതി : 24.03.18 ) |
| 3 | കാവേരി<br>w/o പഞ്ചി<br>എം.ജി കോളനി<br>അണങ്കൂർ | 4290001700038969 | 1) 90,000/-<br>(ബിൽ നം. 01/17-18 തീയതി. 31.10.2017)<br>2) 60,000/-<br>(ബിൽ നം. 10/2017-18 തീയതി. 19.01.2018)<br>3) 30,000/-<br>(ബിൽ നം.14/17-17 തീയതി : 17.02.18) |
| 4 | കമല<br>w/o മുഡ്ഡ<br>എം.ജി കോളനി<br>അണങ്കൂർ | 0726101117281 | 1) 90,000/-<br>(ബിൽ നമ്പർ. 01/17-18 തീയതി. 31.10.2017)<br>2) 60,000/-<br>(ബിൽ നമ്പർ. 10/2017-18 തീയതി. 19.01.2018)<br>3) 30,000/-<br>(ബിൽ നം.14/17-17 തീയതി : 17.02.18) |

12-ാം പദ്ധതി (2016-17 വാർഷിക പദ്ധതി) മാർഗ്ഗരേഖ സ.ഉ.(എം.എസ്) നമ്പർ. 4/2016/ ത.സ്വ.ഭ.വ തീയതി. 11.01.2016 ലെ ഖണ്ഡിക 11.11 (1.സി) യിൽ എെ.എച്ച്.എസ്.ഡി.പി, പ്രധാൻ മന്ത്രി ആവാസ് യോജന എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികൾ പ്രകാരം നഗരഭരണ പ്രദേശങ്ങളിലെ മുഴുവൻ പേർക്കും വീട് ലഭ്യമാക്കാൻ കഴിയുമെന്നതിനാൽ സ്വന്തമായ ഭവന നിർമ്മാണ പ്രോജക്ടുകൾ നഗരഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കാൻ പാടില്ല എന്നും മേൽപ്പറഞ്ഞ കേന്ദ്രാവിഷ്കൃത പദ്ധതികൾ പ്രകാരം നഗരഭരണ സ്ഥാപനം വകയിരുത്തേണ്ട അധിക വിഹിതം വകയിരുത്തിയാൽ മതി എന്നും വ്യക്തമാക്കിയിട്ടുണ്ട്.

മാർഗ്ഗരേഖകൾക്ക് വിരുദ്ധമായി 2016-17 വർഷം ഭവന നിർമ്മാണ പദ്ധതി രൂപീകരിച്ച് തുക ചെലവഴിച്ചത് ഗുരുതരമായ വീഴ്ചയാണ്. മാർഗ്ഗരേഖകളുടെ ലംഘനം നഗരസഭാ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കുന്നു. ആയതിനാൽ മേൽ പദ്ധതിയുടെ 12,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 67/2017-18 തീയതി. 22.01.2019 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ പദ്ധതി നടപ്പാക്കിയതിലെ മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

**എ)** സ.ഉ (എം.എസ്) നം.362/2013/ത.സ്വ.ഭ.വ തീയതി. 16.11.2013 പ്രകാരം വീടിന്റെ തറവിസ്തീർണ്ണം 66m$^2$ -ൽ അധികരിക്കാൻ പാടില്ല. എന്നാൽ പദ്ധതിയുടെ ഗുണഭോക്താവായ ശ്രീ. കെ.എ. ചന്ദ്രകാന്ത്, എ.കെ. നിവാസ്, ഡോ. അംബേദ്കർ റോഡ്, നെല്ലിക്കുന്ന് എന്ന വ്യക്തിയുടെ വീട്ടിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ വീടിന് താഴത്തെ നിലയിൽ 70m$^2$, മുകളിലത്തെ

നിലയിൽ 70m$^2$ എന്നിങ്ങനെ ആകെ 140m$^2$ തറവിസ്തീർണ്ണമുണ്ടെന്ന് കാണാൻ കഴിഞ്ഞു. ആയതിൽ നിന്നും ധനസഹായത്തിന് അനർഹനായ വ്യക്തിയ്ക്കാണ് തുക നൽകിയതെന്ന് വ്യക്തമാണ്. സ്വന്തമായി ഭൂമിയുള്ള ഭവനരഹിതരായ പാവപ്പെട്ട നിരവധി പട്ടികജാതി കുടുംബങ്ങൾ നഗരസഭാ പരിധിയിൽ ഉണ്ടായിരിക്കെയാണ് അനർഹനായ വ്യക്തിക്ക് ആനുകൂല്യം നൽകിയത് എന്നത് ഗൗരവത്തിലെടുക്കേണ്ട വിഷയമാണ്.



]

ശ്രീ. കെ.എ ചന്ദ്രകാന്തിന്റെ നിർമ്മാണത്തിലിരിക്കുന്ന വീട്

**ബി)** ഭവന നിർമ്മാണത്തിന്റെ ഓരോ ഘട്ടത്തിലും വില്ലേജ് ഓഫീസർ പരിശോധിച്ച്, സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകിയാൽ മാത്രമേ ധനസഹായത്തിന്റെ ഗഡുക്കൾ നൽകാൻ പാടുള്ളൂ. ശ്രീ. കെ.എ ചന്ദ്രകാന്ത്, ശ്രീമതി. സാവിത്രി എന്നിവർ സ്റ്റേജ് സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയിട്ടില്ല. ശ്രീമതി.കാവേരി, ശ്രീമതി.കമല എന്നിവർ ഭവന നിർമ്മാണത്തിന്റെ ആദ്യ ഘട്ടത്തിലെ സ്റ്റേജ് സർട്ടിഫിക്കറ്റ് മാത്രമേ ഹാജരാക്കിയിട്ടുള്ളൂ. സ്റ്റേജ് സർട്ടിഫിക്കറ്റുകൾ ഹാജരാക്കാത്ത വ്യക്തികൾക്കാണ് നിർവഹണ ഉദ്യോഗസ്ഥൻ തുക കൈമാറിയത്. പൂർത്തീകരണ സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മാത്രമേ പദ്ധതിയുടെ അവസാന ഗഡു കൈമാറാൻ പാടുള്ളൂ. എന്നാൽ പദ്ധതിയുടെ ഗുണഭോക്താക്കളാരും തന്നെ പൂർത്തീകരണ സർട്ടിഫിക്കറ്റ് ഹജരാക്കുകയോ, വീടിന് നമ്പർ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ശ്രീമതി.കാവേരിയുമായി നിർവഹണ ഉദ്യോഗസ്ഥൻ കരാറിൽ ഏർപ്പെട്ടിട്ടില്ല. മേൽ വിവരിച്ചതിൽ നിന്നും, യാതൊരു മാനദണ്ഡങ്ങളും പാലിക്കാതെയാണ് നിർവഹണ ഉദ്യോഗസ്ഥൻ പദ്ധതി നടപ്പിലാക്കിയതെന്ന് വ്യക്തമാണ്. ആയത് നിർവഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നുള്ള ഗുരുതരമായ കൃത്യവിലോപമാണ്.

നിർവഹണ ഉദ്യോഗസ്ഥനായ പട്ടികജാതി വികസന ഓഫീസർ, നഗരസഭ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഓവർസീയർ എന്നിവരുമായി ചേർന്ന് നടത്തിയ സ്ഥല പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പ്രാദേശിക പരിശോധനയിൽ കണ്ടത്. |
|---|---|---|
| 1 | കെ.സി ചന്ദ്രകാന്ത്<br>എ.കെ. നിവാസ്<br>ഡോ. അംബേദ്കർ റോഡ്<br>നെല്ലിക്കുന്ന് | വീടിന് താഴത്തെ നിലയിൽ 70 m$^2$, മുകളിലത്തെ നിലയിൽ 70 m$^2$ എന്നിങ്ങനെ ആകെ 140 m$^2$ തറവിസ്തീർണ്ണം ഉണ്ട്. ജനൽ വെച്ചിട്ടുണ്ട്. വാതിൽ വെച്ചിട്ടില്ല. |
| 2 | സാവിത്രി<br>എ.സി.എസ് നിവാസ്<br>നെൽക്കള<br>വിദ്യാനഗർ | വീടിന്റെ മേൽക്കൂരയുടെ കോൺക്രീറ്റിംഗ് കഴിഞ്ഞു. വാതിൽ, ജനൽ എന്നിവ വെച്ചിട്ടില്ല. |
| 3 | കാവേരി<br>w/o പഞ്ചി<br>എം.ജി കോളനി<br>അണങ്കൂർ | വീടിന്റെ മേൽക്കൂരയുടെ കോൺക്രീറ്റിംഗ് കഴിഞ്ഞു. ജനൽ, വാതിൽ എന്നിവ വെച്ചിട്ടുണ്ട്. |
| 4 | കമല<br>w/o മുഡ്ഡ<br>എം.ജി കോളനി | വീടിന്റെ മേൽക്കൂരയുടെ കോൺക്രീറ്റിംഗ് കഴിഞ്ഞു. ജനൽ, വാതിൽ എന്നിവ വെച്ചിട്ടുണ്ട്. |

| | അണങ്കൂർ | |
|---|---|---|

# 3-39 പട്ടികജാതി കുടുംബങ്ങളുടെ വീട് വൈദ്യുതീകരണം - വയറിംഗ് പ്രവൃത്തി നടത്താത്ത വ്യക്തികൾക്ക് തുക നൽകി - 10000/- രൂപ നിരാകരിക്കുന്നു.

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | പട്ടികജാതി കുടുംബങ്ങൾക്കുള്ള വീട് വൈദ്യുതീകരണം |
| പ്രൊജക്ട് നം. | S0424/18 |
| ഫണ്ടിനം | വികസന ഫണ്ട് (പൊതുവിഭാഗം സാധാരണ വിഹിതം) |
| അടങ്കൽ | 25,000/- |
| ചെലവ് | 25,000/-<br>(ബിൽ നം.8/17-18 തീയതി : 19.01.18 - ₹10,000/- ,<br>ബിൽ നം.15/17-18 തീയതി : 17.02.18 - ₹2,500/-<br>ബിൽ നം.24/17-18 തീയതി : 28.02.18 - ₹10,000/-<br>ബിൽ നം.31/17-18 തീയതി : 24.03.18 - ₹2,500/-) |
| നിർവഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |

കാസറഗോഡ് നഗരസഭയിൽ 2017-18 വർഷം പട്ടികജാതി കുടുംബങ്ങൾക്കുള്ള വീട് വൈദ്യുതീകരണം പദ്ധതി നടപ്പിലാക്കി 5 ഗുണഭോക്താക്കൾക്ക് 5000/- രൂപ വീതം നൽകിയിട്ടുണ്ട്.

| ക്രമ. നം | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക |
|---|---|---|
| 1 | ശ്രീ.അനിൽകുമാർ.കെ<br>കമല നിവാസ്, അറഫ റോഡ്,<br>അണങ്കൂർ | ആദ്യ ഗഡു - 2500/-<br>അവസാന ഗഡു - 2500/- |
| 2 | ശ്രീമതി.പാർവ്വതി<br>അമേയകോളനി | ആദ്യ ഗഡു - 2500/-<br>അവസാന ഗഡു - 2500/- |
| 3 | ശ്രീമതി.സുശീല<br>ചെന്നിക്കര, നുള്ളിപ്പാടി | ആദ്യ ഗഡു - 2500/-<br>അവസാന ഗഡു - 2500/- |
| 4 | ശ്രീ.ഐത്തപ്പ<br>താളിപ്പടുപ്പ്, അടുക്കത്ത് ബയൽ<br>കാസറഗോഡ് | ആദ്യ ഗഡു - 2500/-<br>അവസാന ഗഡു - 2500/- |
| 5 | ശ്രീമതി. ബേബി<br>അമേയകോളനി | ആദ്യ ഗഡു - 2500/-<br>അവസാന ഗഡു - 2500/- |

13 -ാം പദ്ധതി (2017-18 വാർഷിക പദ്ധതി) മാർഗരേഖ സ.ഉ(എം.എസ്) നമ്പർ. 80/2017/ത.സ്വ.ഭ.വ തീയതി. 03.04.2017

പ്രകാരം, വീട് വയറിംഗിന് പട്ടികജാതി വിഭാഗത്തിന് 5,000/- രൂപ വരെ ധനസഹായം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി അനുവദിക്കാവുന്നതാണ്.

1. മെയിൻ സ്വിച്ച്, എർത്തിംഗ് എന്നിവയ്ക്ക് പുറമെ കുറഞ്ഞത് 3 പോയിന്റ് വയറിംഗ് നടത്തണം. (ഓവർസീയർ സാക്ഷ്യപ്പെടുത്തണം).
2. കെ.എസ്.ഇ.ബിയിൽ ഡി.ഡി അടച്ച് രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കിയാൽ മാത്രമേ സബ്സിഡി തുക നൽകാവൂ.

മേൽ മാനദണ്ഡങ്ങൾ പാലിക്കാതെയാണ് പദ്ധതി നടപ്പിലാക്കിയത്. പദ്ധതിയുടെ ഗുണഭോക്താക്കളാരും തന്നെ ഓവർസീയറുടെ സാക്ഷ്യപത്രവും കെ.എസ്.ഇ.ബിയിൽ ഡി.ഡി അടച്ച് രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഹാജരാക്കിയിട്ടില്ല.

26.06.2018, 29.06.2018 എന്നീ തീയതികളിൽ നടത്തിയ ഭൗതിക പരിശോധനയിൽ, പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളായ ശ്രീമതി.ബേബി, ശ്രീ,ഐത്തപ്പ എന്നിവരുടെ വീടുകളിൽ വയറിംഗ് നടത്തിയിട്ടില്ലെന്ന് ബോധ്യപ്പെട്ടു. വീടിന്റെ വയറിംഗ് നടത്താത്ത ടി വ്യക്തികൾക്ക് മുഴുവൻ തുകയും നൽകിയതിനുള്ള കാരണം വ്യക്തമാക്കാൻ ഓഡിറ്റ് എൻക്വയറി നം. 21/2017-18 തീയതി : 04.07.2018 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിക്കാതെ, വീടിന്റെ വയറിംഗ് നടത്താതെ മുഴുവൻ തുകയും നൽകിയതിനാൽ ശ്രീ. ഐത്തപ്പ, ശ്രീമതി. ബേബി എന്നിവർക്ക് നൽകിയ ആകെ തുകയായ 10,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

# 3-40 മരാമത്ത് പ്രവൃത്തി - പൂർത്തീകരണത്തിലെ അപാകത – തുടർനടപടി സംബന്ധിച്ച വിവരം ലഭ്യമല്ല

| | |
|---|---|
| പ്രൊജക്ട് നം. | 315/17-18 |
| പ്രൊജക്ട് | ഇംപ്രൂവ്മെന്റ് ഓഫ് ഫുട്പാത്ത് ഇൻ ഡ്രെയിൻ കവറിംഗ് സ്ലാബ് കൊല്ലമ്പാടി റോഡ് |
| അടങ്കൽ | 6,00,000/- |
| എം.ബുക്ക് | 225/15-16 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

2015-16 വർഷം ഡി.പി.സി അംഗീകാരം ലഭ്യമാക്കി ആരംഭിച്ച മേൽ പ്രൊജക്ടിന്റെ ഫൈനൽ ബിൽ തുക അനുവദിച്ചിട്ടുള്ളത് 2017-18 വർഷമാണ്. പ്രവൃത്തി ഏറ്റെടുത്ത് നടത്തിയിട്ടുള്ളത് കരാറുകാരനായ ശ്രീ.കെ.എ.ഷിഹാബുദ്ദീൻ എന്നയാളാണ്. 14.12.2015 ന് ആരംഭിച്ച പ്രവൃത്തിയുടെ കംപ്ലീഷൻ റിപ്പോർട്ട് പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച തീയതി 15.03.2016 ഉം എം.ബുക്കിൽ അളവ് രേഖപ്പെടുത്തിയ അവസാന തീയതി 03.07.2016 ഉം ആണ്. കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2113-ാം വകുപ്പ് പ്രകാരം അവസാനമായി അളവ് രേഖപ്പെടുത്തുന്ന തീയതിയാണ് പ്രവൃത്തി പൂർത്തീകരിച്ച തീയതിയായി കണക്കാക്കുന്നത്. എന്നാൽ ബില്ലിൽ നിന്നും ഫൈൻ ഇനത്തിൽ തുകയൊന്നും ഈടാക്കിയിട്ടില്ല. കരാറുകാരൻ പ്രവൃത്തി നടത്തിപ്പിൽ കൃത്രിമത്വം നടത്തി എന്നാരോപിച്ച് കൊല്ലമ്പാടി നിവാസികൾ നഗരസഭ സെക്രട്ടറിക്കും വിജിലൻസ് സർക്കിൾ ഇൻസ്പെക്ടർക്കും 03.02.2016 ന് പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ നഗരസഭ സ്വീകരിച്ച തുടർനടപടികൾ സംബന്ധിച്ച വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. മേൽ പ്രവൃത്തിയുടെ തുടർനടപടികൾ സംബന്ധിച്ച വിവരം ലഭ്യമാക്കാത്തതിനാൽ കരാറുകാരന് അനുവദിച്ച 4,07,352/-രൂപ തടസ്സപ്പെടുത്തുന്നു.

# 3-41 വാട്ടർ മീറ്ററുകൾ പ്രവർത്തനരഹിതമായതുകാരണം വെള്ളക്കരമിനത്തിൽ കൂടുതൽ തുക അടയ്ക്കേണ്ടതായി വരുന്നു.

കാസറഗോഡ് നഗരസഭയുടെ നിയന്ത്രണത്തിലുള്ള അങ്കണവാടികളിലെയും മറ്റ് സ്ഥാപനങ്ങളിലെയും വെള്ളക്കരം ഒടുക്കിയതിൻറ വൗച്ചർ പരിശോധിച്ചപ്പോൾ താഴെ കൊടുത്ത കൺസ്യൂമർ നമ്പറിലുള്ള വാട്ടർ മീറ്ററുകൾ പ്രവർത്തനരഹിതമാണ് എന്ന് കണ്ടു. വിശദവിവരം താഴെ കൊടുക്കുന്നു.

| കൺസ്യൂമർ നമ്പർ | സ്ഥലം |
|---|---|

| | |
|---|---|
| 4241107912 | അങ്കണവാടി കൊറക്കോട് |
| 4241107957 | അങ്കണവാടി നമ്പർ 264 |
| 4241108067 | അങ്കണവാടി കണക്ഷൻ |
| 4241107959 | അങ്കണവാടി നമ്പർ 182 |
| 4241107960 | അങ്കണവാടി നമ്പർ 181 |
| 4241107849 | അങ്കണവാടി ചെന്നിക്കര |
| 4241107758 | അങ്കണവാടി നം.183 , ചാല. വിദ്യാനഗർ |

വാട്ടർ മീറ്ററുകൾ പ്രവർത്തനരഹിതമായതുകാരണം കൂടുതൽ തുക വെള്ളക്കരമിനത്തിൽ അടക്കേണ്ടതായി വരുന്നുണ്ട്. പ്രവർത്തനരഹിതമായ മേൽപറഞ്ഞ കണസ്യൂമർ നമ്പറിലുള്ള വാട്ടർ മീറ്ററുകൾ മാറ്റാനുള്ള നടപടിയെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുന്നതിന നൽകിയ ഓഡിറ്റ് അന്വേഷണത്തിന (നം. 37/17-18 29/10/18) മറുപടി ലഭ്യമാക്കിയിട്ടില്ല. വാട്ടർ മീറ്ററുകൾ പ്രവർത്തനസജ്ജമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# 3-42 മാലിന്യ സംസ്കരണം – അവലോകനം

കാസറഗോഡ് നഗരസഭയിൽ താൽക്കാലിക മാലിന്യ ശേഖരണ സംവിധാനം നഗരസഭ ഒരുക്കിയിട്ടില്ല. പൊതുജനങ്ങൾ രാത്രികാലങ്ങളിൽ തുറസ്സായ സ്ഥലത്ത് മാലിന്യങ്ങൾ റോഡരികിൽ നിക്ഷേപിക്കുന്നുണ്ട്. ഖരമാലിന്യ സംസ്കരണ ചട്ടം 2016 പ്രകാരമുള്ള നടപടികൾ പൂർത്തിയാക്കിയിട്ടില്ല.

കാസറഗോഡ് നഗരസഭയിൽ മാലിന്യ സംസ്കരണത്തിന് യഥാവിധമായ പ്രാധാന്യം നൽകുന്നില്ല. മാലിന്യം സ്രോതസ്സിൽ തന്നെ വേർതിരിച്ച് സംസ്കരിക്കുന്ന പരിപാടി ആരംഭിച്ചിട്ടില്ല. സമൂഹത്തിലെ വിവിധ ജനവിഭാഗങ്ങൾക്ക് ഇതു സംബന്ധിച്ച് ക്ലാസുകൾ നൽകിയിട്ടുണ്ട്. ജൈവ, അജൈവ, ഇ-മാലിന്യങ്ങൾ എന്നിവ തരംതിരിച്ച് ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനുമുള്ള സംവിധാനം കാസറഗോഡ് നഗരസഭ ഒരുക്കിയിട്ടില്ല.

നിലിവൽ കമ്പോസ്റ്റ് പ്രവർത്തനം സി.പി.സി.ബി. മാനദണ്ഡ പ്രകാരമല്ല നടത്തുന്നത്. ഹോട്ടലുകൾ, കോഴിക്കടകൾ എന്നിവകളിലെ മാലിന്യങ്ങൾ പന്നിഫാമിലും ജൈവവള യൂണിറ്റിലും വ്യാപാരികളുടെ ചെലവിലെത്തിച്ച് സംസ്കരിക്കുകയാണ്.

മാലിന്യങ്ങൾ മണ്ണിട്ട് മൂടുന്നതിന് കാസറഗോഡ് നഗരസഭയ്ക്ക് കീഴിലുള്ള സ്ഥലങ്ങളിൽ പൊതുജന പ്രക്ഷോഭം കാരണം പ്രവർത്തനം അവസാനിപ്പിച്ചു. ഖരമാലിന്യ സംസ്കരണം നിയമം 2016, പ്ലാസ്റ്റിക് മാലിന്യ സംസ്കരണ ചട്ടങ്ങൾ 2016, 2016 ലെ ബയോമെഡിക്കൽ റൂൾ മുതലായവ കാസറഗോഡ് നഗരസഭയിൽ പാലിക്കുന്നില്ല.

മധൂർ ഗ്രാമപഞ്ചായത്തിലെ കൊല്ലങ്കാനയിലെ 546 ഏക്കർ സ്ഥലത്ത് സ്ഥാപിക്കാനുദ്ദേശിച്ച മാലിന്യ സംസ്കരണ പ്ലാന്റ്, മധൂർ ഗ്രാമപഞ്ചായത്ത് നാളിതുവരെ സൈറ്റ് ക്ലിയറൻസ് നൽകാത്തതിനാൽ പ്രാവർത്തികമാക്കാൻ സാധിച്ചിട്ടില്ല.

27.12.2011 ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്) നം.323/2011/എൽ.എസ്.ജി.ഡി പ്രകാരമുള്ള പ്ലാസ്റ്റിക്കിന്റെ ഉൽപാദനം, ഉപയോഗം സംബന്ധിച്ചും 30 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് നിരോധനം സംബന്ധിച്ചും ശുചിത്വമിഷൻ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനായി 2009 ൽ നൽകിയ 41.26 ലക്ഷം രൂപയുടെ വിനിയോഗം സംബന്ധിച്ച് നൽകിയ കത്തിനും നഗരസഭ മറുപടി നൽകിയിട്ടില്ല.

അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിന് ഹരിതകർമ്മ സേന രൂപീകരിച്ച് പരിശീലനം നൽകിയിട്ടുണ്ട്. ഇവർ മുഖേന വീടുകളിൽ നിന്നും വ്യാപാരസ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നുണ്ട്. നഗരത്തിലെ മുഴുവൻ ആശുപത്രികളും പ്ലാസ്റ്റിക് മുക്ത പ്രദേശങ്ങളായി മാറ്റുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്. മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കുന്ന ആളുകളെ കണ്ടെത്തി പിഴ ഈടാക്കുന്നതുൾപ്പെടെയുള്ള ശിക്ഷാ നടപടികൾ ആരംഭിച്ചിട്ടില്ല. നഗരസഭയിൽ നിലവിൽ മാലിന്യ സംസ്കരണം യഥാവിധി നടന്നുവരുന്നില്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

# 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ

നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | നഗരസഭയുടെ വിവിധ വാർഡുകളിലേക്ക് കുടിവെള്ള സൗകര്യം ലഭ്യമാക്കുന്നതിനായി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിൽ തുക ഡോപ്പോസിറ്റ് ചെയ്യൽ | 10189/20.03.2017 101171/28.08.2017 | ₹54,28,011 | ₹54,28,011 | ഇല്ല |
| അസിസ്റ്റന്റ് എഞ്ചിനീയർ | നഗരസഭകളിലെ വിവിധ അങ്കണവാടികളിലെ കുടിവെള്ള പദ്ധതി | 1163591/13.03.18 | ₹10,00,000 | ₹10,00,000 | ഇല്ല |
| അസിസ്റ്റന്റ് എഞ്ചിനീയർ | നഗരസഭകളിലെ വിവിധ കോളനികളിൽ കുടിവെള്ള വിതരണം | 10191/13.03.2018 | ₹3,00,000 | ₹3,00,000 | ഇല്ല |
| അസിസ്റ്റന്റ് എഞ്ചിനീയർ | നഗരസഭയുടെ വിവിധ വാർഡുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് വേണ്ടിഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന് തുക നൽകൽ | 1300966902/ 01.02.2018 | 19,50,000 | ₹19,50,000 | ഇല്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ബസ് സ്റ്റാന്റ് നിർമ്മാണം. ഐ.ഡി.എസ്.എം.ടി | 1992-93 | 11,98,000 | 59,900 | 59,900 | 5840 | --- |
| ബസ് സ്റ്റാന്റ് നിർമ്മാണം. ഐ.ഡി.എസ്.എം.ടി | 1995-96 | 42,00,000 | 8,40,000 | 2,10,000 | 104727 | 6,30,000 |
| ആകെ | | | 899,900 | 2,69,900 | 110567 | 6,30,000 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹20,29,000 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | ₹20,29,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ₹11,000 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹20,18,000 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

| ക്രമ നം | നിക്ഷേപത്തിന്റെ വിവരം | തുക | റിമാർക്ക്സ് |
|---|---|---|---|
| 1 | ക്ലീൻ കേരള കമ്പനി (ഇക്വിറ്റി ഷെയർ) -2000 എണ്ണം @1000 (35501 മുതൽ 37500 വരെ) | 20,00,000 | 11,000 രൂപ തന്നാണ്ടിൽ പിൻവലിച്ചിട്ടുണ്ട് |
| 2 | കെ.യു.ആർ.ഡി.എഫ്.സി (ഇക്വിറ്റി ഷെയർ 290 എണ്ണം @ 100 (359241 മുതൽ 359530 വരെ) | 29,000 | |
| ആകെ | | ₹20,18,000 | |

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1,97,574 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2015-16 | 3.9 (2) | 11,211 | ബാബുനന്ദകുമാർ.പി.ടി അസിസ്റ്റന്റ് എഞ്ചിനീയർ | 01/117040103280/ 09.06.17 |
| 2014-15 | 3.1 | 16,423 | പി.കെ.നാരായണൻ എച്ച്.ഐ.ഗ്രേഡ് II | 5270/14.07.2017 |
| 2014-15 | 3.4-7 | 10,750 | ബാബുനന്ദകുമാർ.പി.ടി അസിസ്റ്റന്റ് എഞ്ചിനീയർ | 01/117040106945/ 03.08.17 |
| 2012-13 | 3.1 | 1,59,190 | എ.കെ.അബൂബക്കർ കോൺട്രാക്ടർ | 01/117040111901/ 13.10.17 |
| **ആകെ** | | **1,97,574** | | |

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 30 | 2005-06 | 3-24 | യു.പി.എ ഫണ്ട് ചെലവ് അപാകതകൾ | --- |

| | | | | | |
|---|---|---|---|---|---|
| 2012-13 | 3-2 | 2014-15 | 3-7 | ചെയ്യാത്ത പ്രവൃത്തിക്ക് പണം അനുവദിച്ചത് (പാങ്ങോട് അങ്കണവാടി അറ്റകുറ്റപ്പണി) | --- |
| 2011-12 & 2012-13 | 3-13 | 2014-15 | 4-1-11 | ഭവന പദ്ധതികൾ നടപ്പായില്ല – ആസ്തികൾ നിഷ്ക്രിയം | --- |
| 2014-15 | ഇല്ല | 2014-15 | 4-1-15 | നിഷ്ക്രിയാസ്തികൾ – ശ്മശാനം മുതൽ ആംബുലൻസ് വരെ | --- |
| 2009-10 | 3-7 | 2011-12 | 4-25 | തുക ലഭിച്ചിട്ടും ഖരമാലിന്യ യൂണിറ്റ് യാഥാർത്ഥ്യമായില്ല | --- |
| 2009-10 | ഇല്ല | 2011-12 | 2-3 | നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച | --- |

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

**(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക**

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടി\ യിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2012-13 | 3.1 (പാർട്ട്), 3.II (എ) (പാർട്ട്) 3.2 (പാർട്ട്) 3.5 (പാർട്ട്) | ശ്രീ.ബി.ആർ. ബാബുരാജ്, മുനിസിപ്പൽ എഞ്ചിനീയർ | നം. എൽ.എഫ് 6867/സ്പെ. സെൽ / സി.എസ്.സി/ എ2/16(1) തീ: 07.12.2017 | 1,43,096.50 | ---- | ---- | ---- | ---- | ---- | ---- | ---- |
| 2 | 2012-13 | 3.1 (പാർട്ട്), 3.II(എ) (പാർട്ട്) | ശ്രീ.പി.രാഗേഷ്, അസിസ്റ്റന്റ് എഞ്ചിനീയർ | നം..എൽ.എഫ് 6867/സ്പെ. സെൽ / സി.എസ്.സി / എ2/16(2) തീ:07.12.2017 | 1,16,634.00 | ---- | ---- | ---- | ---- | ---- | ---- | ---- |
| 3 | 2012-13 | 3.2 (പാർട്ട്) 3.5 (പാർട്ട്) | ശ്രീ.കെ.ബാബു അസിസ്റ്റന്റ് എഞ്ചിനീയർ | നം.എൽ.എഫ് .6867/സ്പെ. സെൽ / സിഎസ്.സി / എ2 /16(3) തീ:07.12.2017 | 26,461.50 | ---- | ---- | ---- | ---- | ---- | ---- | ---- |
| 4 | 2013-14 | 3.3 3.4 (എ) 3.4 (ബി) | ശ്രീ.കെ.ബാബു അസിസ്റ്റന്റ് എഞ്ചിനീയർ | നം.കെ.എസ്.എ-6868/ സ്പെ.. സെൽ / സ.എസ്.സി / എ2 / 16(3) തീ: 30.01.2018 | 60,486 | ---- | ---- | ---- | ---- | ---- | ---- | ---- |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | :₹26,01,71,084 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : ₹24,76,63,628 |
| വരവിനങ്ങളിലുള്ള നഷ്ടം | :₹14,12,950 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | :₹35,889 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | :₹1,36,04,918 |

**(ബി). നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-9 | ₹14,07,050 | ------ | ശ്രീ.സജികുമാർ.വി, സെക്രട്ടറി |
| 2-14 | ₹5,900 | ----- | ശ്രീ.ബിജു.ബി, ഹെൽത്ത് സൂപ്പർവൈസർ |
| 3-6 | ------ | ₹2,000 | ശ്രീ.ബാബു നന്ദകുമാർ.പി.ടി, അസിസ്റ്റന്റ് എഞ്ചിനീയർ |
| | ------ | ₹2,000 | ശ്രീ.കമലാക്ഷൻ പലേരി , അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-13 | ------ | ₹4,093 | ശ്രീ.ഗംഗാധരൻ, ഓവർസീയർ ഗ്രേഡ് II |
| 3-25 | ------ | ₹17,796 | ശ്രീ.സജികുമാർ.വി, സെക്രട്ടറി |
| 3-39 | ------ | ₹10,000 | ശ്രീ.ബഷീർ.പി.ബി, പട്ടികജാതി വികസന ഓഫീസർ |
| **ആകെ** | **₹14,12,950** | **₹35,889** | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | ₹1,91,258 | ₹63752<br>ശ്രീ.ശിശുപാലൻ, ഓവർസീയർ |
| | | ₹63753<br>ശ്രീ.ബാബുനന്ദകുമാർ.പി.ടി, അസിസ്റ്റന്റ് എഞ്ചിനീയർ ₹63753 |
| | | ₹63753<br>ശ്രീ.കെ.എം.ബാലകൃഷ്ണൻ, മുനിസിപ്പൽ എഞ്ചിനീയർ |

| | | |
|---|---|---|
| 3-2 | ₹27,00,000 | ₹13,50,000<br>ശ്രീ.ബാബുനന്ദകുമാർ.പി.ടി,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| | | ₹13,50,000<br>ശ്രീ.കമലാക്ഷൻ പലേരി ,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | ₹10,00,000 | ശ്രീ.നിധീഷ്.വി.എസ്,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | ₹3,00,000 | ശ്രീ.നിധീഷ്.വി.എസ്,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | ₹8,81,914 | ₹8,23,316<br>ശ്രീ.ബാബുനന്ദകുമാർ.പി.ടി,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| | | ₹18,398<br>ശ്രീ.ഗംഗാധരൻ, ഓവർസീയർ<br>ഗ്രേഡ് II |
| | | ₹40,200<br>ശ്രീ.നിധീഷ്.വി.എസ്,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-7 | ₹6,37,469 | ശ്രീ.നിധീഷ്.വി.എസ്,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-11 | ₹2,00,000 | ഡോ: പ്രശാന്ത് ,<br>ഹോമിയോ മെഡിക്കൽ<br>ഓഫീസർ |
| 3-12 | ₹6,27,994 | ഡോ:വിജയ,<br>ആയുർവേദ മെഡിക്കൽ<br>ഓഫീസർ |
| 3-18 | ₹5,50,000 | ശ്രീ.അജീഷ്.എ.ആർ,<br>ജെ.എച്ച്.ഐ, ഗ്രേഡ് 1 |
| 3-19 | ₹10,80,000 | ശ്രീ.അജീഷ്.എ.ആർ,<br>ജെ.എച്ച്.ഐ, ഗ്രേഡ് 1 |
| 3-20 | ₹5,00,000 | ശ്രീ.ബഷീർ.പി.ബി,<br>പട്ടികജാതി വികസന ഓഫീസർ |
| 3-21 | ₹75,000 | ശ്രീ.ബഷീർ.പി.ബി.,<br>പട്ടികജാതി വികസന ഓഫീസർ |
| 3-23 | ₹3,00,000 | ശ്രീ.ബഷീർ.പി.ബി,<br>പട്ടികജാതി വികസന ഓഫീസർ |
| 3-24 | ₹25,000 | ശ്രീ.ബഷീർ.പി.ബി.,<br>പട്ടികജാതി വികസന ഓഫീസർ |
| 3-27 | ₹8,69,483 | ശ്രീ.നിധീഷ്.വി.എസ്,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-28 | ₹4,64,800 | ശ്രീ.നിധീഷ്.വി.എസ്,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-30 | ₹10,50,000 | ₹5,25,000/-<br>ശ്രീ.അബ്ദുറഹിമാൻ.വി.പി,<br>ഹെൽത്ത് സൂപ്പർവൈസർ |
| | | ₹5,25,000/-<br>ശ്രീ.ബിജു.ബി, |

| | | |
|---|---|---|
| | | ഹെൽത്ത് സൂപ്പർവൈസർ |
| 3-34 | ₹6,27,000 | ശ്രീ.അബ്ദുറഹിമാൻ.വി.പി, ഹെൽത്ത് സൂപ്പർവൈസർ |
| 3-36 | ₹3,00,000 | ശ്രീ.ബഷീർ.പി.ബി., പട്ടികജാതി വികസന ഓഫീസർ |
| 3-37 | ₹25,000 | ശ്രീ.ബഷീർ.പി.ബി., പട്ടികജാതി വികസന ഓഫീസർ |
| 3-38 | ₹12,00,000 | ശ്രീ.ബഷീർ.പി.ബി., പട്ടികജാതി വികസന ഓഫീസർ |
| **ആകെ** | **₹1,36,04,918** | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-33 | ₹15,000 | ശ്രീ.സജികുമാർ.വി, സെക്രട്ടറി |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഖണ്ഡിക നമ്പർ: 2.1, 2.2, 2.3, 2.9, 2.12, 2.14, 3.1, 3.4, 3.7, 3.9,
3.14, 3.34

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സജികുമാർ.വി, സെക്രട്ടറി | സെക്രട്ടറി, കാസറഗോഡ് നഗരസഭ | ബി.എസ്.ഭവൻ, വെളിക്കോട് (പി.ഒ) ഊരൂട്ടമ്പലം, തിരുവനന്തപുരം |
| ശ്രീ.ബി.ബിജു.ഹെൽത്ത് സൂപ്പർവൈസർ | ഹെൽത്ത് സൂപ്പർവൈസർ, കൊല്ലം കോർപറേഷൻ | പോട്ടയിൽ വീട്, മണ്ണന്തല (പി.ഒ) തിരുവനന്തപുരം 695018 |
| ശ്രീ.ബാബു നന്ദകുമാർ.പി.ടി അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി, പെരിന്തൽമണ്ണ, സെക്ഷൻ- അങ്ങാടിപ്പുറം പഞ്ചായത്ത് | ശ്രീരാഗം, എളയൂർ ഇരുവെട്ടി (പി.ഒ) മലപ്പുറം |
| ശ്രീ.കമലാക്ഷൻ പാലേരി.സി അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി സബ് ഡിവിഷൻ കണ്ണൂർ | S/o.ദാമോദരൻ .പി പിലാങ്കു ഹൗസ് കണ്ടങ്കാളി (പി.ഒ) പയ്യന്നൂർ (വഴി) കണ്ണൂർ ജില്ല |
| ശ്രീ.നിധീഷ്.വി.എസ് അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ കൊച്ചി കോർപറേഷൻ | വല്ലെവെളിയിൽ ഹൗസ് സി.എം.സി - 26 ചേർത്തല (പി.ഒ) ആലപ്പുഴ |
| ശ്രീ.ഗംഗാധരൻ .ജി, ഗ്രേഡ് II | ഓവർസീയർ എൻമകജെ ഗ്രാമപഞ്ചായത്ത് | മാനടുക്ക ഹൗസ്, (പി.ഒ) മാനടുക്ക, ചെങ്കള (വഴി) കാസറഗോഡ് |
| ശ്രീ.പി.ബി.ബഷീർ, | പട്ടികജാതി വികസന | വികാസ് നഗർ, |

| | | |
|---|---|---|
| പട്ടികജാതി വികസന ഓഫീസർ | ഓഫീസർ, കാസറഗോഡ് | പുത്തിഗെ (പി.ഒ), കാസറഗോഡ് |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന തടസ്സങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | 1997-98 | LF-KSD3/506/99 dated : 01-10-1999 (expenditure) | 11 |
| 2 | 1997-98 | LF-KSD.5/649/2001 dated:30.03.2001 | 3 |
| 3 | 1998-99 | LF-KSD5/56/2001 dated :15-09-2001 (expenditure) | 9 |
| 4 | 1998-99 | LF-KSD8/529/2005 dated : 30-11-2006(Final) | 12 |
| 5 | 1999-00 | LF-KSD62/50/2010 dated: 01-06-2010 (Final) | 25 |
| 6 | 2000-01 | LF-KSD6/513/2009 dated 03-11-2009 | 23 |
| 7 | 2001-02 | LF-KSD6/514/2009 dated : 18-11-2009 | 16 |
| 8 | 2002-03 | LF-KSD8/875/2007 dated :20-11-2010/06-10-2009 | 30 |
| 9 | 2003-04 | LF-KM2/165/2013 dated : 21-04-2014 | 18 |
| 10 | 2004-05 | LF-KM2/94/2013 dated : 29-05-2014 | 21 |
| 11 | 2005-06 | KSA-KSM2/443/2009 dated : 25-03-2017 | 19 |
| 12 | 2006-07 | KSA-KSM2/06/2010 dated : 30-03-2017 | 24 |
| 13 | 2007-08 | LF-KM2/248/2010 dated : 15-03-2017 | 12 |
| 14 | 2008-09 | LF-KM2/74/2011 dated :18-03-2017 | 20 |
| 15 | 2009-10 | KSA-KSM2/219/2010 dated: 20-03-2017 | 14 |
| 16 | 2010-11 | KSA-KSM2/346/2015 dated : 22-04-2017 | 14 |
| 17 | 2011-12 | LF-KM2/54/2015 dated :17-03-2015 | 12 |
| 18 | 2012-13 | KSA-KSM2/231/2014 dated : 20-05-2017 | 16 |
| 19 | 2013-14 | KSA-KSM2/185/2015 dated : 14-07-2017 | 20 |
| 20 | 2014-15 | KSA-KSM2/302/2017 dated : 14-09-2017 | 37 |
| 21 | 2015-16 | KSA-KSM2/159/2016 dated : 08-06-2017 | 26 |
| 22 | 2016-17 | KSA-KSM2/360/2017 dated : 03-11-2017 | 36 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
നഗരസഭ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

# അനുബന്ധം -1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.കെ.എസ്.എം.2/47/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

നഗരസഭാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ് - 671 121
ഫോൺ : 04994-231260
ഇ-മെയിൽ *:mlksd.ksad@kerala.gov.in*
തീയതി :29.03.201

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ് 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 295-(4)-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും കാസറഗോഡ് ജില്ലയിലെ കാസറഗോഡ് നഗരസഭയുടെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 1-3 ലെ പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കാസറഗോഡ് നഗരസഭയുടെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

No.KSA-KSM 2/47/2019

Office of the Deputy Director
Kerala State Audit Department
Municipal Audit Office
Kasaragod – 671 121
Ph: 04994-231260
*Email: ml.ksd.ksad@kerala.gov.in*
Dated:29.03.2019

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Kasaragod Municipality in Kasaragod District for the year ended on 31.03.2018 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 295(4)of the Kerala Municipality Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Muncipalities.

In my opinion, the Financial Statements of Kasaragod Municipality for the year 2017-18 except the observations in para 1-3 of my Audit Report, properly presents the picture of income and expenditure.

Deputy Director
Kerala State Audit Department
MunicipalAudit Office, Kasaragod